# ആത്മീയ വിഭവങ്ങൾ

ജൂലായ് 2010

## പാസ്റ്ററൽ കെയർ & കൗൺസെലിംങ്




## ഉള്ളടക്കം


1. യേശു ശുശ്രൂഷയ്ക്കുള്ള നമ്മുടെ മാതൃക 3
ജോർജ്ജ് ഒ. വുഡ്
യേശുക്രിസ്തുവിന്റെ ശുശ്രൂഷാ മാതൃകയിൽ ഇടയ ശുശ്രൂഷയ്ക്ക് അനുപേ ക്ഷണീയമായ മൂന്നു കാര്യങ്ങൾ

2. ക്രിസ്തീയ കൗൺസെലിംഗിനെക്രിസ്തു കേന്ദ്രീകൃതമാക്കുന്നത് 7
പാസ്റ്ററൽ കൗൺസെലിംഗിൽ പരിശുദ്ധാത്മാവിന്റെ പങ്ക്
*റിച്ചാർഡ് ഡി. ഡോബിൻസ്*
ഏതൊരു യഥാർത്ഥ ക്രിസ്തീയ കൗൺസെലിഗും ക്രിസ്തു തന്റെ കൗൺ സെലിംഗ് ശുശ്രൂഷയുമായി എപ്രകാരമാണ് മുന്നോട്ടു പോയതെന്നു ള്ള സൂക്ഷ്മമായ അന്വേഷണം ഉൾക്കൊള്ളുന്നു

3. കാര്യക്ഷമനായ ക്രിസ്തീയ കൗൺസെലർ 11
*ഡൊണാൾഡ് എ. ലിച്ചി.*
ഫലപ്രദ്യനായ ഒരു പാസ്റ്ററൽ കൗൺസെലറിന്റെ സാമർത്ഥ്യങ്ങളും യോഗ്യതകളും എന്തൊക്കെയാണ് ?

4. അതീരാരോഗം, വേദന എന്നിവയാൽ ഭാരപ്പെടുന്നവർക്ക് പാസ്റ്ററൽ കൗൺസെലിംഗ് നൽകുന്നതിനുള്ള സമീപന മുറ 15
ഡൗഗ് വീഗന്റ്
സഭാവിശ്വാസികൾ പാസ്റ്ററുടെ അടുക്കൽ കൊണ്ടുവരുന്ന ആവശ്യങ്ങ ളിൽ തീരാരോഗം, വേദന എന്നിവയുള്ളവരെ പരിപാലിക്കുന്നതപോലെ യുള്ള ചില പ്രശ്നങ്ങൾ സങ്കീർണമായതും കൈകാര്യം ചെയ്യാൻ പ്രയാസ മുള്ളതായും കാണുന്നു.

5. സാങ്കേതികവും ഉപചാരപരമായതും പക്ഷാന്തരപരവുമായ ചികിത്സാസമീപനം 19
*ക്രിസ്റ്റിനാ എം. എച്ച്. പവൽ*

6. ഗിരോലാമോ സവനറോള 23
ഫ്ളോറൻസിന്റെ പ്രവാചകൻ
*വില്യം പി. ഫാർലെ*

7. തലമുറ ശാപത്തിന്റെ പാപങ്ങൾ 26
*തലമുറ ശാപത്തിന്റെ പാപങ്ങൾ*



Life Publishers International

ഒരിക്കൽ സാത്താൻ മനുഷ്യ ഹൃദയങ്ങളിൽ വിതക്കുവാനുള്ള വിത്ത് ഒരു പാത്രത്തിൽ നിറച്ചു വെച്ചതായി ഒരു കഥയുണ്ട്. മനഃക്ലേശത്തിന്റെ വിത്തുകൾ അത്യധികമായിരുന്നു. എന്തുകൊണ്ടെന്നാൽ അത് ഏതു സ്ഥലത്തും വിതയ്ക്കാമായിരുന്നു. ഈ മനഃക്ലേശത്തിന്റെ വിത്ത് വളരാൻ കഴിയാത്ത സ്ഥലം ഉണ്ടോ എന്ന് സാത്താനോട് ചോദിച്ചപ്പോൾ അവൻ വളരെ മടിയോടുകൂടെ ഉത്തരം പറഞ്ഞത് ഇങ്ങനെയാണ് - " ഒരു നന്ദിയുള്ള മനുഷ്യന്റെ ഹൃദയത്തിൽ."

145-ാം സങ്കീർത്തനം മുതൽ 150-ാം സങ്കീർതനം വരെയുള്ള അവസാന അഞ്ചു സങ്കീർത്തനങ്ങൾ തുടങ്ങുന്നതും ഒടുങ്ങുന്നതും ദൈവത്തിനു മഹത്വം എന്നർത്ഥമുള്ള ഹാലേലൂയ്യ എന്ന വാക്കോടെയാണ്. മറ്റ് സങ്കീർത്തനങ്ങളിലുള്ളതുപോലെ ഈ സങ്കീർത്തനങ്ങളിൽ ഒരു നിരാശയുടെ ഭാവം നമുക്കു കാണുവാൻ കഴിയുകയില്ല. വെളിപാട് പുസ്തകം പഠിക്കുന്നതുപോലെ വളരെ ശ്രദ്ധയോടുകൂടെയാണ് ഞാൻ ഈ സങ്കീർത്തനം ശ്രദ്ധിച്ചത്. ദിവസത്തിന്റെ അവസാനത്തിൽ ജീവിതത്തിന്റെ എല്ലാവശങ്ങളും പുനർവീക്ഷണം ചെയ്ത് നിത്യത ജീവിതത്തിന്റെ കിഴക്കെ ദിശയിൽ ഉദയസൂര്യൻ പോലെ ഉദിക്കുമ്പോൾ സ്തുതിയും നന്ദികരേറ്റലും മാത്രം അവശേഷിക്കുന്നു.

നാം ആര് എന്നുള്ളതുകൊണ്ടല്ല, ദൈവം ആര് എന്നുള്ളതുകൊണ്ടാണ് നാം നന്ദിയുള്ളവരായിരിക്കേണ്ടത്. അവിടുന്ന് തന്റെ വാക്കുകൾക്ക് വിലകൊടുക്കുന്നു.

**ജോർജ്ജ് ഒ. വുഡ്**

***നിങ്ങളുടെ ഹൃദയത്തിൽ ഒരു സങ്കീർത്തനം***


## Life Publishers International


© Copyright Life Publishers 2009


Published by Life Publishers, Springfield, Missouri USA


All rights reserved.


എൻറിച്ചുമെന്റ് ജേർണൽ ഇപ്പോൾ നിങ്ങൾക്ക് 12 ഭാഷകളിൽ ഓൺ ലൈനിൽ വായിക്കാവുന്നതാണ്. എൻറിച്ചുമെന്റ് ജേർണലിന്റെ വെബ് സൈറ്റിൽ ചെന്ന് യോജ്യമായ പതാകയിൽ ക്ലിക്ക് ചെയ്യുക. മലയാളം, തമിഴ്, ബംഗാളി, ഹിന്ദി,ഫ്രഞ്ച്, റഷ്യൻ, റുമേനിയൻ, ഹംഗേറിയൻ,ക്രൊയേഷൻ, ജർമ്മൻ, സ്പാനിഷ്, ഉക്രേനിയൻ, എന്നിങ്ങനെ 12 ഭാഷാ തെരഞ്ഞെടുപ്പുകൾ അവിടെ ലഭ്യമാണ്.

ഇങ്ങനെ നിങ്ങൾക്ക് ഓൺ ലൈനിൽ ജേർണലുകൾ വായിക്കുവാനും സൗകര്യാർത്ഥം ഡൗൺലോഡ് ചെയ്യുവാനും സാദ്ധ്യമാണ്.
കടുതൽ വിവരങ്ങൾക്ക് : http://www.enrichmentjournal.ag.org സന്ദർശിക്കുക.
EnrichmentJournal@lifePublishers.org. എന്ന ഈമെയിലിൽ ഞങ്ങളുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.



# യേശു
## ശുശ്രൂഷയ്ക്കുള്ള നമ്മുടെ മാതൃക

**ജോർജ്ജ് ഒ. വുഡ്**

***യേശുക്രിസ്തുവിന്റെ ശുശ്രൂഷാ മാതൃകയിൽ ഇടയശുശ്രൂഷയ്ക്ക് അനുപേക്ഷണീയമായ മൂന്നു കാര്യങ്ങൾ നമുക്ക് മാതൃകയായി കാണുവാൻ കഴിയും.***

നേതൃത്വത്തെക്കുറിച്ചുള്ള പുസ്തകങ്ങളും സെമിനാറുകളും ഇന്ന് പാസ്റ്ററന്മാർ അത്യധികം പ്രയോജനപ്പെടുത്തുന്നു. അത് നല്ലതു തന്നെ. ഒരു സംഘടനയോ അഥവാ ഒരു സഭയോ അതിന്റെ നേതാവിലുപരി വളരുകയില്ല. ഇക്കാര്യത്തിൽ നേതൃത്വവും ശുശ്രൂഷയും ഒരുപോലെയാണോ ? ശുശ്രൂഷയെ സംബന്ധിച്ചിടത്തോളം കുടുതൽ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളതാണ് എന്റെ ചിന്ത. ശുശ്രൂഷയ്ക്കുള്ള ഒരു മാതൃകയെ ഞാൻ തേടുമ്പോൾ പ്രഥമമായി എന്റെ ചിന്ത പോകുന്നത് യേശുവിങ്കലേക്കാണ്.

### അവിടുന്ന് എപ്രകാരം ശുശ്രൂഷിച്ചു?

അവിടുന്ന് എത്തരത്തിലുള്ള ഒരു ശുശ്രൂഷകനായിരുന്നു ? അവിടുന്ന് ഇടയശ്രേഷ്ഠനും ഞാൻ ഇടയനും ആയിരുന്നെങ്കിൽ ഞാൻ ഏതു തരത്തിലുള്ള ഒരു പാസ്റ്റർ ആയിരിക്കണം ? ഞാൻ അവിടുത്തെ കാൽച്ചുവട്

പിന്തുടരണമെങ്കിൽ അവിടുത്തെ ചുവടുവെപ്പുകൾ എന്തൊക്കെയായിരുന്നു ? യേശുക്രിസ്തുവിന്റെ ഇടയ മനസ്സിനെക്കുറിച്ച് മനസിലാക്കിത്തരുവാൻ അവിടുത്തെ ശുശ്രൂഷയിലെ ഒരു ചെറിയനിമിഷത്തെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തിത്തരുവാനാഗ്രഹിക്കുകയാണ് . യേശുക്രിസ്തുവിന്റെ ശുശ്രൂഷാമാതൃകയുടെ പൂർണമായ ഒരു അന്തസത്ത ഇതിലൂടെ എടുത്തു കാട്ടുവാൻ കഴിയുകയില്ലയെങ്കിലും അനുപേക്ഷണീയമായ മൂന്നു കാര്യങ്ങൾ ഇവിടെ നമുക്ക് മാതൃകയായി കാണുവാൻ കഴിയും. രക്തസ്രവകാരത്തിയായ സ്ത്രീയുടെ സംഭവമാണ് ഞാൻ ഉദാഹരണമായി എടുക്കുന്നത്.

## സമയം

ശുശ്രൂഷയെ കാര്യമായി എടുക്കുന്ന ആരും ആ ശുശ്രൂഷയിൽ വ്യാപൃതനായിരിക്കും. അനുദിനവും രാവിലെ മുതൽ വൈകിട്ടുവരെയുള്ള നമ്മുടെ കാര്യപരിപാടികൾ പ്രാർത്ഥന, പഠനം, അപ്പോയ്മെന്റുകൾ, ഫോൺ കോളുകൾ, മീറ്റിംഗുകൾ ഇങ്ങനെ നീളുന്നു. എന്റെ സഭ വളരുവാൻ തുടങ്ങിയപ്പോൾ ഞാൻ കൂടുതൽ ധൃതിയുള്ളവനായി തീർന്നു. എന്റെ വരങ്ങളിലും താല്പര്യങ്ങളിലും ഞാൻ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ തുടങ്ങി. എന്റെ സ്വന്തം അജണ്ഡ നിവർത്തിക്കുന്നതിനുവേണ്ടി ഞാൻ കൂടുതൽ സമയം ചെലവഴിച്ചു. എനിക്ക് ചെയ്യേണ്ട കാര്യങ്ങളുടെ ലിസ്റ്റുകൾ എപ്പോഴും അധികമായിരുന്നു. അത്യാവശ്യക്കാർക്കു മാത്രം ഇതിനിടയിൽ അല്പസമയം അനുവദിച്ചിരുന്നു. അതൊഴിച്ചാൽ ബാക്കിയുള്ള സമയങ്ങളൊക്കെത്തന്നെ ഞാൻ എന്റെ സ്വന്ത കാര്യങ്ങൾക്കായി ചെലവഴിച്ചു.

ആ മാതൃക ഫലപ്രദവും കഴിവുള്ളതുമായ ഒരു നേതൃത്വത്തിന്റെ അടയാളമാണ് - അതായത് നമ്മുടെ സ്വന്ത ബലത്തിൽ ശ്രദ്ധിച്ചുകൊണ്ട് ഉത്തരവാദിത്വങ്ങളെയും അധികാരങ്ങളെയും നിയോജനപ്പെടുത്തുന്നത്. നല്ല നേതാക്കൾ തങ്ങൾതന്നെ എല്ലാ കാര്യങ്ങളും ചെയ്തെടുക്കുവാൻ തുനിയുകഇല്ല എന്നുള്ളത് പുറപ്പാടു പുസ്തകം 18-ാം അദ്ധ്യായത്തിലെ യിത്രോ മാതൃകയാണ്. എഫെസ്യ ലേഖനം 4 -ാം അദ്ധ്യായം 11,12 നാം വായിക്കുമ്പോൾ ശുശ്രൂഷ നേതൃത്വമെന്നത് ഒരു ടീമിന്റെ പരിശീലകനെപ്പോലെയാണ് .

ഞാൻ പിന്നീട് ഒരു ഡിസ്ട്രികട് ലീഡർഷിപ്പിലേക്കു വന്നു. സഭാപ്രവർത്തനങ്ങളിൾക്ക് സഹായികളായിരുന്ന മുപ്പതുപേരോളം വിട്ടുപോയി. ഒടുവിൽ ഞാനും എന്റെ സെക്രട്ടറിയും ശേഷിച്ചു. പഴയതുപോലെ തന്നെ ചെയ്യേണ്ട കാര്യങ്ങളുടെ ലിസ്റ്റുമായി ഞാൻ ഓഫീസിലെത്തുമെങ്കിലും കാര്യങ്ങൾ വേണ്ടതുപോലെ ഭംഗിയായി മുന്നോട്ടു നീങ്ങിയില്ല. ഫോൺകോളുകൾ വന്നുകൊണ്ടിരുന്നു. അതോടൊപ്പം തന്നെ ആളുകളും വന്നുകൊണ്ടിരുന്നു.

എനിക്ക് തികച്ചും നിരാശതോന്നി. എന്റെ അജണ്ഡയുടെ അവർ സമയം എടുക്കുകയാണ് എന്ന് എനിക്കു തോന്നി. ഞാൻ അയക്കപ്പെട്ട അല്ലങ്കിൽ നിയോഗിക്കപ്പെട്ടതെന്തോ അതു ചെയ്തെടുക്കുവാൻ എനിക്കു കഴിയാതെ േപാകുന്നു. എന്റെ ധാർമ്മിക രോഷം വളരുവാൻ തുടങ്ങി.

എന്റെ ഒരു ചെങ്ങാതിയുടെ പ്രസംഗത്തിൽ നിന്നും യേശുവിന്റെ ശുശ്രൂഷയിലുണ്ടായ തടസ്സങ്ങൾ അദ്ദേഹത്തിന്റെ ശുശ്രൂഷ എത്രത്തോളം വർധിപ്പിച്ചുവെന്ന് എനിക്ക് മനസിലാക്കുവാൻ കഴിയും. അദ്ദേഹത്തിന്റെ പ്രസംഗം വളരെ ശ്രദ്ധിച്ചു. യേശുക്രിസ്തുവിന്റെ യാതൊരു അത്ഭുതങ്ങളും അവിടുത്തെ കാര്യനിർവഹണ പട്ടികയിൽ ഇല്ലായിരുന്നു. അവിടുന്ന് രാവിലെ എഴുന്നേറ്റ് പത്തു കുഷ്ഠരോഗികൾ , രണ്ട് കുരുടന്മാർ, ഒരു തളർവാത രോഗി, എന്നിവരെ കൂടാതെ ധാരാളം ഭൂതഗ്രസ്തയും സൗഖ്യമാക്കേണം എന്നു പറഞ്ഞില്ല.

അദ്ദേഹത്തിന്റെ ഉപദേശങ്ങളിലും ഇത് നമുക്കു കാണാമായിരുന്നു. യേശുവിന്റെ ഗിരിപ്രഭാഷണത്തിലും രാജ്യത്തെക്കുറിച്ചുള്ള ഉപമയിലും ഒരു സിദ്ധാന്തപരമായ സമീപനം നമുക്കു കാണുവാൻ കഴിയും. എന്റെ അയൽക്കാരനാണ് എന്നുള്ള ചോദ്യത്തിനു മറുപടിയായി നല്ല ശമര്യക്കാരന്റെ ഉപമ നമുക്കു ലഭിക്കുന്നത്. (ലൂക്കൊ. 10) പാപികളെ സ്വീകരിക്കുന്നതിന് വിരോധമായി പരീശന്മാരും ന്യായശാസ്ത്രിമാരും യേശുവിനോട് പിറുപിറുത്തിന്റെ പ്രതികരണമാണ് *കാണാതെ പോയ ആട്, കാണാതപോയ ദ്രഹ്മപണം,*

***യായിറോസിന്റെ ഭവനത്തിലേക്കുള്ള യാത്രാമദ്ധ്യേ രക്തസ്രവക്കാരത്തിയായ സ്ത്രീയോട് സമയമെടുത്ത് പ്രതികരിക്കുന്ന യേശുവിന്റെ മാതൃക തികച്ചും എടുത്തു പറയത്തക്ക ഒന്നാണ്.***



*ധൂർത്ത പുത്രൻ* എന്നീ ഉപമകൾ നമുക്ക് ലഭ്യമാണ്. യേശു തന്റെ ക്രമീകൃത സമയങ്ങളിൽ വ്യത്യാസമുണ്ടാക്കിയതുകൊണ്ടാണ് മത്തായിയുടെയും, സക്കായിയുടെയും ശിഷ്യത്ത്വത്തെക്കുറിച്ച് നമുക്ക് മനസിലാക്കുവാനും നിക്കോദെമോസുമായുള്ള സംഭാഷണത്തിലൂടെ പുതു ജനനത്തെക്കുറിച്ച് നമുക്ക് അറിയുവാനും ആരാധനയുടെ ഉപദേശം ശമര്യാക്കാരി സ്ത്രീയോടുള്ള സംഭാഷണത്തിലൂടെ നമുക്ക് ലഭിക്കുവാനും ഇടയായത്.

യായിറോസിന്റെ ഭവനത്തിലേക്കുള്ള യാത്രാമദ്ധ്യേ രക്തസ്രവക്കാരത്തിയായ സ്ത്രീയോട് സമയമെടുത്ത് പ്രതികരിക്കുന്ന യേശുവിന്റെ മാതൃക തികച്ചും എടുത്തു പറയത്തക്ക ഒന്നാണ്. യായിറോസിന്റെ പുത്രിക്ക് 12 വയസുണ്ട് എന്നു പത്രൊസ് പറയുന്നു. അതുപോലെതന്നെ ഈ രക്തസ്രവക്കാരത്തിയായ സ്ത്രീക്കും 12വർഷമായി ഇതേ നില തുടരുന്നു.

യേശുവിന്റെ കാര്യപരിപാടിക്ക് ഒരു വിഘ്നമായിരുന്നു യയിറോസിന്റെ അപേക്ഷ. യേശു തടാകത്തിന്റെ അക്കരെ എത്തുകയും അവനിടെ അനേകം ജനങ്ങൾ അദ്ദേഹത്തെ കാണുവാൻ ഒത്തുകൂടുകയും ചെയ്തു. നാം ജനക്കൂട്ടത്തിന് പ്രാധാന്യം നൽകണമെന്ന് നേതൃത്വം പറയുമ്പോൾ നാം ആവശ്യങ്ങൾക്ക് പ്രാധന്യം കൊടുക്കണമെന്ന് ശുശ്രൂഷ പറയുന്നു. അതുകൊണ്ട് യേശു ജനക്കൂട്ടത്തെ വിട്ട് യയിറോസിനോടൊപ്പം പോയി.

അങ്ങനെ അവിടുത്തെ കാര്യക്രമങ്ങളെ തടസ്സപ്പെടുത്തിക്കൊണ്ടുള്ള യാത്രയിൽ പിന്നെയും തടസ്സമുണ്ടായി. തിക്കിത്തിരക്കി വന്നുകൊണ്ടിരുന്ന ജനക്കൂട്ടങ്ങൾക്കു നടുവിലൂടെ വളരെ ബന്ധപ്പെട്ടു ചെന്ന് ആ സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. യേശുവിന് അങ്ങനെ പൊയ്ക്കൊണ്ടിരിക്കാമായിരുന്നു. എന്നാൽ അവിടുന്ന് അപ്രകാരം ചെയ്തില്ല എന്തുകൊണ്ട് ?

എന്തുകൊണ്ടെന്നാൽ ശുശ്രൂഷ എന്നത് ജനങ്ങൾക്കുവേണ്ടിയുള്ളതാണ് അഥവാ വ്യക്തികൾക്കുവേണ്ടിയുള്ളതാണ്. യേശുക്രിസ്തു വ്യക്തികളുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രതികരിച്ചപ്പോൾ സമയപദ്ധതികളിലുൾപ്പെടാത്ത ചില നിമിഷങ്ങൾ ഉണ്ടാവുകയായിരുന്നു. ഒരിക്കൽ കടൽക്കരയിലൂടെ നടന്നു പോയ ഒരു വയോധികൻ നക്ഷത്രമീനുകളെ പെറുക്കിയെടുത്ത് കടലിലേക്ക് വലിച്ചെറിഞ്ഞു. ചൂടുകൂടുന്നതിനു മുമ്പ് അവകളെ കടലിലേക്ക് എറിഞ്ഞില്ലയെങ്കിൽ അവകൾ ചത്തുപോകുമെന്ന് അയാൾക്ക് അറിയാമായിരുന്നു. ഇതുകണ്ട ഒരു യൗവ്വനക്കാരൻ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു. ഈ കടൽക്കരയിൽ ആയിരക്കണക്കിന് നക്ഷത്ര മത്സ്യങ്ങൾ വന്നടിഞ്ഞിട്ടുണ്ട്. ഒരു ചില മത്സ്യങ്ങളെ മാത്രം കടലിലേക്ക് എറിഞ്ഞതുകൊണ്ട് യാതൊരു വ്യത്യാസവും ഉണ്ടാകാൻ പോകുന്നില്ല. എന്നാൽ എടുത്ത് നക്ഷത്ര മീനിനെ കയ്യിലെടുത്ത് കടലിലേക്ക് എറിഞ്ഞുകൊണ്ട് ആ വയോധികൻ ഇങ്ങനെ പ്രതിവചിച്ചു- ഇതിന്റെ ജീവിതത്തിൽ അത് വ്യത്യാസമുണ്ടാക്കി.

നേതൃത്വം പറയുന്നത് സ്വാധീനമുള്ള ആളുകളുമായി സഹകരിക്കുക. അവരിൽ നിന്നും നിങ്ങൾക്കു പ്രയോജനം ഉണ്ടാകും എന്നാണ്. എന്നാൽ നിങ്ങൾക്ക് യാതൊരു പ്രയാജനവും ഉണ്ടാകാത്തവർക്കുവേണ്ടി പ്രയാജനപ്പെടുക എന്ന് ശുശ്രൂഷ പറയുന്നത്. യേശു മറ്റുള്ളവർക്കു വേണ്ടി തന്റെ സമയം ചെലവഴിച്ചു. ഇത്രത്തോളം തെളിവായ ഒരു കാര്യത്തിൽ പിന്നെയും നാം വിചിന്തനം ചെയ്യേണ്ടി വരുന്നത് എന്തുകൊണ്ടാണ്? എന്തുകൊണ്ടെന്നാൽ നാം പലപ്പോഴും ശുശ്രൂഷയിൽ ധൃതിയുള്ളവരായി തീർന്നുകൊണ്ട് ശുശ്രൂഷ ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് നാം മറന്നു പോകുന്നു.

സഭാകെട്ടിടങ്ങൾ കെട്ടുവാനോ (അവ ആവശ്യമെങ്കിലും ) പദവികൾ അലങ്കരിക്കുവാനോ മറ്റുള്ളവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുക എന്നുള്ള ഉത്തരവാദിത്വത്തിൽ നിന്ന് നിങ്ങളെ അകറ്റിക്കളയുന്ന വിഷയങ്ങൾക്കുവേണ്ടി സമയം ചെലവഴിക്കുക എന്നിത്യാദികൾക്കുവേണ്ടിയല്ല നിങ്ങൾ ശുശ്രൂഷയിലായിരിക്കുന്നത്. താൻ ഉപയോഗിക്കുന്ന വേദപുസ്തക വിവർത്തനം മാത്രമാണ് ദൈവശാസ്ത്രീയമെനന് സ്ഥാപിക്കുവാൻ കംമ്പ്യൂട്ടറിന്റെ മുമ്പിൽ മണിക്കൂറോളം സമയം ചെലവഴിക്കുന്ന ഒരാളെ എനിക്കറിയാം. അദ്ദേഹം എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിച്ചപ്പോൾ ഇത്തരം വിശുദ്ധന്മാർ തങ്ങളുടെ പേനയും കംമ്പ്യൂട്ടറും താഴെവെച്ച് യേശുവിനുവേണ്ടി ആരെയെങ്കിലും നേടുവാൻ ഇറങ്ങിതിരിക്കരുതോ എന്ന് ഞാൻ ആശ്ചര്യപ്പെട്ടു.

## സ്പർശിക്കുക

യേശു ആളുകളെ തന്റെ അടുക്കലേക്ക് അനുവദിച്ചിരുന്നു. ജയകരമായ ശുശ്രൂഷ നിർവഹിക്കുന്നു എന്നു പറയപ്പെടുന്ന ചിലരെയാണ് നാം പലപ്പോഴും മാതൃകയാക്കുന്നത്. ഇക്കാലത്ത് ചില പാസ്റ്റേഴ്സിന് ബോഡിഗാഡുവരെയുണ്ട്. ശുശ്രൂഷകൻ പ്രസംഗപീഠത്തിലേക്ക് തക്കസമയത്ത് എത്തുകയും തന്റെ പ്രസംഗം കഴിഞ്ഞാലുടൻ തന്നെ വേദിയിൽ നിന്നും പുറകിലത്തെ വാതിലിലൂടെ സ്ഥലം വിടുകയും ചെയ്യുന്നു.

യേശു വ്യക്തികൾക്കുവേണ്ടി സമയം ചെലവഴിച്ചു. അദ്ദേഹത്തിന്റെ ശുശ്രൂഷ അദ്ദേഹത്തിൽ നിന്നും ചിലതു പുറപ്പെടുവിച്ചു. മർക്കൊസ് ഇങ്ങനെ പറയുന്നു- *തന്നിൽ നിന്ന് ശക്തി പുറപ്പെട്ടതായി അപ്പോൾതന്നെ യേശു മനസിലാക്കി* (മർക്കൊ. 5:30.) വില്യം ബാർക്കലെ അതിന് ഇപ്രകാരം വിശദീകരിക്കുന്നു. *ഈ വേദഭാഗം യേശുവിനെക്കുറിച്ചുള്ള ചില കാര്യങ്ങളാണ് പറയുന്നത്. സൗഖ്യമാക്കുന്നതിന്റെ വിലയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഓരോ പ്രാവശ്യവും യേശു ആരെയെങ്കിലും സൗഖ്യമാക്കുമ്പോൾ തന്നിൽ നിന്നും ശക്തിപുറപ്പെടുക* പതിവാണ്. ഇവിടെ ജീവിതത്തിന്റെ ഒരു പ്രപഞ്ച നിയമം നമുക്കു കാണുവാൻ കഴിയും. നാം നമ്മുടെ ആത്മാവിൽ നിന്നു തന്നെ അഥവാ നമ്മുടെ ഉള്ളിൽ നിന്നു തന്നെ ചിലതു പുറപ്പെടുവിക്കുവാനുള്ള തയ്യാറെടുപ്പിലല്ലായെങ്കിൽ ശ്രേഷ്ഠമായ യാതൊന്നും നമ്മിൽ നിന്നും ഉല്പാദിതമാകയില്ല. പ്രസംഗപീഠത്തിൽ നിന്നും യഥാർത്ഥമായും ഒരു പ്രഭാഷണം ചെയ്ത് മടങ്ങുന്ന പ്രഭാഷകൻ തന്നിൽ നിന്നും എന്തോ പുറപ്പെട്ടു പോയി എന്നുള്ള അനുഭവത്തോടെയാണ് പ്രസംഗപീഠം വിട്ടു പോകേണ്ടത്. നാം മനുഷ്യനെ സഹായിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം അവർക്കുവേണ്ടി ചെലവായിപ്പോകുവാൻ തയ്യാറുള്ളവരാകണം. യേശുവിന്റെ ജീവിതത്തിലെ ശ്രേഷ്ഠത എന്നത് മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ക്രയം ചെലുത്തുവാൻ അവിടുന്ന് തയ്യാറായിരുന്നു എന്നുള്ളതാണ്. ആ ക്രയം എന്നത് തന്റെ ജീവിതത്തിൽ നിന്നും പുറപ്പെടുന്നതായ കാര്യങ്ങളായിരുന്നു. നാം നമ്മുടെ ഭൗതീക നന്മകളെക്കാൾ നമ്മുടെ ആത്മാവും ഊർജ്ജവും മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുമ്പോഴാണ് നാം യഥാർത്ഥമായും യേശുവിനെ പിൻതുടരുന്നത്. ആവശ്യത്തിലായിരിക്കുന്നവരോട് നാം എത്രയോ പ്രാവശ്യം പ്രതികരിക്കാതിരുന്നിട്ടുണ്ട്!

## ആലസ്യം

പരിശുദ്ധാത്മാവ് നമ്മെ നമ്മുടെ ആലസ്യത്തിൽ നിന്നും ഉണർത്തു മാറാകട്ടെ. യേശുവിനുവേണ്ടി യേശുവിന്റെ നാമത്തിൽ ജനങ്ങളെ സ്പർശിക്കുവാൻ നാം തയ്യാറാകേണം.

## രൂപാന്തരം

രക്തസ്രവക്കാരിയായ സ്ത്രീയെക്കുറിച്ചുള്ള ഭാഗത്തിന് വില്യം ബാർക്കലെ കൊടുത്തിരിക്കുന്ന തലക്കെട്ട് ശ്രദ്ധേയമാണ്. “വേദനിക്കുന്നവളുടെ അവസാന പ്രത്യാശ” തീർച്ചയായും യായിറോസിന്റെ മകൾക്കും യേശുവാണ് അവസാന പ്രത്യാശ.

മോശെയുടെ ന്യായപ്രമാണ പ്രകാരം ഈ സ്ത്രീ അശുദ്ധയാണ്. ലേവ്യ. 15 . പഴയ നിയമം അനുസരിച്ച് അശുദ്ധനായവൻ തൊടുന്ന

തൊക്കെയും അശുദ്ധിയായിത്തീരും. ഉദാഹരണത്തിന് കുഷ്ഠരോഗമില്ലാത്തവനെ തൊടുന്ന ഒരു കുഷ്ഠരോഗി കുഷ്ഠരോഗമില്ലാത്തവനെ അശുദ്ധനാക്കുകയാണ് ചെയ്യുന്നത്. ആചാരപരമായ പവിത്രത ആചരിക്കുന്ന ഒരു വ്യക്തി പ്രസവം കഴിഞ്ഞ ഒരു സ്ത്രീയെ തൊടുവാൻ പാടില്ല. പുറജാതിയിൽ പെട്ട ഒരുവനെയോ അവൻ തൊട്ട പാത്രങ്ങളൊ തൊടുവാൻ പാടില്ല. മാത്രമല്ല, ചില മൃഗങ്ങൾ , ശവശരീരം എന്നിവപോലും അശുദ്ധമാക്കുന്നവളായി കരുതിയിരുന്നു. ഇത്തരത്തിലശുദ്ധമായവർ വളരെ നീണ്ട ശുദ്ധീകരണ പ്രക്രീയയിലൂടെ കടന്നുപോകേണ്ടതുണ്ടായിരുന്നു.



രക്തസ്രവക്കാരിയായ സ്ത്രീ തൊട്ടപ്പോൾ യേശു അശുദ്ധനായിത്തീർന്നില്ല. അതുപോലെ തന്നെ മരിച്ച ബാലയെ തൊട്ടപ്പോൾ യേശു അശുദ്ധനായിത്തീർന്നില്ല. മർക്കൊ. 5: 45 . തെളിച്ചു പറഞ്ഞാൽ, രക്തസ്രവക്കാരത്തിയായ സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൾ തൊട്ടിട്ട് സൗഖ്യം പ്രാപിച്ച് ജനക്കൂട്ടത്തിന്റെ ഇടയിൽ മറഞ്ഞു കളയാമെന്നാണ് വിചാരിച്ചത്. എന്നാൽ എന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടത് ആര് എന്നു ചോദിച്ചുകൊണ്ട് യേശു തിരിഞ്ഞു നിന്നു. മർക്കൊ. 5 :30. അനേകർ അവനെ തിക്കിതിരക്കുന്നതുകൊണ്ട് യേശുവിന്റെ ചോദ്യം അർത്ഥവത്തല്ലന്ന് ശിഷ്യന്മാർക്കു തോന്നി. എന്നാൽ എന്താണ് സംഭവിച്ചതെന്ന് ആ സ്ത്രീക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് അവൾ അവിടുത്തെ പാദപീഠത്തിൽ വന്ന് അവിടുത്തെയെ നമസ്കരിച്ചുവെന്നും അവൾ ഭയന്നു പരവശയായി എന്നും വേദപുസ്തകം പറയുന്നത്. (മർക്കൊ. 5: 3)

അവളെന്താണ് ഭയന്നത്? അവൾ ആചാരപരമായി അശുദ്ധയാണെന്ന് മനസിലാക്കിയിരുന്നു. യേശുക്രിസ്തു ഒരു പരീശനായിരുന്നുവെങ്കിൽ "എന്നെ തൊടുവാൻ നിനക്ക് എത്ര ധൈര്യമുണ്ടായി ? നീ എന്നെ അശുദ്ധനാക്കി " എന്നു പറഞ്ഞ് അവളെ ഓടിക്കുമായിരുന്നു. ന്യായപ്രമാണ പ്രകാരം വിശുദ്ധനെ അശുദ്ധൻ തൊട്ടാൽ വിശുദ്ധൻ അശുദ്ധനായിത്തീരുന്നു. എന്നാൽ യേശുവിനെ സംബന്ധിച്ചിടത്തോളം അശുദ്ധയായവൾ അവിടുത്തെയെ തൊട്ടപ്പോൾ അവൾ വിശുദ്ധയായി എന്നുള്ളതാണ് എടുത്തു പറയത്തക്ക സംഗതി. സുവിശേഷവും പ്രമാണവും ഒന്നിനൊന്ന് എതിരായി ഒഴുകുന്നു. ആ സ്ത്രീയുടെ അശുദ്ധി യേശുവിനെ അശുദ്ധനാക്കുന്നതിനു പകരം യേശുവിന്റെ സൗഖ്യമാക്കുന്ന ശക്തി അവളെ ശുദ്ധീകരിച്ചു. നമ്മുടെ പാപത്തെ സംബന്ധിച്ചിടത്തോളവും അവിടുന്ന് അപ്രകാരമാണ് ചെയ്തത്. നാം അവിടുത്തെയെ പാപിയാക്കുകയല്ല, അവിടുന്ന് നമ്മെ നീതിമാനാക്കുകയാണ് ചെയ്യുന്നത്.

ആത്മാവിനെ പ്രകടിപ്പിക്കുമെങ്കിൽ അവരും ശരിയായ ആത്മാവിനെ പ്രകടിപ്പിക്കും. നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരെങ്കിൽ അവരും പരിശുജദ്ധാത്മാവിനാൽ നിറയപ്പെടും. ദൈവത്തിന് മദ്യാസ്കതികിൽ നിന്നും മറ്റ് അടിമത്തരങ്ങളിൽ നിന്നും രക്ഷിക്കുവാൻ കഴിയുമെന്ന് നാം വിശസ്വസിക്കുമെങ്കിൽ ജനങ്ങളുടെ ആത്മാവിലും ദേഹിയിലുമുള്ള ഇത്തരം രോഗങ്ങളിൽ നിന്നും അവർ വിടുതൽ പ്രാപിക്കും. നാം വിശ്വാസത്തോടുകൂടി രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുമെങ്കിൽ രോഗികൾ സൗഖ്യമാകും. നാം ഭക്തിവൈരാഗ്യത്തോടെ ആത്മാവിൽ നിറഞ്ഞ് ആയിരിക്കുമെങ്കിൽ നമ്മോടുകൂടെയുള്ളവർ ക്രിസ്തുവിലുള്ള ഭക്തിവൈരാഗ്യത്തോടെ ആയിരിക്കുവാനാനിടയാകും. നിങ്ങൾക്കില്ലാത്തതിനെ നിങ്ങൾക്കില്ലാതത്തിനെ നിങ്ങൾക്കു മറ്റുള്ളവർക്ക് കൊടുക്കുവാൻ കഴിയുകയില്ല.

## ജനങ്ങളെ സ്പർശിക്കുവാനായി ദൈവം നമ്മെ ഉപയോഗിക്കുന്നു.

ശുശ്രൂഷ എന്നത് രൂപാന്തരത്തിന്റേതാണ്. യേശു രക്ഷകനെന്നും അവിടുന്ന് ആത്മാവിൽ ജ്ഞാനസ്നാനം നൽകുന്നുവെന്നും സൗഖ്യദായകനെന്നുമുള്ള സുവാർത്തയാണ് നാം ജനങ്ങളോട് വിളിച്ചറിയിക്കുന്നത്. രോഗികളുടെമേൽ കൈവയ്ക്കുവാൻ യേശു നമ്മോടു പറഞ്ഞു. യേശുക്രിസ്തുവിന്റെ സൗഖ്യ ശക്തി രോഗിയിലേക്ക് കടന്നു ചെന്നതിന്റെ ശാരീരിക അടയാളമാണത്. അങ്ങനെ മരണം വ്യാപരിക്കുന്നതിനു പകരം ആ വ്യക്തിയിലേക്ക് സൗഖ്യവും ആരോഗ്യവും വ്യാപരിക്കുന്നു. ജനസ്വാധീനമുണ്ടായിട്ടുള്ള എല്ലാ ശുശ്രൂഷകന്മാരും ശ്രേഷ്ഠരായ ശുശ്രൂഷകന്മാരെല്ലാം പരിശുദ്ധാത്മ ശക്തിയിലൂടെ തങ്ങളുടെ ജീവിതത്തെ ഒരു മാതൃകയാക്കിക്കൊണ്ട് ജനങ്ങളെ ഉപദേശിക്കുക വഴി ക്രിസ്തുവിന്റെ ജീവനെ അവരിലേക്ക് പകരുകയാണ് ചെയ്തിട്ടുള്ളത്. നാം ശുശ്രൂഷിക്കുന്ന ആളുകളിലേക്ക് നാമും ദൈവവുമായുള്ള നടപ്പിനെ പകർന്നു നല്കുക എന്നുള്ളത് ഒരു നീണ്ടകാല പരിവർത്തന പ്രക്രീയയാണ്. നാം ക്രിസ്തുവിനെ സ്നേഹിക്കുന്നുവെങ്കിൽ നമ്മോടുകൂടെയുള്ള ജനങ്ങളും ക്രിസ്തുവിനെ സ്നേഹിക്കുന്നു. നാം ശരിയായ എന്നാൽ നിങ്ങൾക്കുള്ളതിനെ മറ്റുള്ളവരിലേക്ക് പകരുവാൻ കഴിയും. യേശുവിനെ സ്നേഹിക്കുക , ജനങ്ങളെ സ്നേഹിക്കുക എന്നാണ് ഞാൻ എന്റെ മകൻ പാസ്റ്ററായപ്പോൾ അവനു പറഞ്ഞു കൊടുത്തത്.

നാം ജനങ്ങളുമായി സമയം ചെലവഴിക്കുകയും ഓരോരുത്തരുമായി നാം സ്നേഹിക്കുകയും ചെയ്യുന്നു. ജനങ്ങളെ സ്പർശിക്കുവാനായി ദൈവം നമ്മെ ഉപയോഗിക്കുന്നു. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന ഇടയാളുകളായി പരിശുദ്ധാത്മശക്തിയിലൂടെ ദൈവം നമ്മളെ ആക്കി തീർക്കുന്നു.

ഒരു നല്ലനേതാവായിരിക്കുന്നതിന് എന്തു വേണമെന്ന് നാം മനസിലാക്കിയിരിക്കുകയും പഠിക്കുകയും വേണം. എന്നാൽ നേതൃത്വം ശുശ്രൂഷയിലെ ഒരു ഭാഗം മാത്രമാണ്. ശുശ്രൂഷയിലെ നമ്മുടെ മാതൃക യേശുവാണ്. അവിടുന്ന് സമയം ചെലവഴിക്കുകയും സ്പർശിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ■



**ജോർജ്ജ് ഒ. വൂഡ് അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൗൺസിലിന്റെ ജനറൽ സൂപ്രണ്ടാണ്.**




# ക്രിസ്തീയ കൗൺസെലിംഗിനെ

## ക്രിസ്തു കേന്ദ്രീകൃതമാക്കുന്നത്

### പാസ്റ്ററൽ കൗൺസെലിംഗിൽ പരിശുദ്ധാത്മാവിന്റെ പങ്ക്

ഏതൊരു യഥാർത്ഥ ക്രിസ്തീയ കൗൺസെലിഗും ക്രിസ്തു തന്റെ കൗൺസെലിംഗ് ശുശ്രൂഷയുമായി എപ്രകാരമാണ് മുന്നോട്ടു പോയതെന്നുള്ള സൂക്ഷ്മമായ അന്വേഷണം ഉൾക്കൊള്ളുന്നു

– റിച്ചാർഡ് ഡി. ഡോബിൻസ്

ക്രിസ്തീയ മനഃശാസ്ത്രജ്ഞന്മാർ പ്രൊഫഷണൽ പരിശീലനം ലഭിച്ച കൗൺസെലേഴ്സ് എന്നിവരാൽ ക്രിസ്തീയ കൗൺസെലിംഗ് എന്ന പേരിൽ നടക്കുന്ന പലതിനെയും ഇന്ന് നമുക്ക് അറിയുവാൻ കഴിയുന്നു. മിക്കപ്പോഴും ഇവർ വളരെ പാണ്ഡിത്യമുള്ള പ്രൊഫഷണലുകളാണ്. അവർക്ക് വളരെ ശ്രേഷ്ഠമായ കൗൺസെലിംഗ് ടെക്നിക്കുകളും കൗൺസിലിംഗിൽ അനുഭവ ജ്ഞാനമുള്ളവരുമാണ്. മിക്കപ്പോഴും സഭയിലോ സഭാസംബന്ധമായ ഇടങ്ങളിലോ അവർ കൗൺസെലിംഗ് നൽകുന്നു. ചില ആളുകൾ ഇവർ ചെയ്യുന്ന കൗൺസെലിംഗിനെ ക്രിസ്തീയ കൗൺസെലിംഗ് എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു.

എന്നാൽ പല സന്ദർഭങ്ങളിലും ഈ ക്രിസ്തീയ കൗൺസിലെഴ്സിന്റെ കൗൺസെലിംഗ് പ്രാക്ടീസും ക്രിസ്തീയ വിശ്വാസവും തമ്മിൽ അജഗജാന്തരമുള്ളതായി നമുക്കു കാണുവാൻ കഴിയുന്നു. അവർ ദൈവഭയമുള്ള ക്രിസ്ത്യാനികളും ശ്രേഷ്ഠരായ കൗൺസലേഴ്സും ആയിരിക്കാം. എന്നാൽ ക്രിസ്തീയതയ്ക്കു നിരക്കാത്ത ചില കാര്യങ്ങൾ അവരുടെ കൗൺസിംലിഗിൽ ഉണ്ട്. അവരുടെ വ്യക്തിപരമായ വിശ്വാസത്തിലേക്ക് അവർ തങ്ങളുടെ കൗൺസെലിംഗിനെ തളച്ചിടുന്നു. വിശ്വാസത്തിന്റെയും കൗൺസിലിംഗിന്റെയും സമന്വയിപ്പിക്കലാണ് ഇവരെ സംബന്ധിച്ചിടത്തോളം ഇല്ലാതിരിക്കുന്നത്. കൗൺസെലിംഗിന്റെയും വിശ്വാസത്തിന്റെയും സമന്വയിപ്പിക്കൽ എപ്രകാരം ചെയ്യെടുക്കാനാവും ?

ഒന്നാമതായി, ഒരു കൗൺസെലിംഗ് യഥാർത്ഥമായും ക്രൈസ്തവമാകേണമെങ്കിൽ നമ്മുടെ വിശ്വാസത്തെയും കൗൺസെലിംഗിനെയും നാം നമ്മുടെ മനസ്സിൽ ഒത്തൊരുമിക്കേണ്ടതാണ്. ക്രിസ്തുവിനെ മാത്രം അത്ഭുതമന്ത്രിയായി പരിഗണിക്കുന്നതോടെയാണ് അതിന്റെ ആരംഭം. അവിടുന്ന് നമ്മുടെ മാതൃകയായിത്തീരുന്നു. അവിടുത്തെയെ നാം നമ്മുടെ ജീവിതത്തിന്റെ മാത്രമല്ല, നമ്മുടെ ജീവിതത്തിന്റെ എല്ലാ തുറകളിലെയും കർത്താവായി നാം അവിടുത്തയെ സ്വീകരിക്കുന്നു

നാം പഠിച്ച തീയറികളെക്കാളുപരി കൗൺസെലിംഗിൽ നമുക്കു ലഭിച്ച അറിവ് ,വിദ്യാസം, അനുഭവം എന്നിവ ക്രിസ്തുവിന്റെ കരങ്ങളിൽ നാം അർപ്പിക്കേണ്ടത് ആവശ്യമാണ്. എന്നിട്ട് നാം ശുശ്രൂഷിക്കാനാഗ്രഹിക്കുന്നവർക്കായി നമ്മുടെ പാടവങ്ങളെ ക്രിസ്തുവിലുള്ള വിശ്വാസത്തോടെ പ്രായോഗികമാക്കുക.

ഓരോ കൗൺസെലിംഗ് സെക്ഷനിലും കൗൺസെലിംഗിനായി നമ്മുടെ അടുത്തു വരുന്ന ആളുകളെ ക്രിസ്തുവിന്റെ ഭാവത്തോടുകൂടെ കാണുകയും അവിടുത്തെ കൺകളിലൂടെ അവരെ ദർശിക്കുകയും ചെയ്യാം. അങ്ങനെ ക്രിസ്തുവിനെയും ജനങ്ങളെയും നന്നായി സേവിക്കുവാൻ ഇതു നിങ്ങളെ സഹായിക്കും. നാം ഇങ്ങനെ ആത്മീയ നിലവാരത്തിൽ മുമ്പോട്ടു വരുമ്പോൾ ക്രിസ്തുവിനെയും നമ്മുടെ അടുക്കൽ കൗൺസെലിംഗിനായി കടന്നുവരുന്നവരുടെ ഹൃദയത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി നാം മാറുവാനിടയാകും. അങ്ങനെ ഈ പ്രയത്നത്തിൽ നാം വിജയകരമായി മുന്നേറുമ്പോൾ അവിടുത്തെ ജ്ഞാനം, ശക്തി, കൃപ എന്നിവ നമ്മുടെ പരിശീലനത്തെയും അനുഭവ ജ്ഞാനത്തെയും ബലപ്പെടുത്തി നമ്മെ ഒരു പുതിയ നിലവാരത്തിലെത്തിക്കുന്നു. ഇത്തരം ആത്മീക സമ്പന്നതയുടെ സാഹചര്യത്തിൽ കൗൺസെലിംഗിനായി നമ്മുടെ അടുക്കൽ വരുന്നവരുടെ ബന്ധനങ്ങളെ ദൈവശക്തി പൊട്ടിച്ചെറിയുന്നു. അത് അവരുടെ മുറിവുകൾക്കു സൗഖ്യം നൽകുകയും തങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനുള്ള വഴികാട്ടുകയും ചെയ്യുന്നു.

### *ഇത്തരം ആത്മീക സമ്പന്നതയുടെ സാഹചര്യത്തിൽ കൗൺസെലിംഗിനായി നമ്മുടെ അടുക്കൽ വരുന്നവരുടെ ബന്ധനങ്ങളെ ദൈവശക്തി പൊട്ടിച്ചെറിയുന്നു. അത് അവരുടെ മുറിവുകൾക്കും സൗഖ്യം നൽകുകയും തങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനുള്ള വഴികാട്ടുകയും ചെയ്യുന്നു.*

നമുക്ക് വിദ്യാഭ്യസത്തിലൂടെയും പരിശീലനത്തിലൂടെയും അനുഭജ്ഞാനത്തിലൂടെയുമൊക്കെത്തന്നെ എന്തെല്ലാം പാടവങ്ങൾ ലഭിച്ചിരുന്നാലും നമ്മുടെ കൗൺസെലിംഗിലേക്ക് ഒരു ദൈവീക ഇടപെടലിനായി നാം മനഃപൂർവം പ്രയത്നിക്കാതിരുന്നാൽ നമ്മുടെ അടുക്കൽ കൗൺസെലിംഗിനു വരുന്നവർക്കായുള്ള സഹായത്തെ നാം പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്.

എന്റെ അനുഭവത്തിൽ ഓരോ കൗൺസെലിംഗിന്റെ സമയത്തും ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് ഞാൻ എന്നെത്തന്നെ ഉണർത്തുമായിരുന്നു. ഞാൻ എന്റെ അടുക്കൽ കൗൺസെലിംഗിനു വരുന്നവരെ എങ്ങനെ മനസിലാക്കണമോ അങ്ങനെ അവിടുന്ന് അവരെ മനസിലാക്കിയിരിക്കുന്നു. തങ്ങൾ ആയിരിക്കുന്ന സ്ഥലത്തു നിന്നും കർത്താവ് അവർ ആയിരിക്കുവാനാഗ്രഹിക്കുന്ന സ്ഥലത്തേക്ക് തങ്ങളെ ഉയർത്തുവാനുള്ള പ്രചോദനപടിയായി അവരുടെ വേദനകളെ എങ്ങനെ ഉപയോഗിക്കാമെന്നുള്ളത് അവിടുത്തേക്ക് നന്നായി അറിയാം.

ഓരോ പ്രാവശ്യത്തെയും എന്റെ കൗൺസെലിഗ് സെക്ഷനിൽ ഇതിനെ ഞാൻ ഉണരുന്ന ഒരു ആത്മീയ അവബോധത്തിനായി ഞാൻ ശ്രമിക്കുന്നു. ഇതാണ് എന്റെ ലക്ഷ്യം. കർത്താവ് എന്റെ അടുക്കൽ വരുന്ന ആളുകളെ ഞാൻ സേവിക്കേണമെന്ന് കർത്താവ് ആഗ്രഹിക്കുന്നുവോ അങ്ങനെ അവരെ സേവിക്കുവാൻ ഞാൻ കർത്താവിനോട് യാചിക്കുന്നു. എന്റെ പരിമിതികളെ മനസിലാക്കുവാനും കർത്താവിന്റെ വഴിനടത്തിലിനായി അവിടുത്തിൽ ആശ്രയിക്കുവാനുമുള്ള വഴിനടത്തലിനെക്കുറിച്ചും ബോധ്യമുള്ളവനായിത്തീരുന്നു.

കൗൺസെലിംഗിനു വരുന്ന ആളുകൾ എന്റെ മേൽ അനാരോഗ്യകരമായ ഒരു ആശ്രയത്വം വയ്ക്കാതെ ക്രിസ്തുവിലാശ്രയിക്കുവാൻ ആരോഗ്യകരമായ ആശ്രയത്വം വയ്ക്കുവാൻ അവർ പ്രചോദിക്കപ്പെടുന്നു. ക്രി സ്തീ യ കൗൺസെലിംഗിനെ സാരമായെടുക്കുന്ന ഏതൊരാളും യേശുക്രിസ്തുവിന്റെ കൗൺസെലിംഗ് ശുശ്രൂഷയിലേക്ക് വളരെ ശ്രദ്ധാപൂർവം ഗൗനിക്കേണ്ടതാണ്.

## കൗൺസെലിംഗിനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ സമീപനം എപ്രകാരമായിരുന്നു?

ക്രിസ്തുവിന്റെ കൗൺസെലിംഗ് ശുശ്രൂഷയുടെ ഏറ്റവും മുന്തി നിൽക്കുന്ന ഭാവം അനുകമ്പയായിരുന്നു എന്ന് സുവിശേഷങ്ങൾ വ്യക്തമാക്കി. ആളുകളോടുള്ള ബന്ധത്തിൽ ഏകദേശം 14 പ്രാവശ്യം അനുകമ്പ എന്ന വാക്ക് പുതിയ നിയമത്തിൽ പരാമർശിച്ചിട്ടുണ്ട്.

## അനുകമ്പ എന്നാലെന്താണ് ?

മറ്റൊരുത്തന്റെ സ്ഥാനത്തേക്ക് നിങ്ങളാൽ ആകുന്നത്ര സമീപിക്കുവാനുള്ള കഴിവിനെയാണ് അനുകമ്പ എന്നു പറയുന്നത്. അനുകമ്പയുള്ള കൗൺസെലേഴ്സ് തങ്ങളുടെ അടുത്ത് കൗൺസെലിംഗിനു വരുന്നവരോട് ദയാലുക്കളും അവരുടെ ആവശ്യങ്ങളോട് വേണ്ടവിധത്തിൽ പ്രതികരിക്കുന്നവരുമായിരിക്കും. അവരുടെ അടുത്ത് കൗൺസെലിംഗനു വരുന്ന ആളുകളിൽ നിന്നും വിവരം മനസിലാക്കിയിട്ട് തങ്ങൾക്ക് ഈ അവസ്ഥ വന്നാൽ എങ്ങനെയായിരിക്കുമെന്ന് അവർ സങ്കല്പിക്കുന്നു.

യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ കിണറ്റിനരികിൽ വന്ന ശമര്യക്കാത്തി സ്ത്രീയോടും 8-ാം അദ്ധ്യായത്തിൽ വ്യഭിചാരത്തിൽ പിടിയ്ക്കപ്പെട്ട സ്ത്രീയോടുമുള്ള ബന്ധത്തിൽ യേശു ഇടപെട്ട രീതികൾ അവിടുത്തെ അനുകമ്പയെ സ്പഷ്ടമാക്കുന്നവയാണ്. 5 ഭർത്താക്കന്മാർ ഉണ്ടായിരുന്നതിനെ യേശു അവലപിക്കുകയോ ഇപ്പോൾ ഭർത്താവ് എന്നു പറഞ്ഞ് കൂടെയുള്ളവന് അനുവാദം നൽകുകയോ ചെയ്യുവാൻ യേശു തുനിഞ്ഞില്ല. യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായത്തിലെ പാപിനിയായ സ്ത്രീയുടെ പാപത്തെ അവിടുന്ന് അംഗീകരിച്ചില്ല. എന്നാൽ ഈ സ്ത്രീകളോടുള്ള യേശുവിന്റെ സമീപനത്തിൽ അവിടുന്ന് വളരെ സഹതാപവും മൃദുത്വമുള്ളവനായി കാണപ്പെട്ടു.

പരീശന്മാരുടെ സ്വയനീതിയെ യേശു പലപ്പേഴും അപലപിച്ചു. യേശുവിന് ഇവരോട് ഇഷ്ടമുണ്ടായിരുന്നില്ല. എന്നിരുന്നാലും പരീശനായ നിക്കൊദെമോസ് യേശുവിന്റെ സഹായം തേടി എത്തിയപ്പോൾ അദ്ദേഹത്തോട് അനുകമ്പാപൂർവം ഇടപെട്ടു.

സ്നേഹത്തോടെയുള്ള നേരിടീലാണ് യേശുവിന്റെ മറ്റൊരു പ്രധാന സ്വഭാവം. പല വിവാഹങ്ങൾ കഴി

ക്കുകയും ഭർത്താവല്ലാത്ത ഒരുവനോടുകൂടെ പാർക്കുകയും ചെയ്ത ഒരുവളോട് തന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരൂ എന്നു പറഞ്ഞുകൊണ്ട് അവളെ സ്നേഹത്തോടെ നേരിടുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ പാപപങ്കിലമായ അവസ്ഥയെ അവിടുന്ന് മനസിലാക്കി. അതുകൊണ്ടാണ് ഇനി പാപം ചെയ്യരുത് എന്ന് അവളോടു പറഞ്ഞത് . ആത്മീയ ജനനത്തിന്റെ വ്യത്യസ്തതകളെ മനസിലാക്കികൊടുത്തുകൊണ്ട് നിക്കൊദെമോസിന് വീണ്ടും ജനനത്തിന്റെ ആവശ്യകതയെക്കുറിച്ച് യേശു പറഞ്ഞു കൊടുത്തു. ആളുകളെ സ്നേഹാദ്രതയോടെ കണ്ടു മുട്ടുവാനും അവരോട് സത്യം പറയുവാനുമുള്ള ഒരു വഴി എപ്പോഴും യേശു കണ്ടിരുന്നു. തുറന്ന മനസോടെ തങ്ങളുടെ പാപങ്ങളെ സമ്മതിക്കുകയും അവിടുത്തെ സഹായം ആവശ്യമാണെന്ന് സമ്മതിക്കുകയും ചെയ്യുന്ന ആരോടും യേശു വളരെ സൗമ്യമായി ഇടപെട്ടു. പ്രയാസങ്ങൾ അനുഭവിക്കുന്ന ജനങ്ങളെ അഭിമുഖീകരിക്കുവാൻ സഹായവും സ്നേഹാദ്രമായ കണ്ടുമുട്ടലും ആവശ്യമാണ്. സ്വജീവിതത്തിൽ ഈ കൃപ അധികമായി വ്യാപരിക്കേണ്ടതിന് ക്രിസ്തീയ കൗൺസെലേഴ്സ് അധികമായി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതാണ്.

### കൗൺസെലിംഗിൽ പരിശുദ്ധാത്മാവിനുള്ള പങ്ക്

യോഹന്നാൻ 14 : 26- ൽ യേശു ഇപ്രകാരം പറഞ്ഞു: *എന്നാൽ പിതാവ് എന്റെ നാമത്തിൽ അയക്കുവാൻ ഇരിക്കുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങൾക്ക് ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യും.*

പരിശുദ്ധാത്മാവ് ഒരു അദ്ധ്യാപകനാണ്. ക്രിസ്തുവിനെക്കുറിച്ചു മാത്രമല്ല, നമ്മുടെ അടുക്കൽ കൗൺസെലിംഗിനായി കടന്നുവരുന്നരെക്കുറിച്ചും പരിശുദ്ധാത്മാവ് ഓർമ്മിപ്പിക്കും. നാം പഠിച്ച സോഷ്യൽ സയൻസിനെ ആത്മീയ ഉൾക്കാഴ്ചയുടെ ഉന്നത മേഖലയിലേക്ക് ഉയർത്തി എപ്രകാരം പ്രയോഗജനപ്പെടുത്താമെന്നും പരിശുദ്ധാത്മാവു നമ്മെ പഠിപ്പിക്കും. വിശേഷിച്ചും, പരിശുദ്ധാത്മാവ് പറയുന്നത് കേൾക്കുവാൻ നമുക്ക് ഒരു ചെവി ഉണ്ടെങ്കിൽ. ഹ്യൂമൻ ഡെവലപ്മെന്റ് , മാനസീകരോഗം,രോഗ പരിശോധന, കൗൺസെലിംഗ് ടെക്നിക്കുകൾ എന്നിങ്ങനെ നാം മനസിലാക്കിയിട്ടുള്ള വിഷയങ്ങളെ എപ്രകാരം പ്രായോഗികമാക്കണമെന്ന് പരിശുദ്ധാത്മാവ് നമുക്ക് പറഞ്ഞു തരും.

കൗൺസെലറിനോടു സംസാരിക്കുന്ന അതേ മാത്രയിൽ തന്നെ കൗൺസെലിംങിനായി വരുന്ന ആളുകളോടും പരിശുദ്ധാത്മാവ് സംസാരിക്കും. യോഹന്നാന്റെ സുവിശേഷം 16-ന്റെ 8-ൽ ഇപ്രകാരം പറയുന്നു: *അവിടുന്നു വരുമ്പോൾ, പാപം, നീതി, ന്യായവിധി, എന്നിവയെ സംബന്ധിച്ച് ലോകത്തിന് ബോധ്യം വരുത്തുന്നു.* നിങ്ങൾ സ്നേഹത്തോടും അനുകമ്പയോടും കൂടെ നിങ്ങളുടെ അടുക്കൽ കൗൺസെലംഗിനു വരുന്ന ആളുകളോട് ഇടപെടുകയും സാധകമായ ഒരു അന്തരീക്ഷത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുമ്പോൾ ക്രിസ്തുവിങ്കലേക്കു തിരിയുന്ന മാനസാന്തരത്തിനായി പരിശുദ്ധാത്മാവ് അവരുടെ ഉള്ളിൽ ക്രിയ ചെയ്യുകയും ചെയ്യുന്നു. അങ്ങനെ ക്രിസ്തു ആഗ്രഹിക്കുന്ന സൗഖ്യവും വിടുതലും അവർക്ക് ലഭ്യമാകുവാനിടയാകുന്നു. വൈകാരികവും ആത്മീകവുമായ വേദനകളിൽ നിന്ന് രക്ഷ നേടുവാൻ വേണ്ടി കൗൺസെലിംഗിനു വന്ന വ്യക്തി എടുക്കുന്ന സംഘർഷത്തെ ഉൾക്കൊള്ളുവാനും സഹിക്കുവാനുമുള്ള ശക്തി അതേസമയം തന്നെ പരിശുദ്ധാത്മാവ് നിങ്ങൾക്കും തരും. സംഘർഷത്തിനൊത്തവിധമുള്ള സഹനശക്തി നൽകുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കുമ്പോൾ കൗൺസിൽ ചെയ്യപ്പെടുന്ന വ്യക്തിയിൽ വീണ്ടെടുപ്പിന്റേതായ വ്യത്യാസങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ ഇടയാകുന്നു. വ്യത്യാസപ്പെടുവാനുള്ള വേദന മുറിവിന്റെ വേദനയെക്കാൾ ഉപരിയാകാതിരുന്നാൽ ആളുകൾ പഴയ പടി തുടരുവാനാഗ്രഹിക്കും. തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും യേശു ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് ആളുകൾ മാറ്റപ്പെടുവാൻ അസഹനീയമായ വേദന ആവശ്യമായിരുന്നു.

**കൗൺസെലറിനോടു സംസാരിക്കുന്ന അതേ മാത്രയിൽ തന്നെ കൗൺസെലിംങിനായി വരുന്ന ആളുകളോടും പരിശുദ്ധാത്മാവ് സംസാരിക്കും.**

കൗൺസെലിംഗിനു വന്ന ആളുകളെക്കാളധികം സംഘർത്തിന്റെ മുമ്പിൽ നിങ്ങൾ സഹനശക്തിയുള്ളവരായി മാറുമ്പോൾ , ഏതു വിഷയത്തിനായി അവർ നിങ്ങളുടെ അടുക്കലേക്കു വന്നുവോ ആ വിഷയത്തിന്മേൽ അനുകമ്പാപൂർവമായി ഇടപെടുവാൻ നിങ്ങൾക്കു കഴിയുമോ? ഇത്തരം അസ്വസ്ഥമായ സാഹചര്യങ്ങളെ നേരിടുമ്പോൾ അപ്രീയമായ നിശ്ചിതങ്ങൾ അനിശ്ചിതങ്ങളെക്കാൾ ഉത്തമമെന്നുള്ളത് ആശ്വാസം പകരുന്നു. വിജയകരമായ കൗൺസെലിംഗിൽ ആളുകളെ അനിശ്ചിതത്തിൽ നിന്നും നിശ്ചിതത്തിലേക്കു നടത്തുന്നു.

## കൗൺസെലിംഗിൽ പ്രക്രീയയിൽ പരിശുദ്ധാത്മാവിന്റെ വരങ്ങൾ

ഒരു കൗൺസെലറെ സംബന്ധിച്ചിടത്തോളം പരിശുദ്ധാത്മാവിന്റെ വരങ്ങൾ വിലയേറപ്പെട്ട വരങ്ങളാണ്- പ്രത്യേകിച്ച് പെന്തക്കൊസ്തുകാരായ കൗൺസെലേഴ്സിനെ സംബന്ധിച്ചിടത്തോളം. 1 കൊരി. 12: 7-12 വാക്യങ്ങളിൽ പരിശുദ്ധാത്മാവിന്റെ വരങ്ങളെക്കുറിച്ച് പൗലോസ് പ്രതിപാദിക്കുന്നു. ഈ വരങ്ങളിൽ ജ്ഞാനത്തിന്റെ വചനം, പരിജ്ഞാനത്തിന്റെ വചനം, വിശ്വാസം, രോഗശാന്തി, അത്ഭുത പ്രവൃത്തികളുടെ വരം, പ്രവചനങ്ങളുടെ വരം, ആത്മാക്കളുടെ വിവേചനം, ബഹുവിധ ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം എന്നിവ ഉൾപ്പെടുന്നു. ഈ ആത്മവരങ്ങളൊക്കെത്തന്നെ കൗൺസെലിംഗിനെ ശക്തിപ്പെടുത്തുന്നു. 1 കൊരി. 12-13 വരെ അദ്ധ്യായങ്ങളിൽ പൊതു ആരാധനയിലും



വിശ്വാസികളുടെ സ്വകാര്യ ജീവിതത്തിലും പരിശുദ്ധാത്മാവ് എപ്രകാരം വ്യവസ്ഥാപിതമായി, ക്രമീകൃതമായി, പ്രകടമാകുന്നു എന്നുള്ളതിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. കൗൺസെലിംഗ് സംബന്ധമായ കാര്യങ്ങളിൽ ഈ വരങ്ങൾ എപ്രകാരം പ്രാവർത്തികമാകുന്നു എന്നു മനസിലാക്കുന്നത് നമ്മെ കൂടുതൽ ഫലപ്രദരായ കൗൺസലേഴ്സ് ആയിത്തീരുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

## വിവേചനത്തിന്റെ ആത്മാവ്

മനസിനെ സംബന്ധിക്കുന്നതായ ഈ വരങ്ങൾ കാര്യങ്ങളുടെ പരിശോധനാ പ്രക്രീയയിൽ നമുക്ക് ഉതകുന്നു. ഒരു പരിശീലിക്കപ്പെട്ട വ്യക്തി ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾകൊണ്ട് ഒരു വ്യക്തിയുടെ പ്രശ്നങ്ങളെ പരിശോധിച്ചറിയുവാൻ ശ്രമിക്കുന്നു. വിവേചനത്തിന്റെ വരം ഈ പ്രക്രീയയുടെ ഭാഗമായിത്തീരുമ്പോൾ നിങ്ങളുടെ പരിശോധനാ പ്രക്രീയ ഒരു പുതിയ സ്ഥലത്തിലേക്ക് ഉയരുന്നു.

ഒരു വ്യക്തിയുടെ വ്യക്തിപരമായ ചരിത്രം അവന്റെ വർത്തമാനകാല ജീവിതാന്തരീക്ഷം , അവന്റെ ബുദ്ധിതലത്തിലുണ്ടാകുന്ന നാഡീരാസവ്യത്യാസം എന്നിത്യാദികൾക്കിടയിലുള്ള സ്വാഭാവിക വളർച്ചയുടെ ഭാഗമായിട്ടാണ് സെക്കുലർ കൗൺസെലിംഗ് ഒരു വ്യക്തിയുടെ മാനസീക അവസ്ഥയെ കാണുന്നത്. ക്രിസ്തീയ കൗൺസെലേഴ്സ് ഈ ഘടകങ്ങൾക്ക് ഒരു മനുഷ്യന്റെ മാനസീക മേഖലയിലുള്ള പ്രാധാന്യത്തെ മനസിലാക്കുന്നുവെങ്കിലും ഒരു മനുഷ്യന്റെ മാനസീക പ്രക്രീയകളെ ആത്മാവ് വലിയ തോതിൽ നിയന്ത്രിക്കുന്നുവെന്ന് നാം വിശ്വസിക്കുന്നു. ചിന്തിക്കുക എന്നത് എപ്പോഴും ഒരു ആത്മീയ പോരാട്ടമാണ്. 1കൊരി. 6 : 19,20 വാക്യങ്ങളിൽ ഭൂമിയിൽ ദൈവത്തിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നത് ശരീരമാണെന്ന് പൗ ലോസ് വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റോമാലേഖനം 6,7 അദ്ധ്യായങ്ങളിൽ നമ്മുടെ ശരീരത്തെ ദോഷത്തിന് അടിമയാക്കി തീർക്കുവാൻ പാപം വഹിക്കുന്ന പങ്കിനെക്കുറിച്ച് പൗലോസ് സമ്മതിക്കുന്നു. മനുഷ്യന്റെ ഈ ധർമ്മ സങ്കടനിലയെ റോമാ ലേഖനം 6: 16-ൽ പൗലോസ് വ്യക്തമാക്കുന്നു. *നിങ്ങൾ അനുസരണമുള്ള അടിമകളായി ആർക്കെങ്കിലും നിങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുമ്പോൾ, നിങ്ങൾ അനുസരിക്കുന്ന ആ വ്യക്തിക്ക് അടിമയായിത്തീരുകയാണെന്ന് അറിയുന്നില്ലേ ? ഒന്നുകിൽ മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ, അല്ലെങ്കിൽ നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ .*

അതേസമയം തന്നെ നിത്യജീവൻ നമ്മുടെ മനസിനെ നിത്യമായ പ്രേരണകളാലും സങ്കല്പനങ്ങളാലും ആശയങ്ങളാലും നിറച്ച് ഒരു ഭക്തി ജീവിതത്തെ നമ്മിൽ ബഹിസ്ഫുരിപ്പിക്കുന്നു. എന്നാൽ പാപം ദോഷചിന്തകളാലും പ്രേരണകളാലും ആശയങ്ങളാലും നമ്മുടെ ഹൃദയത്തെ പ്രചോദിപ്പിക്കുന്നു. ഈ പോരാട്ടത്തിന്റെ നടുവിലാണ് മനുഷ്യന്റെ ഇംഗിതം പിടിപെട്ടു കിടക്കുന്നത്.

നമ്മുടെ തെരഞ്ഞെടുപ്പുകൾ തലച്ചോറിൽ നിന്നും ശരീരത്തിലേക്ക് മാറ്റപ്പെടുന്നതുപോലെ നമ്മുടെ ഇംഗിതം നമ്മുടെ മനസിന്റെ അഥവാ ആത്മാവിന്റെ പ്രകടനത്തെ തീരുമാനിക്കുന്നു. ഒരു വ്യക്തിയുടെ ശരീരത്തിന്റെ പ്രകൃതം നിരീക്ഷിക്കുന്നതിലൂടെ അവന്റെ ഇംഗിതത്തെ ജയിക്കുന്ന ആത്മീയ സ്വാധീനത്തെ നമുക്കു മനസിലാക്കുവാൻ കഴിയും. വിവേചനത്തിന്റെ വരമെന്നത് ക്രിസ്തീയ കൗൺസെലേഴ്സിനെ സംബന്ധിച്ചിടത്തോളം തികച്ചും വിലയോറപ്പെട്ട ആയുധം ആണ്. കൗൺസെലിംഗിനു വരുന്ന ആളിന്റെ ആത് മീയ പോരാട്ടത്തെക്കുറിച്ച് മനസിലാക്കുവാൻ ഇത് സഹായകമായിത്തീരും.

## ജ്ഞാനത്തിന്റെ വചനം

സാമർത്ഥ്യമുള്ള ഒരു കൗൺസെലർ ഒരു വ്യക്തിയുടെ പശ്ചാത്തലം മനസിലാക്കുന്നതിന് അവനെക്കുറിച്ചുള്ള ചരിത്രം ആരായിരുന്നു. എന്നാൽ ജ്ഞാനത്തിന്റെ വചനത്തിന് ഈ പ്രക്രീയ ത്വരിതപ്പെടുത്തുവാൻ കഴിയും. അങ്ങനെ ജ്ഞാനത്തിന്റെ വാക്ക് അഥവാ വചനം എവിടെ എപ്പോൾ പറയേണമെന്നുള്ളത് കൗൺസെൽ ചെയ്യുന്ന ആൾ മനസിലാക്കിയിരിക്കേണം. ഒരിക്കലും ഈ ജ്ഞാനത്തിന്റെ വാക്കുകൾ കൗൺസെലിംഗിനു വരുന്ന ആളിനെ അടിച്ചേല്പിക്കരുത്. അത് ഒരു നിർദേശമായി പറയുമ്പോൾ അതിനെ സ്വീകരിക്കുവാനോ നിരാകരിക്കുവാനോ കൗൺസെലിംഗിനു വരുന്ന ആളിന് ഇടയാകും.

## പരിജ്ഞാനത്തിന്റെ വചനം

കൗൺസെൽ കൊടുക്കുന്ന ആർക്കും തങ്ങൾ കൗൺസെലിംഗ് കൊടുക്കുന്നആളുകളോടുള്ള കരുതൽ സംബന്ധിച്ച് ചില നിർണായക നിമിഷങ്ങളെ നേരിടേണ്ടി വരുന്നു. ഒരു കൗൺസെലർ എന്ന നിലയിൽ നിങ്ങൾക്ക് ഒരു സ്വഭാവിക ജ്ഞാനം ആവശ്യമാണ്. എന്നിരുന്നാലും ഒരു ക്രിസ്തീയ കൗൺസിൽ അനുഭവ ജ്ഞാനത്തിൽമാത്രം പരിമിതപ്പെടുന്നവനല്ല.

തന്നോട് താഴ്മയോടെ ചോദിക്കുന്ന ആർക്കും ജ്ഞാനം പകർന്നു നൽകുവാൻ ദൈവം സന്നദ്ധനാണെന്ന് യാക്കോബ് വ്യക്തമാക്കുന്നു. *നിങ്ങളിൽ ഒരാൾക്ക് ജ്ഞാനം കുറവാണെങ്കിൽ അയാൾ ദൈവത്തോട് യാചിക്കണം, എന്നാൽ അത് അയാൾക്ക് ലഭിക്കും. അവിടുന്ന് ആരെയും കുറ്റപ്പെടുത്താതെ, എല്ലാവർക്കും ഔദാര്യത്തോടെ നൽകുന്നവനാണ്.*

എന്നിരുന്നാലും നാം സാധാരണ ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി പരിജ്ഞാനത്തിന്റെ പ്രത്യേക വാക്ക് പരിശുദ്ധാത്മാവ് നമുക്ക് നൽകുവാനിടയുണ്ട്. കൗൺസെലിംഗിനു വരുന്ന ആളിന്മേൽ അത് ഉണ്ടാക്കിയെടുക്കുന്ന സൗഖ്യ ശക്തി കാണുമ്പോൾ നമുക്ക് അത് മനസിലാക്കിയെടുക്കുവാൻ കഴിയും.

## അന്യഭാഷ, വ്യാഖ്യാനം, പ്രവചനം

ഈ വചന വരങ്ങൾ തന്റെ പ്രകൃത്യായുള്ള കഴിവിന ് അപ്പുറമായി തന്നെ ത്വരിതപ്പെടുത്തുന്നു. കൗൺസെലിംഗിനു വരുന്ന ആളുമായുള്ള സംഭാഷണത്തെ ക്രീയാത്മകമായി ശക്തിപ്പെടുത്തുവാൻ ഇവയ്ക്ക് കഴിയും. എന്നാൽ അന്യഭാഷാഭാഷണം എന്ന സ്വകാര്യവരം കൗൺസെലിംഗിന്റെ ഓരോ സെക്ഷൻ കഴിയുമ്പോഴും കൗൺസിലറെ ശക്തിപ്പെടുത്തുന്ന ഒന്നാണ്. ഈ സമയങ്ങളിൽ തന്റെ സംഘർഷങ്ങളെ നീക്കി അവയെ കർത്താവിന് ഭരമേൽപ്പിക്കുവാൻ അയാൾക്കു കഴിയും. മാത്രമല്ല, കൗൺസെലിംഗിനു വരുന്ന വ്യക്തികൾക്കുവേണ്ടി മദ്ധ്യസ്ഥചെയ്തു ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ ഈ സ്വകാര്യവരം ഉതകുന്നു (റോമ. 8 26,27).

## വിശ്വാസം അത്ഭുതപ്രവർത്തികൾ രോഗശാന്തിവരം

എബ്രായർ ലേഖനം 11 ന്റെ 1 പറയുന്ന പ്രകാരം *വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു* എന്ന് നാം മനസിലാക്കുന്നു. ഫലപ്രദരായ കൗൺസലേഴ്സായി തീരുന്നതിന് അവർ വിശ്വാസത്തിന്റെ ഉടമകളായിത്തീരേണം. സെക്കുലർ കൗൺസെലേഴ്സ് പോലും ആളുകളിൽ ഒരു പ്രത്യാശ ഉണ്ടാക്കുവാൻ കഴിവുള്ളവരായിരിക്കണം.

വിശ്വാസവും പ്രത്യാശയും തമ്മിലുള്ള ബന്ധം ശ്രദ്ധിക്കുക. വിശ്വാസം പ്രത്യാശയിൽ നിന്നാണ് വളരുന്നത്. കൗൺസെലിംഗിനു വരുന്ന വ്യക്തികളിൽ പ്രത്യാശയെ ഉളവാക്കുക എന്നതാണ് കൗൺസെലിംഗിന്റെ പ്രഥമവഴികളിൽ ഒന്ന്. പരിശുദ്ധാത്മാവിനാൽ പ്രചോദിക്കപ്പെട്ടുണ്ടാകുന്ന പ്രത്യാശയ്ക്ക് ഒരു വിശ്വാസത്തിന്റെ വരം ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്നു. അങ്ങനെ കൗൺസെലറിനും കൗൺസെലിംഗിനു വന്ന ആളുകളിലും ഒരു വിടുതലുനെക്കുറിച്ചുള്ള ഭാവിചിന്ത ഉണ്ടാകുവാനിടയാകുന്നു. എന്നാൽ ചില രംഗങ്ങളിൽ വിശ്വാസത്തെയും പ്രത്യാശയെയും മറികടന്നുകൊണ്ട് ഒരു ദൈവീക അത്ഭുതത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിയും. ഇത് എപ്പോഴും ഉണ്ടാകണമെന്നില്ല. ഇതുകൂടാതെ പരിശുദ്ധാത്മാവ് കൗൺസെലിംഗിനു വരുന്ന വ്യക്തികൾക്ക് രോഗശാന്തിയുടെ വരം നൽകുന്നു. നമ്മുടെ അടുക്കൽ കൗൺസെലിംഗിനു വരുന്ന ആളുകളുടെ പരിഹാരത്തിനായി അഥവാ അവരുടെ സൗഖ്യത്തിനായി നമ്മാലാവോളം പ്രവർത്തിക്കുമ്പോഴും ആത്യന്തികമായി പരിശുദ്ധാത്മാവാണ് അതു ചെയ്തെടുക്കുന്നത്. പ്രൊഫഷണൽ ഫീൽഡുകളിൽ പരിശീലനം ലഭിച്ച ദൈവഭക്തരായ കൗൺസെലേഴ്സ് എന്നതിലുപരി പരിശുദ്ധാത്മാവിന്റെയും ക്രിസ്തുവിന്റെയും സാന്നിദ്ധ്യത്തിൽ പ്രക്രീയമാകുന്ന കൗൺസെലിംഗാണ് യഥാർത്ഥ ക്രിസ്തുകേന്ദ്രീകൃത കൗൺസെലിംഗ്.



**റിച്ചാർഡ് ഡി. ഡോവിൻസ് എമേർജ് എന്ന സംഘടനയുടെ ഡയറക്ടറും ഇൻസ്റ്റ്യൂട്യൂട്ട് ഓഫ് മിനിസ്ട്രി ഇൻ നാപ്ലെസിന്റെ സ്ഥാപകനുമാണ്.**


PASTOR
THE
Counselor is
IN

# കാര്യക്ഷമനായ ക്രിസ്തീയ കൗൺസെലർ

ഡൊണാൾഡ് എ. ലിച്ചി.

***ഫലപ്രദ്യനായ ഒരു പാസ്റ്ററൽ കൗൺസെലറിന്റെ സാമർത്ഥ്യങ്ങളും യോഗ്യതകളും എന്തൊക്കെയാണ് ?***

പാസ്റ്റേഴ്സ് പലപ്പോഴും കൗൺസെലേഴ്സായി തീരുന്നത് സാധാരണമാണ്. മറ്റ് എന്തെങ്കിലും ഉപാധികൾ ഉണ്ടെങ്കിലും മിക്ക ആളുകളും തങ്ങൾക്ക് ആലോചനയും കരുതലും ലഭിക്കുന്നതിന് പ്രഥമമായി സമീപിക്കുന്നത് തങ്ങളുടെ പാസ്റ്ററെയാണ്. ഇതിനുള്ള കാരണം മനസിലാക്കുവാൻ വളരെ എളുപ്പമാണ്. പ്രസംഗം , ജനനം, കുട്ടിക്കാലത്തെ വളർച്ച, കൗമാരപ്രായം, ബിരുദങ്ങൾ , വിവാഹ പൂർവ കാലങ്ങൾ, വിവാഹം, പുനർവിവാഹം, മരണം , പ്രതിസന്ധി, കൂദാശകൾ , ചികിത്സാകരുതൽ, മരണം, അടക്കം എന്നിത്യാദികളിലൂടെ പാസ്റ്ററിന് ആളുകളോട് കൂടുതലായി അടുക്കുവാൻ ഇടം ലഭിക്കുന്നു. ആയതു കൊണ്ട് നിരാശയുടെ കാലങ്ങളിൽ ആലോചനക്കായി ആളുകൾ പാസ്റ്ററുടെ അടുക്കലേക്ക് ആദ്യമായി എത്തുന്നു. അനുദിനം അഥവാ വാരാവാരങ്ങളിൽ ആളുകളുമായി അടുത്തിടപെട്ട് അവരെ മനസിലാക്കുന്നതുകൊണ്ട് അവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള കരുതൽ നല്കുവാൻ തികച്ചും അതുല്യമായ ഒരു നിലയിലാണ് ഒരു പാസ്റ്റർ ആയിരിക്കുന്നത്. തന്റെ ആടുകളുടെ ആത്മീയ ഭക്ഷണത്തെക്കുറിച്ചും അവരെ ആത് മീയ അപകടത്തിൽ നിന്നും രക്ഷിക്കുന്നതിനുള്ള സംരക്ഷണത്തെക്കുറിച്ചും ഒരു പാസ്റ്റർ എപ്പോഴും കരുതലുള്ളവനാണ്.

ജനങ്ങൾ തങ്ങളുടെ ആത്മാവിനെ കരുതുവാൻ തക്കവണ്ണം അവർ തങ്ങളുടെ പാസ്റ്ററിൽ വിശ്വാസം അർപ്പിക്കുന്നു. മറ്റ് പ്രൊഫഷണൽ കൗൺസെലേഴ്സിന്റെ അരികിൽ അവതരിപ്പുക്കുന്ന പ്രശ്നങ്ങൾ തന്നെയാണ് പാസ്റ്റേഴ്സിന്റെ അടുക്കൽ അവതരിപ്പിക്കുന്നതും. വിവാഹപൂർവ ഒരുക്കം, വൈവാഹിക പ്രശ്നങ്ങൾ, മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധം, ആകുലം, കുറ്റചിന്ത, നിരാശ, ലൈംഗീക പ്രശ്നങ്ങൾ ,വിവിധ തരത്തിലുള്ള ആസക്തികൾ , വിശ്വാസ സംബന്ധിയായ കാര്യങ്ങൾ എന്നിവ മിക്കപ്പോഴും വിഷയങ്ങളായി വരുന്നു.

## കാര്യക്ഷമമായ ക്രിസ്ത്യൻ കൗൺസെലിംഗ് എന്നാലെന്താണ് ?

ഒരാൾ ക്രിസ്തുവിങ്കലേക്ക് നടത്തപ്പെടുമ്പോൾ അവരുടെ മാനസാന്തരത്തിനു മുമ്പുണ്ടായിരുന്ന ശീലങ്ങൾ അവരെ വേട്ടയാടും എന്നുള്ളത് മനസിലാക്കാൻ കഴിയുന്നു. നിർഭാഗ്യവശാൽ ഇത്തരം മാനസാന്തരത്തിനു മുമ്പുള്ള പ്രശ്നങ്ങൾ തങ്ങളുടെ രക്ഷയെതന്നെ സംശയിക്കത്തക്കവണ്ണം അവരെ നയിക്കുന്നു. ചില വിശ്വാസികൾ അവരുടെ തലമുറയുടെ സ്വാധീനത്തിൽ ആയിത്തീരുന്നു. അവരുടെ ശീലങ്ങൾക്കനുസൃതമായി അവരുടെ ജീവിതം ആയിത്തീരുന്നു. എല്ലാവരുടെയും ജീവിത ചരിത്രത്തിൽ നല്ലതിന്റെയും തീയതിന്റെയും തികച്ചും മോശമായതിന്റെയും പങ്കുണ്ട്. ദൈവത്തിന്റെ സ്നേഹത്തെപ്പോലും വിശ്വാസികൾ ചോദ്യം ചെയ്യുമാറുള്ള ദുരന്തങ്ങളും നിരാശകളും കടന്നു വരാറുണ്ട്. മിക്കപ്പോഴും അവർ തങ്ങളുടെ പാസ്റ്ററുടെ അടുത്ത് ഉറപ്പിനായും വിടുതലിനായും കടന്നു വരുന്നു. കാര്യക്ഷമമായ ക്രിസ്തീയ കൗൺസെലിംഗ് എന്നു പറയുന്നത് പാപത്തെ കൈകാര്യം ചെയ്യുകയോ സ്വഭാവത്തെ നന്നാക്കുകയോ ചെയ്യുക എന്നുള്ളതിലുപരിയാണ്. ഒരു വ്യക്തി ഉദ്ദേശ്യപരമായി മനസാക്ഷിയുടെ അടിത്തട്ടിൽ നിന്നും ഒരു ആത്മീക ഉന്നമനത്തിലേക്ക് നടത്തപ്പെടും വിധം ക്രിസ്തു എല്ലാം എല്ലാമായിത്തീരുന്ന വഴികാട്ടലും പ്രകാരവും ഒരു വ്യക്തിക്ക് നൽകുന്നതാണ് കാര്യക്ഷമമായ ക്രിസ്തീയ കൗൺസെലിംഗ് എന്നു പറയുന്നത്. സ്വഭാവം ,മാനസീകനില, വിശുദ്ധശീലങ്ങൾ എന്നിങ്ങനെ ക്രിസ്തുവിന്റെ ജീവിതത്തോട് പൊരുത്തപ്പെടുന്ന ചില പുരോഗമനങ്ങൾ കാലാന്തരത്തിലുണ്ടാക്കിയെടുക്കുന്ന ആത്മീക ആകാരപ്പെടുത്തലിന്റെ ഫലമാണ് . ക്രിസ്തീയ കൗൺസെലിംഗ് മേഖലയുടെ മുന്നോടിയും നേതാവുമായ ഡോ. കേറി കോളിംഗ്സ് നൽകുന്ന ക്രിസ്തീയ ആലോചനയെ സംബന്ധിച്ച ഈ ചിന്താഗതിയെ ഞാൻ അംഗീകരിക്കുന്നു.

ക്രിസ്തീയ ആലോചനയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുമ്പോൾ സഹായം ചെയ്യുന്ന വ്യക്തിയെയും പ്രയോജനപ്പെടുത്തപ്പെടുന്ന യുക്തിയെയും കൗൺസെലിംഗിലൂടെ ചെന്നെത്തുവാനാഗ്രഹിക്കുന്ന ലക്ഷ്യത്തെയും ഊന്നിപ്പറയുന്ന ഒരു മാനസീക നില കാണപ്പെടുന്നു. ഈ വീക്ഷണത്തിൽ ഒരു ക്രിസ്തീയ കൗൺസെലർ താഴെപറയും പ്രകാരമുള്ളവനാണ്.

1-വളരെ ആഴമായ സമർപ്പണമുള്ളതും ആത്മാവിന്റെ വഴിനടത്തിവിന് വിധേയപ്പെടുന്ന ക്രിസ്തുവിന്റെ ദാസനുമായിരിക്കും.
2- ദൈവത്താൽ തനിക്കു നൽകപ്പെട്ട സാമർത്ഥ്യങ്ങളെയും പാടവങ്ങളെയും പരിശീലനങ്ങളെയും അറിവെയും ഉൾക്കാഴ്ചയെയും അവർ പ്രയോജനപ്പെടുത്തുന്നു.

3-മറ്റുള്ളവരെ സഹായിക്കുക എന്നത് അവരുടെ വ്യക്തിപരമായ സൗഖ്യത്തിനും അന്യോന്യബന്ധങ്ങളിലൂടെയുള്ള കാര്യക്ഷമതയ്ക്കും മാനസീക സ്ഥിരതയ്ക്കും ആത്മീയ പക്വതയ്ക്കും ഇടം നൽകുന്നു.

4-സാമർത്ഥ്യമുള്ള ക്രിസ്തീയ കൗൺസെലംഗ് പ്രശ്നങ്ങളെ തിരിച്ചറിയുന്നതിനും പ്രതീക്ഷകളെ തീരുമാനിക്കുന്നതിനും ശക്തിയെ മനസിലാക്കുന്നതിനും ചികിത്സാ സമ്പ്രദായത്തെ പുരോഗമിപ്പിക്കുന്നതിനും സഹായമാകുന്നു. ഇവ നിമിത്തം അവർ തങ്ങളുടെ ദൈവരാജ്യത്തെക്കുറിച്ചുള്ള ക്രീയാബദ്ധതയെ മനസിലാക്കിയെടുക്കുവാനിടയാകും. അവ താഴെ വിശദീകരിക്കുകയാണ്.

## ക്രിസ്തീയ കൗൺസെലിംഗിന്റെ ഉദ്ദേശ്യം

### ദൈവം ഏതു ലക്ഷ്യത്തോടെ സഭയ്ക്ക് ആലോചകരെ നൽകിയിരിക്കുന്നു ?

എഫേ.4 :12-ൽ നാം ഇതിനുള്ള മറുപടി കാണുന്നു. *അത് ക്രിസ്തുവിന്റെ ശരീരത്തിന് ആത്മീയ വർദ്ധനവു വരുത്തുന്ന ശുശ്രൂഷയ്ക്കായി വിശുദ്ധരെ സജ്ജരാക്കുന്നതിനാണ്.* ഈ വാക്യത്തിൽ ഉപയോഗിച്ചിട്ടുള്ള *കട്ടാർട്ടിസ്മോൻ* എന്ന പദം പുതിയ നിയമത്തിൽ മറ്റെങ്ങും കാണപ്പെടുന്നില്ല. ചില കാര്യങ്ങളെ നന്നാക്കിയെടുക്കുക. (മത്താ. 2: 21) പ്രപഞ്ചത്തെ അതിന്റെ ആകാരത്തിലും ക്രമത്തിലും മടക്കികൊണ്ടുവരിക (എബ്രാ. 11: 3 ). വീണുപോയ ഒരു മനുഷ്യനെ തിരികെ ആത്മീയ ബലത്തിലേക്ക് മടക്കികൊണ്ടുവരിക(ഗലാ. 6:1) , എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ അതിന്റെ ക്രിയാപദം ഉപയോഗിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു.

സുവിശേഷ ദൗത്യമെന്നത് നശിച്ചുപോയ ആത്മാക്കൾക്ക് ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നതാണ്. എന്നാൽ കൗൺസെലിംഗ് ഉൾപ്പെടുന്ന ഒരു ഇടയ ദൗത്യം വിശ്വാസിയെ അവരുടെ ദൈവീക ശക്തിയെ തിരിച്ചറിയുവാൻ ഉതകുന്നതാണ്. ദൈവത്തിന് പാപിയെ രക്ഷിക്കുവാനും ക്രിസ്തുവിന്റെ പ്രതിരൂപമാക്കി അവനെ മാറ്റുവാനും കഴിയുമെന്നുള്ളതാണ് സുസന്ദേശം. മനുഷ്യനെ മുറ്റുമായി മാറ്റുവാൻ പരിശുദ്ധാത്മാവ് ക്രിയാബദ്ധമാണ്. അവിടുന്ന് ശരീരത്തിനും മനസിനും വികാരങ്ങൾക്കും ബന്ധങ്ങൾക്കും യേശുക്രിസ്തുവിനോടൊപ്പമുള്ള നമ്മുടെ വ്യക്തിപരമായ നടപ്പിനും സൗഖ്യം നൽകുന്നു. കൗൺസെലിംഗിനു വരുന്ന ആളുകളെ ക്രിസ്തുയേശുവിലുള്ള ആശ്രയത്വത്തിലേക്കും ആലംബത്തിത്വത്തിലേക്കും നയിക്കുന്നത് ഒരു പാസ്റ്ററെ സംബന്ധിച്ചിടത്തോളം തന്റെ ഉത്തരവാദിത്വവും ശ്ലാഘ്യവുമാണ്. ചുരുക്കിപറഞ്ഞാൽ ദൈവം ഒരു മനുഷ്യനെ സൗഖ്യമാക്കുമ്പോൾ അത് അവനുവേണ്ടി മാത്രമല്ല, അത് മറ്റുള്ളവർക്കുംവേണ്ടി പ്രയോജനപ്പെടുന്ന ഒന്നായിത്തീരുന്നു.

### കാര്യക്ഷമമായ ക്രിസ്തീയ കൗൺസെലിംഗിന്റെ പദ്ധതിയും പ്രക്രിയയും

മിക്ക പാസ്റ്റേഴ്സിനെയും സംബന്ധിച്ചിടത്തോളം കൗൺസെലിംഗ് കേവലം ഒരു ആകർഷണോപാധിമാത്രമാണ്. ജീവിതത്തിന്റെ വലിയ പ്രശ്നങ്ങൾക്ക് ആളുകൾ നിങ്ങളുടെ ജ്ഞാനത്തെയും വഴികാട്ടലിനെയും തേടിവരും.

കൗൺസെലറായി ആഴ്ചയിൽ അഞ്ചേയറ്റം ആറുമണിക്കൂറിലധികം ചെലവഴിക്കരുതെന്നു ഞാൻ പാസ്റ്റേഴ്സിന് ആലോചന നൽകുന്നു. വ്യക്തിപരമായ കൗൺസെലിംഗിന് മൂന്ന് അഥവാ അഞ്ച് സെക്ഷനിലധികമാകരുത്. അതിനുള്ളിൽ പ്രശ്നങ്ങൾക്ക് തീർപ്പു കാണാതെ വന്നാൽ ഒരു കൗൺസെലറിന്റെ അടുക്കലേക്ക് അയക്കുക. വ്യക്തിപരമായ കൗൺസെലിംഗിന് നിങ്ങളുടെ സമയത്തെ കൂടുതൽ ചെലവഴിക്കേണ്ടിവരും. കൗൺസെലിംഗ് എന്നുള്ളത് നിങ്ങളുടെ അനേക ഉത്തരവാദിത്വങ്ങളിൽ ഒന്നുമാത്രമാണെന്നുള്ളത് മറക്കാതിരിക്കുക. വാസ്തവമായ പ്രതീക്ഷകളെ സൂക്ഷിക്കുവാൻ ചില അടിസ്ഥാന വഴികാട്ടലുകൾ എഴുതിവെച്ച് അവയെ പിൻപറ്റുക.

കൗൺസെലിംഗ് പ്രക്രീയയ്ക്ക് മൂന്നുഭാഗങ്ങളുണ്ട്.

1-നിങ്ങളുടെ ഭാഗം

2- എന്റെ ഭാഗം

3- നാം ഒരുമിച്ചു ചെയ്യുന്നഭാഗം

* നിങ്ങളുടെ ഉത്ഖണ്ഠകളെക്കുറിച്ച് നിങ്ങൾ വിവരിക്കുമ്പോൾ ബഹിരംഗമായും സത്യസന്ധമായുമുള്ളത് നിങ്ങളുടെ ഭാഗമായിരിക്കും.

* ശ്രവിക്കുന്നതും മനസിലാക്കുന്നതും എന്റെ ഭാഗമായിരിക്കും. അതുകൊണ്ടാണ് കൗൺസെലിംഗ് സെക്ഷനുകളിൽ ഞാൻ ചോദ്യം ചോദിക്കുന്നതും കുറിപ്പെഴുതുന്നതും.

* മൂന്നാമത്തെ ഭാഗം അന്യോന്യം പങ്കിട്ടുള്ള ഉത്തരവാദിത്വങ്ങളാണ്. അതിൽ വിശ്വാസ്യത തീരുമാനമെടുക്കൽ, പഠനം എന്നിത്യാദികൾ ഉൾപ്പെടുന്നു. നാം തമ്മിൽ ചർച്ച ചെയ്യു കാര്യങ്ങൾ ഞാൻ മറ്റ് ആരോടും പറയുകയില്ല എന്നതിനെയാണ് വിശ്വാസ്യത എന്നു പറയുന്നത്. തീരുമാനമെടുക്കുന്നതിന് നാം ഒരുമിച്ച് പ്രവർത്തിക്കും എന്നാൽ തീരുമാനം എടുക്കുക എന്നുള്ള ഉത്തരവാദിത്വം നിങ്ങൾക്കുള്ളതാണ്. ഒടുവിലായി നിങ്ങളുടെ ജീവിതത്തിന്റെ മറ്റു മേഖലയിലേക്ക് ചെലുത്തും വിധം അനേക കാര്യങ്ങൾ നിങ്ങൾ പഠിക്കേണം എന്നുള്ളതാണ് എന്റെ ആഗ്രഹം. ഈ ഘടനക്കു ശേഷം താഴെ കാണുന്ന ചോദ്യങ്ങൾ ചോദിക്കുന്നത് കൗൺസെലിംഗിന്റെ തുടക്കത്തിന് വളരെ എളുപ്പമായിരിക്കും.

നിങ്ങൾ എന്തുകൊണ്ടാണ് ഇവിടെയായിരിക്കുന്നത് ? ഞാൻ എപ്രകാരമാണ് നിങ്ങളെ സഹായിക്കേണ്ടത് ? നിങ്ങളെ ഇവിടേക്ക് കൊണ്ടുവരുവാൻ പ്രചോദിപ്പിച്ചത് എന്താണ്? ആലോചന അല്ലെങ്കിൽ കൗൺസെലിംഗിനായി വന്ന ആളുകളുടെ ഉത്കണ്ഠകൾ ചുരുക്കമായി പറയുവാൻ ഞാൻ അവരെ അനുവദിക്കാറുണ്ട്. അതിനുശേഷം പരിഹാര കേന്ദ്രീകൃതമായ ഒരു സമീപനമുറയോടെ അവരുടെ പ്രശ്നങ്ങൾക്ക് തീർപ്പു കാണുവാൻ ശ്രമിക്കുമ്പോൾ അത് എപ്രകാരമായിരിക്കുമെന്ന് സങ്കല്പിച്ചുനോക്കുവാൻ പറയും. പലപ്പോഴും ആളുകൾ തങ്ങളുടെ പ്രശ്നങ്ങളിലേക്ക് കണ്ണു നട്ടുമ്പോൾ അതിന്റെ പരിഹാരങ്ങളെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നു.

അടുത്തതായി ലക്ഷ്യത്തിനായുള്ള പദ്ധതി ഇടീലാണ്. പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും തീരുമാനമെടുക്കുവാനും നയിക്കുന്ന വ്യക്തവും വഹിക്കത്തക്കതുമായ ലക്ഷ്യങ്ങളെ പുരോഗമിപ്പിച്ചെടുക്കുവാൻ ഞാൻ കൗൺസെലിംഗിനു വരുന്നവരോട് പറയാറുണ്ട്. ഇതേ സമയം തന്നെ തങ്ങളുടെ ശരീരം മനസ് ,വികാരം , ബന്ധങ്ങൾ , പ്രത്യേകിച്ച് യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ

നടപ്പ് എന്നിവയുടെ യഥാസ്ഥാനപ്പെടുത്തലിന് സഹായകമായി ഞാൻ അവരോടൊപ്പം പ്രവർത്തിക്കാറുണ്ട്. തുടർന്നു വരുന്ന ഓരോ സെക്ഷനിലും ഞാൻ അഞ്ചു പരിമാണങ്ങളെക്കുറിച്ചു പറയാനുണ്ട്. ശാരീരികം( ഭക്ഷിക്കുക, ഉറങ്ങുക, വ്യായാമം, വിശ്രമം) ബുദ്ധിപരമായത് (ചിന്താജീവിതം, ഒറ്റചിന്തയാൽ കുടുങ്ങപ്പെടുക , വായന) വികാരങ്ങൾ (നിയോഗം, ഊർജം ) സാമൂഹികം (എടുത്തുപറയതക്ക ബന്ധങ്ങൾ , ജോലി,കുടുംബജീവിതം,സുഹൃത്ബന്ധങ്ങൾ) ആത്മീകം (ഭക്തിജീവിതം, പ്രാർത്ഥന, വേദപുസ്തകവായന, ആത്മീക അച്ചടക്കം ) ഈ ഓരോ മേഖലയുടെയും ഉന്നമനത്തിനായി ഞാൻ കൗൺസെലിംഗിനു വരുന്നവരോടൊപ്പം പ്രവർത്തിക്കാറുണ്ട്. നമ്മിൽ നടപ്പെട്ടിരിക്കുന്നതായ പാപശീലങ്ങളെ ജയിക്കുന്നതിന് നമ്മുടെ ഇംഗിതശക്തി തികച്ചും പ്രധാനപ്പെട്ട ഒന്നാണെന്നുള്ളത് കൗൺസെലിംഗിൽ വരുന്ന ആളിനെ ഓർമ്മപ്പെടുത്തേണം.

ദൈവത്തിന്റെ കൃപയ്ക്കു ചെയ്തെടുക്കുവാനാകുന്നത് മനുഷ്യന്റെ ഇംഗിതത്തിനു ചെയ്തെടുക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ കൃപയുടെ വഴിയിലൂടെ നടക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ അവിടുത്തെ ഹിതം ചെയ്തെടുക്കുവാനുള്ള ഇംഗിതം നമ്മിലുണ്ടാകും (ഫിലി. 2 13 ).

## കാര്യക്ഷമമായ ക്രിസ്തീയ കൗൺസെലിംഗിന്റെ വേദന

കാര്യക്ഷമമായ ക്രിസ്തീയ കൗൺസെലിംഗ് എന്നു പറയുന്നത് സസൂക്ഷമം കൈകാര്യം ചെയ്യേണ്ട ഒന്നാണ്. ചില നേരങ്ങളിൽ അത് വളരെ വേദനാജനകമായി കാണുന്നു. പലപ്പോഴും ജനങ്ങൾ അഭിവൃദ്ധി പ്രാപിക്കുകയും പ്രശ്നവിമുക്തരാകുകയും ചെയ്യുമ്പോൾ അവർ പൊങ്ങച്ചം പറയുകയും നിങ്ങൾ അവർക്കുവേണ്ടി ചെയ്തതിനെ മറക്കുകയും ചെയ്യുന്നത് വേദന ഉളവാക്കുന്നതാണ്. അപ്പൊസ്തോലനായ പൗലോസിന്റെയും ജിവിതത്തിൽ ഇതേവ്യഥ നേരിടേണ്ടി വന്നിട്ടുണ്ട്. താൻ തന്റെ ജീവനും ഹൃദയവും ഒഴുക്കി സ്ഥാപിച്ച ഗലാത്യസഭ ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്തിലൂടെ മാത്രമുള്ള രക്ഷ എന്ന ലളിതനമായ സത്യത്തെ നിരാകരിച്ചപ്പോൾ പൗലോസിന്റെ മനസു വേദനിച്ചു (ഗലാ. 4: 8,9). *ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പ്രസവവേദനപ്പെടുന്നു* എന്ന് പൗലോസ് പറയുന്നു. (ഗലാ. 4 19). പലപ്പോഴും നിങ്ങൾ കൗൺസെൽ ചെയ്യുന്ന വ്യക്തി ദൈവജ്ഞാനം ത്യജിച്ച് പഴയ വഴികളിലേക്ക് തിരിയുന്നതു കാണുമ്പോൾ നിങ്ങളുടെ മനസു ദുഃഖിക്കും.

ദൈവത്തിൻെ വചനത്തിലും അവിടുത്തെ സത്യത്തിലും വഴികളിലും തുടർന്ന് നിലനിൽക്കുക എന്നതാണ് നിങ്ങൾ ചെയ്യേണ്ടത്. കൗൺസെലിംഗിനായി വരുന്നവരുടെ ഇപ്പോഴത്തെ തെരഞ്ഞെടുപ്പു നിമിത്തമായി അവർക്ക് വരുവാൻ പോകുന്നതിനെക്കുറിച്ച് മുന്നറിയിക്കുകയും ഗുണദോഷിക്കുകയും ചെയ്യേണം. പഴയ മനുഷ്യനെ അവർ തുടർന്നു പോഷിപ്പിച്ചാൽ അത് ദൈവത്തോടുള്ള ബന്ധം അറുത്തുകളയുന്നതായിത്തീരും. മാത്രമല്ല, മറ്റ് നിഷേധാത്മാകമായ ഭവിഷ്യത്തുകളും ഉണ്ടാകുമെന്ന് അയാൾക്ക് മുന്നറിയിപ്പു നൽകുക.( ഗലാ. 5: 16 മുതൽ) എന്നാൽ മറുവശത്ത് , കൗൺസെലിംഗിനു വരുന്ന ആൾ ദൈവത്തിന്റെ വചനത്തിന് കീഴ്പ്പെട്ട് പരിശുദ്ധാത് മാവിന്റെ നടത്തിപ്പിന് അനുസൃതമായി ജീവിച്ചാൽ ആ വ്യക്തിയുടെ ജീവിതം ആത്മാവിന്റെ ഫലം നൽകുന്നതായി തീരുമെന്ന് അവർക്ക് പറഞ്ഞു കൊടുക്കുക( ഗലാ. 5 22 മുതൽ )

## സാമർത്ഥ്യമുള്ള ക്രിസ്തീയ കൗൺസെലിംഗിനെ മൂല്യനിർണയം ചെയ്യുന്നത്

സാമർത്ഥ്യമുള്ള ക്രിസ്തീയ കൗൺസെലിംഗ് മൂല്യനിർണയം ചെയ്യണമെങ്കിൽ കൗൺസെലിംഗിനു വന്നിരിക്കുന്ന ആൾ പ്രതീക്ഷിക്കുന്ന ഫലം പ്രാപിക്കുന്നുവോ എന്ന് പാസ്റ്റർ ശ്രദ്ധിക്കേണ്ടതുണ്ട്. നിങ്ങൾ പ്രതീക്ഷിക്കുന്നതിനെ പരിശോധിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്. പ്രാവർത്തികമായത് എന്താണ് ? പ്രാവർത്തികമാകാതിരുന്നത് എന്താണ്? തന്റെ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ കൗൺസെലിംഗിനു വന്ന വ്യക്തി വിജയിച്ചിട്ടുണ്ടോ ? കൗൺസെലിംഗിനു വന്ന വ്യക്തിയിൽ ആത്മാവിന്റെ ഫലങ്ങൾ കാണുന്നുണ്ടോ? (ഗലാ. 5 : 16-26). പുതുമനുഷ്യനെ ധരിക്കുകയും പഴയ മനുഷ്യനെ ഉരിഞ്ഞുകളയുകയും ചെയ്യുന്നതായ ജീവിത തെരഞ്ഞെടുപ്പുകൾ കൗൺസെലിംഗിനു വന്ന വ്യക്തി ചെയ്യുന്നുണ്ടോ ? അസന്മാർഗീകത , സ്വാർത്ഥത, ആസക്തി എന്നിവയെ അയാൾ ഒഴിവാക്കുന്നുണ്ടോ? അവർ മറ്റുള്ളവരോട് സ്നേഹവും ജീവിതത്തോട് താല്പര്യവും കാട്ടുന്നുണ്ടോ ? ദൈവം ഇഷ്ടപ്പെടുന്ന കാര്യങ്ങൾ അവർ ഇഷ്ടപ്പെടുന്നുണ്ടോ ? ദൈവം വെറുക്കുന്ന കാര്യങ്ങൾ അവർ വെറുക്കുന്നുണ്ടോ ? ചുരുക്കത്തിൽ ദൈവം സ്നേഹിക്കുന്ന കാര്യങ്ങളെ അയാൾ സ്നേഹിക്കുകയും ദൈവം പകയ്ക്കുന്ന കാര്യങ്ങളെ അയാൾ പകയ്ക്കുകയും ചെയ്യുന്നുണ്ടോ ? പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന കാര്യങ്ങൾ അയാളെയും ദുഃഖിപ്പിക്കുന്നുണ്ടോ ?

പരിശുദ്ധാത്മാവിലുള്ള തന്റെ ആശ്രയത്വം നിമിത്തം പ്രകൃത്യാതീതമായ ചില സംഭവ വികാസങ്ങൾ ചില പ്രതിസന്ധിഘട്ടങ്ങളിൽ പാസ്റ്റർ പ്രതീക്ഷിക്കേണ്ടതാണ്. ശക്തിക്കായും സ്വസ്തതയ്ക്കായും വിവേചനത്തിനായും പരിശുദ്ധാത്മാവിലാശ്രയിക്കുക എന്നുള്ളത് സാമർത്ഥ്യമുള്ള കൗൺസെലിംഗിന്റെ പ്രത്യേകതയാണ്. പാസ്റ്ററിലൂടെ പരിശുദ്ധാത്മാവ് കൗൺസെലിംഗിനു വരുന്ന ആളിനുവേണ്ടി പ്രവർത്തിക്കുന്നു. ഇത് കൗൺസെലിംഗിനു വരുന്ന ആളിന്റെ ഭൂതകാലത്തെ മുറിവുകൾ ഉണക്കുകയും വർത്തമാനകാലത്തെ പ്രതിസന്ധികളിൽ നിന്ന് വിടുതൽ നൽകുകയും മഹത്വപൂർവമായ ഒരു ഭാവിയെക്കുറിച്ച് പ്രത്യാശ നൽകുകയും ചെയ്യുന്നു. ■



**ഡൊണാൾഡ് എ. ലിച്ചി,**
**ഒരു സൈക്കോളജിസ്റ്റും എമേർജിന്റെ വൈസ് പ്രസിഡന്റുമാണ്.**

# തീരാരോഗം,വേദന എന്നിവയാൽ ഭാരപ്പെടുന്നവർക്ക് പാസ്റ്ററൽ കൗൺസെലിംഗ് നൽകുന്നതിനുള്ള സമീപന മുറ



**സഭാവിശ്വാസികൾ പാസ്റ്ററുടെ അടുക്കൽ കൊണ്ടുവരുന്ന ആവശ്യങ്ങളിൽ തീരാരോഗം, വേദന എന്നിവയുള്ളവരെ പരിപാലിക്കുന്നതപോലെയുള്ള ചില പ്രശ്നങ്ങൾ സങ്കീർണമായതും കൈകാര്യം ചെയ്യാൻ പ്രയാസമുള്ളതായും കാണുന്നു.**

■ ഡൗഗ് വീഗന്റ്

സഭാവിശ്വാസികൾ പ ാസ്റ്ററുടെ അടുക്കൽ കൊണ്ടുവരുന്ന ആവശ്യങ്ങളിൽ തീരാരോഗം, വേദന എന്നിവയുള്ളവ രെ പരിപാലിക്കുന്നതുപോലെയുള്ള ചില പ്രശ്നങ്ങൾ സങ്കീർണമായതും കൈകാര്യം ചെയ്യാൻ പ്രയാസമുള്ളതാ യും കാണുന്നു. ഇവ രണ്ടും ഒരു വ്യ ക്തിയുടെ ജീവിതത്തിൽ വലിയ സ്വാ ധീനം ചെലുത്തുന്നതായി നമുക്കു കാ ണുവാൻ കഴിയുന്നു. തങ്ങളുടെ ജീവിതകാലം മുഴുവനും രോഗത്താലോ വേ ദനയാലോ തങ്ങൾ ഭാരപ്പെട്ടുകൊണ്ടിരിക്കേണം എന്ന അറിവ് (എന്തെങ്കി ലും അത്ഭുതം നടക്കാത്ത പക്ഷം) ഇവർക്ക് വളരെ വലിയ ഭാരമായിത്തീരുന്നു. ഇപ്രകാരം തീരാരോഗം അഥവാ വേദനയുള്ളവരുടെ ലോകവീക്ഷണം ആരോഗ്യവാന്മാരായി ജീവിക്കുന്നവരുടെ ലോകവീക്ഷണത്തിൽ നിന്നും വ്യത്യസ്തമായിരിക്കും. ആത്മനിറവിൽ ജീവിക്കുന്ന വിശ്വാസിപോലും ഇതിൽ നിന്നും വ്യത്യസ്തനല്ല. തീരാരോഗം വേദന എന്നിവയുള്ള ജനങ്ങൾ മറ്റുള്ളവരുടെ കൂട്ടത്തിൽ എണ്ണപ്പെടാത്ത ഒരു പ്രത്യേക കൂട്ടമായി മാറിയിരിക്കുന്നു.

ഹൃദ്രോഗം , പ്രമേഹം,ശരീര വളർച്ച ഇല്ലായ്മ, അന്ധത, തലച്ചോറിനു ഉണ്ടാകുന്ന ബാധകൾ ജന്മനാ ഉണ്ടാകുന്ന കുഴപ്പങ്ങൾ, മാനിസിക വൈകല്യങ്ങൾ ഇത്യാദി തീരാരോഗങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നവയാണ്. തീരാരോഗങ്ങളുടെ വേദന തുടർന്നുകൊണ്ടിരിക്കുന്ന ഒരു ശാരീരിക അസ്വസ്ഥതയാണ്. ജീവിതത്തിലെ സാധാരണ പ്രവർത്തനങ്ങളെപ്പോലും വഷളാക്കും വിധം അതു തീവ്രമാണ്. തീരാരോഗങ്ങളുടെ കൂട്ടത്തിൽ മുതുകിനുണ്ടാകുന്ന വേദന, ഞരമ്പുകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ, അർബുദം, ഗ്യാസ്ട്രബിൾ , എപ്പോഴുമുള്ള തലവേദന എന്നിവയും ഉൾപ്പെടുന്നു.

തീരാരോഗങ്ങളാലും വേദനയാലും ഭാരപ്പെടുന്ന മിക്കവരും തങ്ങളുടെ പ്രശ്നങ്ങളെ മറ്റുള്ളവരുമായി ചർച്ച ചെയ്യുവാൻ മടിയുള്ളവരാണ്. തങ്ങളെ മനസിലാക്കുകയില്ല എന്ന ഭയം, പരാജയരീതി എന്നിത്യാദികളാണ് മറ്റുള്ളവരുടെ സഹായം തേടുന്നതിനുള്ള തടസങ്ങളായി കാണുന്ന ചില കാര്യങ്ങൾ. എന്നാൽ അനുകമ്പയുള്ള ഒരു പാസ്റ്റർക്ക് ഇത്തരത്തിൽ പ്രത്യാശയില്ലാത്ത ആളുകൾക്ക് പ്രത്യാശ നല്കുംവിധം അവരെ ശുശ്രൂഷിക്കുവാനുള്ള സുവർണ അവസരമാണത്. തീരാരോഗമുള്ളവർക്ക തീവ്ര വേദനയും ഉണ്ടാകുന്നു. എത്ര വിശ്വാസമുള്ള ക്രിസ്ത്യാനിയെപോലും തുടർന്നുള്ള ഇത്തരം വേദന വലിയ നിരാശയിലേക്കു കൊണ്ടുവരും. തീവ്രമായ ഞരമ്പുരോഗത്താൽ ബാധിക്കപ്പെട്ട എന്റെ ഒരു രോഗി പറഞ്ഞ കാര്യങ്ങളെ ഞാൻ ഇവിടെ കുറിക്കുകയാണ്. ചില നാളുകളിൽ ഇനിയും ഇത് എനിക്കു വഹിക്കുവാൻ കഴിയുകയില്ല എന്ന് തോ ന്നൽ ഉണ്ടാകുന്നു. നാൾതോറും വേദന എന്നെ

തളർത്തിക്കളയുന്നു. ചില ദിവസങ്ങളിൽ അത് മറ്റു ദിവസങ്ങളെക്കാൾ മോശമായിത്തീരുന്നു. അത് ഒരിക്കലും മാഞ്ഞുപോകുന്നില്ല. ചില ദിവസങ്ങളിൽ അത് ചെറിയ പല്ലുവേദപോലെ അനുഭവപ്പെടുന്നു. അത് എനിക്കു താങ്ങുവാൻ കഴിയുന്നില്ല. എന്നാൽ ചില നേരങ്ങളിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ വല്ലാത്ത വേദനയായി അത് മാറുന്നു. ഒരു മൂർച്ചയുള്ള കത്തികൊണ്ട് എന്നെ തുളയ്ക്കുന്നതായി എനിക്കു തോന്നി. ഞാൻ എന്റെ ഉള്ളിൽ കരച്ചിൽ അടക്കി കൊള്ളുന്നു. ഈ വേദനകളുടെയൊക്കെയും നടുവിൽ എന്റെ ഭാര്യയുടെ മനോവേദന കാണുമ്പോൾ ഞാൻ അത്യധികം ദുഃഖമുള്ളവനായി കാണുന്നു. തീരാവ്യാധി അഥവാ തീരാവേദന അനുഭവിക്കുന്നവരെ ശുശ്രൂഷിക്കുവാനായി നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് തികച്ചും നല്ല കാര്യമാണ്. ആ വ്യക്തിയുടെ തീരാരോഗം നിമിത്തം അയാൾക്ക് എങ്ങും പോകുവാൻ കഴിയാത്ത സ്ഥിതി ആയിരിക്കാം. ചിലപ്പോൾ തീരാവേദന നിമിത്തം ജോലി ചെയ്യുവാനുള്ള ശേഷി നഷ്ടപ്പെട്ടവനായി തീർന്നിരിക്കാം. ഇത്തരം അതിവേദനയുള്ള തീരാരോഗികൾക്കായി ശുശ്രൂഷ ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ ജ്ഞാനവും ഉൾക്കാഴ്ചയും നിങ്ങൾക്ക് ആവശ്യമാണ്. എങ്കിൽ മാത്രമേ നിങ്ങൾക്കു ഫലപ്രദനായിത്തീരുവാൻ കഴിയുകയുള്ളൂ. ആരോഗ്യവാനായിരിക്കുന്ന ഒരാൾക്ക് രോഗത്താൽ ഭാരപ്പെടുന്ന ഒരാളുടെ വേദനയെ മനസിലാക്കുവാൻ പ്രയാസമാണ്. എന്നാൽ ഇപ്രകാരമുള്ള രോഗത്താൽ ബാധിക്കപ്പെട്ടവർക്ക് പൊതുവായ ചില മനോഭാവങ്ങൾ വിശ്വാസങ്ങൾ, സ്വഭാവങ്ങൾ എന്നിവ നമുക്കു കാണുവാൻ കഴിയും. അങ്ങനെ സാധാരണമായിട്ടുള്ള ഇത്തരം കാര്യങ്ങളെ മനസിലാക്കികൊണ്ട് ഒരു പാസ്റ്ററൽ കൗൺസെലറിന് ഇത്തരക്കാരെ വേണ്ടുംവിധം സഹായിക്കുവാൻ കഴിയും. തീരാത്ത വേദനയെ താങ്ങുവാൻ തുനിയുന്ന മനോനില ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം നാശകരമാണ്. തീരാരോഗങ്ങളാൽ നിഷേധാത്മകമായി ബാധിക്കപ്പെട്ടിട്ടുള്ള ആളുകളെ ഞാൻ മൂന്നായി തരം തിരിക്കുന്നു.

**ആരോഗ്യവാനായിരിക്കുന്ന ഒരാൾക്ക് രോഗ ത്താൽ ഭാരപ്പെടുന്ന ഒരാളുടെ വേദനയെ മനസിലാക്കുവാൻ പ്രയാസമാണ്.**

## ആത്മീയ പരിമാണം

ആത്മീയ പരിമാണം എന്നത് ആത്മാവിന്റെ പ്രകൃത്യാതീതമായ തുനിച്ചിലുകളെയും വാഞ്ഛകളെയും ഉൾപ്പെടുന്നതാണ്. തീരാവ്യാധി , വേദന എന്നിവയാൽ ബാധിക്കപ്പെട്ടവർ ദൈവം ഉണ്ടോ എന്നു പോലും വളരെ തീവ്രമായി സംശയിക്കുന്നവരാണ്. എന്നാലും പാസ്റ്റർ തുടക്കത്തിൽ തന്നെ അവരുടെ ആത്മീയ വിശ്വാസം, യേശുവോടുള്ള ബന്ധം, ഇവകളെക്കുറിച്ച് വിവാദിക്കണം. കൗൺസെലിംഗ് പുരോഗമിക്കുമ്പോൾ പാസ്റ്റർ അവരോട് രക്ഷയെക്കുറിച്ച് പറയുകയോ വിശ്വാസിയെങ്കിൽ അദ്ദേഹത്തിന്റെ വിശ്വാസത്തെ മേന്മപ്പെടുത്തുകയോ ചെയ്യുവാനുള്ള ശ്രമം നടത്തേണം. യേശു നമ്മുടെ ഭാരങ്ങൾ ചുമക്കുവാൻ അനുവദിക്കുമ്പോൾ മാത്രമാണ് തീരോരോഗങ്ങളെ അഥവാ വേദനകളെ സഹിക്കുവാനുള്ള ശക്തി നമുക്കു ലഭിക്കുന്നത്.

## എന്തുകൊണ്ട് ?

എന്തുകൊണ്ട് എന്നുള്ള ചോദ്യത്തിന് ഒരു പാസ്റ്റർ കൗൺസെലർ ഉത്തരം നൽകേണ്ടതുണ്ട്. എന്തുകൊണ്ടാണ് ഞാൻ ഈ വേദനയും രോഗവും സഹിക്കുന്നത്? എന്തുകൊണ്ടാണ് ഞാൻ സുഖം പ്രാപിക്കാതിരിക്കുന്നുത്? സ്നേഹമുള്ള ദൈവം എന്തുകൊണ്ടാണ് വേദനകൾക്കും കഷ്ടങ്ങൾക്കും ഇടം കൊടുക്കുന്നത്. ക്രിസ്ത്യാനിത്വത്തിലെ ഏറ്റവും എടുത്തു പറയത്തക്ക ചോദ്യങ്ങളാണ് ഇവകൾ.

തീരാരോഗങ്ങളും വേദനകളും ലോകത്തിൽ എന്തുകൊണ്ട് ഉണ്ടായിരിക്കുന്നു എന്നുള്ളതിന്റെ മൂന്നു തിരുവചന വിശദീകരണങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

**തീരാരോഗങ്ങളാലും വേദനയാലും ഭാരപ്പെടുന്ന മിക്കവരും തങ്ങളുടെ പ്രശ്നങ്ങളെ മറ്റുള്ളവരുമായി ചർച്ച ചെയ്യുവാൻ മടിയുള്ളവരാണ്.**

ഒന്നാമതായി, പാപത്താൽ പങ്കിലമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ദൈവം സൃഷ്ടിച്ച പൂർണതയുള്ള ഭൗമപറുദീസ നമുക്കു നഷ്ടപ്പെട്ടു. പൗലോസ് അതിനെ ഇപ്രകാരം വിശദീകരിക്കുന്നു : *ഏകമനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കതിനാൽ മരണം എല്ലാവരിലും വ്യാപിച്ചു.* ലോകത്തിലുള്ള സകലരും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ആദാമിന്റെയും ഹവ്വയുടെയും പാപം നിമിത്തം രോഗവും വേദനകളും മരണവും അനുഭവിക്കുന്നു.

രണ്ടാമതായി, തീരാരോഗങ്ങളും വേദനകളും ദൈവം വ്യക്തികൾക്ക് നൽകുന്ന ശിക്ഷയായി നമുക്ക് ഒരിക്കലും കാണാനാവില്ല. റോമാ ലേഖനത്തിൽ പൗലോസ് പറയുന്നതുപോലെ എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു(റോമ.3: 23). തീരാരോഗങ്ങളും വേദനകളും പാപത്തിന്റെ വ്യക്തിപരമായ ശിക്ഷാവിധിയെങ്കിൽ എല്ലാവരും ആ ശിക്ഷാവിധി അനുഭവിക്കേണ്ടിവരും.

ഒരു മനുഷ്യന്റെ പാപം നിമിത്തം രോഗകാരണമുണ്ടായിട്ടുള്ള സാഹചര്യത്തെ വേദപുസ്തകം വ്യക്തമാക്കുന്നുണ്ട്. എന്നിരുന്നാലും വളരെ പ്രാർത്ഥനയ്ക്കും പരിശുദ്ധാത്മാവിന്റെ ഉറപ്പിനും ശേഷം മാത്രമേ അങ്ങനെയുള്ള സാദ്ധ്യതകളെ നമുക്കു പരിഗണിക്കുവാൻ കഴിയൂ.

മൂന്നാമതായി, നമ്മുടെ ആത്മീക ഉന്നതിക്കും പ്രയോജനത്തിനുംവേണ്ടി ദൈവം കഷ്ടതകളെ അനുവദിക്കാറുണ്ട്. സങ്കീർത്തനക്കാരൻ പറയുന്നതിപ്രകാരമാണ് : *അങ്ങയുടെ ചട്ടങ്ങൾ പഠിക്കുവാൻ തക്കവണ്ണം ഞാൻ കഷ്ടതയിലായിരുന്നത് എനിക്കു നന്നായി* (സങ്കീ. 119 71). പലപ്പോഴും നാം പ്രയാസങ്ങളിലകപ്പെട്ട് മറ്റെങ്ങും തിരിയുവാൻ ഇടമില്ലാതെവരുമ്പോഴാണ് നാം നേരോടും വിശ്വാസത്തോടും കൂടെ ദൈവത്തിങ്കലേക്കു തിരി

## തീരാരോഗം വേദന, എന്നിവയാൽ ബാധിക്കപ്പെട്ടവർക്ക് പാസ്റ്റർ ആലോചന കൊടുക്കുമ്പോൾ ചെയ്യേണ്ടതും ചെയ്യരുതാത്തതും

**ചെയ്യേണ്ടവ**

1-പരിപാലിക്കുന്ന ഒരു ബന്ധം ഉണ്ടാക്കിഎടുക്കുക.
2- അവർ പറയുന്നത് സശ്രദ്ധം കേൾക്കുക.
3- അവരുടെ വേദനകളെയും രോഗത്തെയും കുറിച്ച് അന്വേഷിക്കുക.
4-അവരുടെ രോഗത്തെക്കുറിച്ച് മനസിലാക്കുക.
5-നിങ്ങളോടോ മറ്റുള്ള ആരോടെങ്കിലുമോ ആലോചന പ്രാപിക്കുവാൻ അവരെ നിർബന്ധിക്കുക.
6- നിങ്ങളെ വഴിനടത്തുന്നതിനായി പരിശുദ്ധാത്മാവിൽ ആശ്രയിക്കുക.
7-മനഃക്ലേശം അഥവാ ആത്മഹത്യാ ചിന്ത, എന്നിത്യാദികളോട് ഉണർവുള്ളവരായിരിക്കുക
8-കൂടെക്കൂടെ അവരോടൊത്ത് പ്രാർത്ഥിക്കുക.
9-അവരോട് സഹിഷ്ംഠുതയായി പെരുമാറുകയും വിട്ടുവീഴാചാ മനോഭാവം കാട്ടുകയും ചെയ്യുക.
10-അവരുടെ ജീവിതപങ്കാളിയുടെയും കുഞ്ഞുങ്ങളെയും കുറിച്ച് ബോധവാന്മാരായിരിക്കുക.

**ചെയ്യരുതാത്തവ**

1- അവരെ ഭയപ്പെടുക
2-വൃഥാ സംസാരിക്കുക
3-അവരെ താഴ് ത്തി കെട്ടുക
4-മനഃക്ലേശം നിമിത്തം പിൻവാങ്ങുക
5-നിങ്ങളുടെ നർമരസം നഷ്ടപ്പെടുത്തുക
6-ദൈവത്തിന് അവരുടെ ഭാവിയെക്കുറിച്ചുള്ള പദ്ധതി നിങ്ങൾക്കറിയാമെന്ന് ചിന്തിക്കുക
7-രോഗസൗഖ്യത്തിനായി കേവലം പ്രാർത്ഥിച്ചിട്ട് ബലത്തിനും നിലനിൽപ്പിനുംവേണ്ടി പ്രാർത്ഥിക്കുക
8-മറ്റ് പ്രൊഫഷണൽസുമായി നിങ്ങൾക്ക് കൺസൾട്ടേഷൻ നടത്താമെന്നുള്ളത് മറന്നു പോവുക
9- തീരാവേദനകൾ ,രോഗങ്ങൾ എന്നിവയാൽ ഭാരപ്പെടുന്നവരുടെ ഒറ്റപ്പെടലിനെ മറക്കുക.
10- നിങ്ങൾ ശുശ്രൂഷിക്കുമ്പോൾ ദൈവം നിങ്ങളോടുകൂടെ ഉണ്ട് എന്നുള്ളത് മറക്കുക

**ഡൗഗ് വെഗാൻ** പെൻസിൽ വാലിയായിട്ടുള്ള പിസ്ബർഗിലെ ഒരു കൗൺസെലറാണ്.

***എന്തുകൊണ്ട് എന്നുള്ള ചോദ്യത്തിന് ഒരു പാസ്റ്ററൽ കൗൺസെലർ ഉത്തരം നൽകേണ്ടതുണ്ട്.***

യുന്നത്. തീരാരോഗങ്ങളാലും വ്യാധികളാലും ഭാരപ്പെടുന്നവർക്കുവേണ്ടി നാം കൗൺസെലിംഗ് നൽകുമ്പോൾ അവരുടെ വേദനകളെക്കുറിച്ച് യേശു മനസിലാക്കുന്നുവെന്നും തങ്ങളോട് യേ ശു സഹതാപം കാണിക്കുന്നുവെന്നും അവർക്ക് മനസിലാക്കികൊടുക്കേണം. ശാരീരികവും വൈകാരികവും ആത്മീകവുമായ സകല കഷ്ടങ്ങളും അവിടുന്ന് മനസിലാക്കുന്നു. യേശുക്രിസ്തുവിനെ യെശയ്യാ പ്രവാചകൻ കഷ്ടത ശീലിച്ചവനായും വ്യസനപാത്രമായും വിശദീകരിച്ചു. നമ്മുടെ ബലഹീനതകളെയും രോഗങ്ങളെയും വഹിച്ചവനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് ഇത്തരം തീരാരോഗവും വേദനയും അനുഭവിക്കുന്നവർക്ക് ആശ്വാസമാണ്.

### അപര്യാപ്ത ചിന്തയും സ്വയം താഴ്ത്തലും

തീരാരോഗങ്ങളാലും വേദനയാലും കഷ്ടപ്പെടുന്നവർ അത്യധികമായ പരിമിതികളുള്ളവരും തന്മൂലം സ്വയമതിപ്പ് നഷ്ടപ്പെട്ടവരുമായിരിക്കും. വിജയ ത്തെയും ലക്ഷ്യപ്രാപ്തിയെയും പുകഴ് ത്തുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പലപ്പോഴും നമ്മുടെ മതിപ്പിന്റെ അളവുകോൽ ജോലിയോ സമ്പത്തോ ആയിത്തീരുന്നു. വീൽചെയറിലായിരിക്കുന്ന ആളുകൾ മറ്റ് ആ രോഗ്യവാന്മാരെപ്പോലെ സ്വതന്ത്രരായി കാര്യങ്ങളെ ചെയ്യുവാൻ കഴിവുള്ളവരായിരിക്കയില്ല. അങ്ങനെ അവർ പലപ്പോഴും ഒറ്റപ്പെടുവാനിടയായിത്തീരുന്നു. ലോകത്തിലെ മിഥ്യയായ മതിപ്പുകളെക്കുറിച്ച് കരുതലുള്ളവരായിരിപ്പാൻ ഇത്തരം തീരാരോഗികളെ ഉത്ബാധിപ്പിക്കണം. ദൈവം അവർക്കു നൽകുന്ന മതിപ്പ് നിരുപാധികമാണെന്നുള്ളത് അവരെ അറിയിക്കുക. നമ്മുടെ ആന്തരീക മതിപ്പ് രണ്ടു കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

1-ദൈവം മനുഷ്യനെ തന്റെ സ്വന്ത സ്വരൂപത്തിൽ സൃഷ്ടിച്ചു (ഉല്പത്തി.1: 28)
2- നാം ദൈവത്തിന്റെ മക്കളെന്ന് ആത്മാവ് ആത്മാവോട് മന്ത്രിക്കുന്നു (റോമ. 8:16).

ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ശരീരത്തിലെ അനുപമവും അനിവാര്യവുമായ ഭാഗമാണ്. തന്റെ പരിമിതികൾ ഇവിടെ കണക്കിടപ്പെടുന്നില്ല. തീരാരോഗങ്ങൾക്കും വേദനകൾക്കും ദൈവപദ്ധതിയിൽ നമുക്കുള്ള പങ്കി നെ മായിച്ചു കളയുവാൻ കഴിയുകയില്ല.

### ബന്ധുത്വപരമായ പരിമാണം പിൻവാങ്ങൽ

ഇത്തരം രോഗങ്ങളാൽ ബാധിക്കപ്പെട്ടവർ തങ്ങളുടെ സുഹൃത്തുക്കൾ, അയൽക്കാർ സഭാവിശ്വാസികൾ , കുടുംബക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിന്നും പിൻവാങ്ങി പോകുന്നതായി നാം കാണുന്നു. അവർ സാധാരണയായി ചെയ്യാറുള്ള പ്രവർത്തനങ്ങളിൽ നിന്നും അവർ പിൻപോട്ടു പോകുന്നു. സഭാരാധനയ്ക്കു പോകുന്ന കാര്യത്തിൽ അവർ പിന്നാക്കം നിൽക്കുന്നു. അവർ സഭയിൽ വരാതിരിക്കുന്നതിനെ പാസ്റ്ററന്മാർ കഠിനമായി ശാസിക്കാതെ കരുതലോടെ അവരോട് ഇടപെടേണം. ഇപ്രകാരം തങ്ങളെതന്നെ ഒതുക്കുന്നതുകൊണ്ട് അവർക്ക് സംരക്ഷണം ലഭിക്കുക എന്നതിലുപരി ഒറ്റപ്പെടുത്തലിന്റെയും ഏകാന്തതയുടെയും വേദന അവരിൽ വർധിക്കുകയാണു ചെയ്യുന്നത്. തന്റെ ജീവിത പങ്കാളിയിൽ നിന്നുപോലും അകലുവാൻ ഇത്തരത്തിലുള്ള പിൻവാങ്ങലകുൾ കാരണമായിത്തീരുന്നു. ഒരു കണക്കനുസരിച്ച് തീരാരോഗം നിമി ത്തം ഭാരപ്പെടുന്ന ജീവിതപങ്കാളിയെ 75 ശതമാനം പേർ ഉപേക്ഷിച്ചതായി കാണുന്നു. ഇത്തരത്തിലുള്ള ദമ്പതികളെ കൗൺസിൽ ചെയ്യുമ്പോൾ വ്യക്തിപരമായ കൗൺസിൽ എന്നതിലുപരി വിവാഹബന്ധത്തെ ബലപ്പെടുത്തുന്ന കൗൺസെലിംങ് ഉണ്ടാകേണ്ടത് ആവശ്യമാണ്.

### സൂക്ഷ്മ സംവേദനം

ഇത്തരക്കാരെ അംഗീകരിക്കാതിരിക്കുകയോ അഥവാ അവരോട് ദയ കാട്ടുകയോ ചെയ്താൽ അവർ അധികമായി വികാരവശരായി കാണാം. നിങ്ങളുടെ ഈ പ്രയാസം എനിക്കു മനസിലാകുന്നുവെന്ന് ഏറ്റവും പ്രീയനായ ഒരു പാ സ്റ്റർ പറഞ്ഞാൽപോലും അത് ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ളതല്ല എന്നു തോന്നിയാൽ അത് കത്തികൊണ്ടു കുത്തുന്നതു

പോലെയുള്ള വേദന അവരിൽ ഉളവാക്കുന്നു. ഇപ്രകാരമുള്ള വികാരാവേശങ്ങൾ ഇത്തരക്കാരെ പൊതുജനങ്ങളിൽ നിന്നും കൂടുതലായി അകറ്റി നിർത്തുന്നു. എന്നാൽ ആത്മീയ പക്വത പ്രാപിച്ചഒരു പാസ്റ്ററൽ കൗൺസെലർ ക്രിസ്തുവിന്റെ അനുകമ്പയെ എടുത്തു കാട്ടേണം. ഒരു

**തീരാരോഗങ്ങളാലും വ്യാധികളാലും ഭാരപ്പെടുന്നവർക്കുവേണ്ടി നാം കൗൺസെലിംഗ് നൽകുമ്പോൾ അവരുടെ വേദനകളെക്കുറിച്ച് യേശു മനസിലാക്കുന്നുവെന്നും തങ്ങളോട് യേ ശു സഹതാപം കാണിക്കുന്നുവെന്നും അവർക്ക് മനസിലാക്കികൊടുക്കേണം**

പാസ്റ്ററെ സംബന്ധിച്ചിട ത്തോളം ദൈവത്തിന്റെ അംഗീകാരവും സ്നേഹവും പ്രകടപ്പിക്കുവാൻ ക ഴിയും. ദൈവത്തിന്റെ നിത്യമായ സ്നേ ഹത്തെക്കുറിച്ച് ദാവീദ് ഇങ്ങനെ പാടുന്നു. *അങ്ങയുടെ സ്നേഹം ആകാശത്തോളവും അവിടുത്തെ വിശ്വസ്തത മേഘങ്ങളോളവും ആയിരിക്കുന്നു* സങ്കീ. 57: 10 )

### വൈകാരിക പരിമാണം

### നിരാശയും ആകുവലവും

തീരാരോഗങ്ങൾക്കും വേദനകളും ഉള്ളവർ നിഷേധാത്മകമായ വികാരങ്ങൾക്ക് അടിമകളായിത്തീരുന്നു. അങ്ങനെ കാലാന്തരത്തിൽ തങ്ങളുടെ ജീവിതത്തിന്റെ സംഘർഷത്തെ താങ്ങുവാൻ കഴിയാത്തവരായിത്തീരുന്നു. ഇതിൽ 25 ശതമാനംപേരും തീരാനിരാശ അഥവാ ഡിസ്തീമിയ ബാധിക്കപ്പെട്ടവരായി തീർന്നുവെന്ന് കണക്കുകൾ പറയുന്നു. ഇങ്ങനെ നിരാശയാലും മനഃക്ലേശങ്ങളാലും ബാധിക്കപ്പെട്ടവർക്ക് ജീ വിതത്തിൽ ആകുലങ്ങൾ ഉളവാക്കുന്ന അനേക പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇങ്ങ നെ തീരാരോഗത്താലും വേദനയാലും ഭാരപ്പെടുന്നവർ അവരുടെ വേദനയെയും രോഗത്തെയും ജയിച്ചു മുന്നേറുവാനുള്ള ആത്മീയ ഉറവിടങ്ങൾ, വൈകാരിക ശക്തി, ബുദ്ധിപരമായ കേന്ദ്രീകരണം, എന്നിവ കൊള്ള അടിക്കപ്പെട്ടവരായിത്തീരുന്നു.

ഡിസ്തീമിയ ബാധിച്ച ആളുകൾ ജീവിതത്തിൽ മെല്ലെപോക്കുകാരാണ്. അ വരുടെ വൈകാരിക പ്രതികരണങ്ങൾ അശുഭ ചിന്തകളുടെ ഇരുണ്ടമേഘങ്ങളാൽ മൂടപ്പെട്ടതായിരിക്കും. അടിസ്ഥാനപരമായ കാര്യങ്ങൾപോലും അവർക്ക് ചെയ്യുവാൻ കഴിയുകയില്ല എന്ന് അവർ ചിന്തിക്കുന്നു. ഒന്നും അവർ സ ന്തോഷമുളവാക്കുന്നില്ല. അവർ പ്ര ത്യാശ അറ്റവരായി അവർക്കുതോന്നുന്നു.

ഇതോടൊപ്പം ആകുലതയും ഉണ്ടാകുമ്പോൾ രോഗവും അനായാസവും ഇടംപിടിക്കുന്നു. അവർ എല്ലാറ്റിനെക്കുറിച്ചും ഭാരപ്പെടുന്നു. അവരുടെ മനസ് ഒരു നിഷേധാത്മക ചിന്തയിൽ നിന്ന് മറ്റൊന്നിലേക്ക് കുതിക്കുന്നു. തീ വ്രമായ ചില ആകുലതകൾ അവരുടെ ഹൃദയത്തെയും നാഢീവ്യൂഹങ്ങളെ യും ബാധിക്കുന്നതും അവരുടെ കരങ്ങൾ വിറയ്ക്കുന്നതും ചില നേരങ്ങളിൽ അവർക്ക് അനുഭവവേദ്യമാകും. ഇത്തരം നിരാശയെയും ആകുലതയെയും ജയിക്കുവാൻ പാസ്റ്ററുടെ സഹായകമാവശ്യമാണ്. തങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളുടെ സാധാരണ പ്രതികരണമാണ് ഇത് എന്ന് അവർക്ക് മനസിലാക്കി കൊടുക്കുക. ആത്മധൈര്യം ചോർന്നു പോകുമ്പോഴും നിരാശയിലാകുമ്പോഴും ദൈവം നമ്മു ടെ ബലവും പ്രത്യേശയുമാണെന്നു മനസിലാക്കുക. സങ്കീർത്തനക്കാരൻ ഇങ്ങനെ പാടുന്നു . *നമ്മുടെ രക്ഷയുടെ ദൈവമായി ,നാംൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന നമ്മുടെ കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ !*

### ക്രമീകരണത്തിലെ ക്രമക്കേട്

ഇത്തരത്തിൽ ബാധിക്കപ്പെട്ടവർ ചി ന്താക്കുഴപ്പമുള്ളവരായി തീരുന്നതുകൊ ണ്ട് പ്രവർത്തനരഹിതരായി തീരുന്നു. എങ്ങനെ മുന്നോട്ടു പോകണമെന്നറിയാതെ അവർ ഉറഞ്ഞു പോകുകയും ഒന്നും ചെയ്യാതെ നിർത്തിക്കളയുക യും ചെയ്യുന്നു. തങ്ങളുടെ സ്വന്ത വിടുതലിനെ സംബന്ധിച്ചും സ്വയം സഹായിപ്പാൻ അവർക്ക് കഴിയാതെ പോകുന്നു. അത്തരക്കാരുടെ രോഗം അഥവാ മുറിവ് , സംഭവിക്കുമ്പോൾ തന്നെ ഇപ്രകാരമുള്ള ബാധിപ്പ് ഉണ്ടാകുന്നു. ഈ സമയത്താണ് അനേക പരിമിതികളും വ്യത്യാസങ്ങളും തുടർന്നുള്ള തങ്ങളുടെ ജീവിതത്തിനുവേണ്ടി അവ ർ അനുഭവിക്കേണ്ടി വരുന്നത്. ഇങ്ങ നെ അപകടത്തിൽ പെടുകയോ രോഗികളായിത്തീരുകയോ ചെയ്യുന്നവരെ അറിഞ്ഞ ഉടൻ തന്നെ പാസ്റ്റർ ചെന്ന് ആശ്വസിപ്പിക്കേണ്ടതാണ്. ഇങ്ങനെ തുടക്കത്തിൽ തന്നെ വേണ്ടതു ചെയ്യുമ്പോൾ അവരുടെ നിലയോട് ഒത്തു പോകുവാൻ വേഗത്തിലവർക്കു കഴിയും. എന്നാൽ ഈ ക്രമീകരണങ്ങളിലുള്ള ക്രമക്കേട് നീണ്ടുപോയാൽ അവർക്കു ശുശ്രൂഷ ചെയ്യുന്നത് ദുഷ്ക്കരമായിത്തീരും.

### ഉപസംഹാരം

തീരാരോഗങ്ങളാലും വേദനകളാലും ഭാരപ്പെടുന്നവരുടെ പ്രശ്നങ്ങൾ സങ്കീർണമാണ്. പ്രയാസങ്ങൾക്കുപരിയായി പരിശുദ്ധാത്മാവ് നിങ്ങൾക്ക് അവരെ കൗൺസിൽ ചെയ്യുവാനുള്ള വരവും പ്രാപ്തിയും ദൈവം നിങ്ങൾക്കു തരുമെങ്കിൽ അനുകമ്പയോടെ അവരുടെ പ്രയാസത്തിന്റെ നടുവിൽ അവരെ ചെന്നു കാണുകയും ആശ്വസിപ്പിക്കുകയും ചെയ്യുക ■



**ഡൗ ഗ് വെഗാൻ**

പെൻസിൽ വാലിയായിട്ടുള്ള പിസ്ബർഗിലെ ഒരു കൗൺസെലറാണ്.

# സാങ്കേതികവും ഉപചാരപരമായതും പക്ഷാന്തരപരവുമായ ചികിത്സാസമീപനം

ക്രിസ്റ്റീനാ എം. എച്ച്. പവൽ



നല്ല ആരോഗ്യം എന്നത് ദൈവത്തിങ്കൽ നിന്നുമുള്ള വിലയേറിയ ദാനമാണ്. നമ്മുടെ ആരോഗ്യത്തെ രോഗങ്ങളോ മുറിവുകളോ ഭീഷണിപ്പെടുത്തുമ്പോൾ ഉടൻ തന്നെ നമ്മുടെ ആരോഗ്യത്തെ പുനഃപ്രാപിക്കുന്നതിനുള്ള വഴികൾ കണ്ടെത്തുന്നു. വൈദ്യശാസ്ത്രത്തിൽ സൗഖ്യമാക്കുന്നതിന് വിവിധതരത്തിലുള്ള സമീപന മുറകളുണ്ട്. സാങ്കേതികമായ ചികിത്സ ഉപചാരപരമായ ചികിത്സ പക്ഷാന്തരപരമായ ചികിത്സ എന്നിങ്ങനെ അവയെ തിരിക്കാം. സൗഖ്യം ആക്കുന്നതിനുള്ള ഈ വെവ്വേറെ സമീപന രീതിയെ ദൈവവേലക്കാർ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. അവർ തങ്ങളുടെ സ്വന്ത ആരോഗ്യം കാത്തുസൂക്ഷിക്കുന്നതു മാത്രമല്ല, തങ്ങളുടെ സഭയിൽ സൗഖ്യം ആവശ്യമായിരിക്കുന്നവർക്ക് സഹായം ചെയ്യുവാനും അവർക്ക് ഇതിനാൽ സാധ്യമാകുന്നു.

## സാങ്കേതികമായ ഔഷധം: ബലവും ബലഹീനതയും

യുണൈറ്റഡ് സ്റ്റേറ്റ് തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളിൽ കൂടുതലായും ഉപയോഗിക്കപ്പെടുന്നത് സാങ്കതിക മരുന്നുകളാണ്. എം.പി. ഡിഗ്രിയുള്ള ഡോക്ടർമാർ രജിസ്റ്റർ ചെയ്യപ്പെട്ട നെഴ്സുകൾ , ഫിസിക്കൽ തെറാപ്പിസ്റ്റുകൾ,ഡയറ്റീഷൻ, സൈക്കോളജിസ്റ്റുകൾ തുടങ്ങിയ ഹെൽത്ത് പ്രൊഫഷണലുകൾ ഇത്തരം ചികിത്സാരീതി പ്രയോഗിക്കുന്നവരാണ്. 18-ാം നൂറ്റാണ്ടിന്റെ അവസാന സമയത്ത് ഡോ. സാമുവേൽ ഹാനിമൻ ഈ ചികിത്സാരീതിയെ അലോപ്പതിക് മെഡിസിൻ എന്നും വിളിച്ചിരുന്നു. അലോപ്പതി എന്ന പേര് യവന ഭാഷയിലെ അലോ എന്ന വാക്കിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. ഇതിന് മറ്റൊന്ന് എന്നർത്ഥം.രോഗലക്ഷണങ്ങളെ ഒതുക്കിക്കളയുന്ന ചികിത്സാസമ്പ്രദായമാണിത്. ഹെൻമാൻ പിന്നീട് കണ്ടുപിടിച്ച ചികിത്സാസമ്പ്രദായമാണ് ഹോമിയോപ്പതി ഇത് മറ്റൊരു ചികിത്സാ സമ്പ്രദായമാണ്.

രോഗലക്ഷണങ്ങൾക്ക് ചികിത്സനൽകുന്നതും അതിന്റെ കാരണത്തെ വേണ്ടുംവിധം പരിശോധിച്ചറിയുന്നതിനും ഈ സാങ്കേതിക ചികിത്സാരീതി എടുത്തു പറയത്തക്ക ബലമാണ്. ഈ സാങ്കേതിക ചികിത്സാരീതി രോഗി രോഗലക്ഷണങ്ങൾ അനുഭവിക്കുന്നതിനു മുമ്പുതന്നെ എക്സറേ , സി .റ്റി സ്കാൻ, രക്തപരിശോധന തുടങ്ങിയവയിലൂടെ രോഗം കണ്ടുപിടിക്കുന്നു. ഈ രോഗപരിശോധനാരീതികൾ നമ്മുടെ ജിവനെ കാത്തുസൂക്ഷിക്കുന്നവയാണ്. സാങ്കേതിക ചികിത്സാരീതിയിൽ കുഷ്ഠരോഗത്തിനെതിരായ ശക്തിയേറിയ ആയുധങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. അപകടത്തിൽപെട്ട ആളുകളെ സഹായിക്കത്തക്കവണ്ണമുള്ള അതിശ്രേഷ്ഠമായ മരുന്നുകൾ ഈ സാങ്കേതിക ചികിത്സാരീതികളിൽ ഉണ്ട്. അതായത്, എല്ലുകൾ കൂട്ടിചേർക്കുതും രക്തം കട്ടപിടിക്കാതെ സൂക്ഷിക്കുന്നതും പ്ലാസ്റ്റിക് സർജറിയിലൂടെ ഒരാളുടെ ആകാരത്തെ പുനഃസ്ഥാപിക്കുന്നതും

***പൊതുവെ സാങ്കേതിക ചികിത്സാരീതി രോഗങ്ങളെ സൗഖ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തുകയും ആരോഗ്യം കാത്തു സൂക്ഷിക്കുന്നതിൽ വളരെക്കുറവ് ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു.***

ഇതിൽ ചിലതാണ്. രോഗത്തിന്റെ അടിസ്ഥാനത്തിലുള്ള സമീപന രീതി ആയതുകൊണ്ട് രാഗാണുക്കളാൽ ഉണ്ടാകുന്ന രോഗങ്ങൾ ശരീരത്തിലെ

ഹോർമോൺ തകരാറുകൾ, വലിയ മുറിവുകൾ തുടങ്ങിയവയ്ക്ക് ചികിത്സ നൽകുന്നതിൽ ഈ സാങ്കേതിക ചികിത്സാരീതി പ്രായോഗികമാണെങ്കിലും വാതം, ഞരമ്പുരോഗം, ഓർമ്മക്കുറവ് തുടങ്ങിയ രോഗങ്ങൾ ചികിത്സിക്കുന്നതിൽ ഫലം കാണാതെ പോകുന്നതായി കാണുന്നു. പൊതുവെ സാങ്കേതിക ചികിത്സാരീതി രോഗങ്ങളെ സൗഖ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിൽ വളരെക്കുറവ് ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു. സാങ്കേതിക ചികിത്സാരീതിയിലെ പ്രധാന ആയുധങ്ങൾ ഗുളികകൾ, ശസ്ത്രക്രീയ, റേഡിയേഷൻ തുടങ്ങിയവയാണ്. സാങ്കേതിക ചികിത്സാരീതി മുഴുമനുഷ്യനെയും ചികിത്സിക്കുന്നതിനു പകരം ചികിത്സ ആവശ്യമായി വരുന്ന ശാരരീരിക ഭാഗങ്ങളെ മാത്രം ചികിത്സിക്കുന്നു. ഇതിനു വിപരീതമായി പക്ഷാന്തരമരുന്നുകൾ, രോഗങ്ങളെ തടുത്തു നിർത്തുന്നതിനും ആരോഗ്യത്തെ കാത്തുകൊള്ളുന്നതിനുമുള്ള കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നു. പഥ്യം, വ്യായാമം, പോഷകാഹാരങ്ങൾ ഭക്ഷിക്കുക, ഇങ്ങനെ ജീവിത രീതിയുടെ ക്രമീകരണത്തിലൂടെ ഈ ചികിത്സ പ്രയോഗിക്കുന്നു.

## നൈപുണ്യങ്ങളും മുന്നറിയിപ്പുകളും

പക്ഷാന്തര ചികിത്സാരീതി സാങ്കേതിക ചികിത്സാരീതിയ്ക്ക് പ്രയോഗിക്കപ്പെടുന്ന അതേ സമീപന മുറയാണ് പ്രയോഗിക്കുന്നത്.എന്നാൽ ഉപചാരപരമായ മരുന്ന് സാങ്കേതിക മരുന്നിനോടൊപ്പം പ്രയോഗിക്കാവുന്നതാണ്. ഉദാഹരണത്തിന് ക്യാൻസറിന്റെ ചികിത്സക്കായി , ഒരു സാങ്കേതിക ചികിത്സക്കാരനായ ഡോ. സർജറിയ്ക്ക് ശുപാർശ ചെയ്യുമ്പോൾ ഉപചാരപരമായ ചികിത്സാരീതി അതിനെ ആഹാരത്തിലുള്ള ക്രമീകരണത്തിലൂടെ സൗഖ്യമാക്കുവാൻ ശ്രമിക്കുന്നു. ഇത് കൊളസ്ട്രോളിന്റെ കാര്യത്തിലും ശരിയാണ്. ഇങ്ങനെ ഒരേ തെറാപ്പികൾ ഔപചാരിക ചികിത്സയായും പക്ഷാന്തര ചികിത്സയായും പ്രയോഗിക്കുവാൻ കഴിയുന്നു. ഇതിനെ പൊതുവെ സി.എ.എം (കോമ്പ്ലിമെന്ററി ആന്റ് ആൾറ്റർ നേറ്റീവ് മെഡിസിൻ) എന്നു പറയുന്നു. സി.എ.എം തെറാപ്പിയെ അഞ്ച് ഘടകങ്ങളായി തിരിച്ചിരിക്കുന്നു. പക്ഷാന്തര ചികിത്സാരീതി മനസ്സിനോടും ശരീരത്തോടും കൂടെ ഇടപെട്ടുകൊണ്ടുള്ള ചികിത്സ ശരീരത്തെ അടിസ്ഥാനമാക്കികൊണ്ടുള്ള ചികിസ്ത്സാപ്രയോഗം, ഊർജംകൊണ്ടുള്ള ചികിത്സ തുടങ്ങിയവയാണ്.

സാങ്കേതിക ചികിത്സാരീതിയിൽ നിന്നും വ്യത്യസ്തമായി പ ക്ഷാന്തരചികിത്സാരീതി പുരോഗമന പരമായ തീയ

> **സാങ്കേതിക ചികിത്സാരീതിയിൽ നിന്നും വ്യത്യസ്തമായി പ ക്ഷാന്തരചികിത്സാരീതി പുരോഗമന പരമായ തീയറിയുടെയും പ്രാക്ടീസിന്റെയും സമ്പൂർണ സിദ്ധാന്തമാണ്.**

റിയുടെയും പ്രാക്ടീസിന്റെയും സമ്പൂർണ സിദ്ധാന്തമാണ്. പാശ്ചാത്യ സംസ്ക്കാരത്തിൽ വളർന്നു വന്ന ഇത്തരത്തിലുള്ള രണ്ടു ചികിത്സാരീതികളാണ് ഹോമിയോപ്പതിയും, നാച്വറോപ്പതിയും . എന്നാൽ പാശ്ചാത്യ സംസ്ക്കാരത്തിൽ അല്ലാതെ പുരോഗമനം പ്രാപിച്ച ചികിത്സാരീതികളാണ് പാരമ്പര്യ ചൈനീസ് മെഡിസിനും ആയുർവേദിക് മെഡിസിനും . ഇവ രണ്ടും മതവിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ളവയാണ്. ചൈനീസ് മെഡിസിന്റെ തീയറി എന്നു പറയുന്നത് താവോവിസ്റ്റ് ഫിലോസോഫിയുടെയും യിൻ- യാങ് ഡുവലിസത്തിന്റെയും അടിസ്ഥാനത്തിലുള്ളവയാണ്. യിൻ തണുത്തതും മൃദുവായതും എതിർപ്പില്ലാത്തതുമായ അവസ്ഥയെ പ്രതിനിധീകരിക്കുന്നു. എന്നാൽ യാങ് ആവേശപരിതമായതും ക്രീയാത്മകവുമായ ഒരു തത്വത്തെ പ്രതിനിധീകരിക്കുന്നു. യിൻ-ന്റെയും യാങ് ന്റെയും സന്തുലിതമായ സ്വാധീനം ശരീരത്തിലുണ്ടാകുമ്പോഴാണ് ആരോഗ്യമുണ്ടാകുന്നത്. അന്തരംഗത്തിലുണ്ടാകുന്ന ഇൻ-ന്റെയും യാങ് ന്റെയും അസംതുലിതാവസ്ഥയാണ് രോഗ കാരണങ്ങളായി കാണപ്പെടുന്നത്. അവ ശരീരത്തിന്റെ നാഢീവ്യൂഹങ്ങളിൽ ഊർജ്ജത്തിന്റെ ഒഴുക്കിനെ തടയുന്നു. അക്യൂപംങ്ചർ, ഹെർബൽ പ്രെപറേഷൻ,മസാജ് തുടങ്ങിയവയിലൂടെ ചൈനീസ് മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന ഒരാൾ ശരീരത്തിലെ യിൻ-ന്റെയും യാങ്ന്റെയും സന്തുലിതാവസ്ഥയെ യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിക്കുന്നു.

ആയുർവേദം എന്നതിന്റെ അർ ത്ഥം ജീവിതത്തെക്കുറിച്ചുള്ള അറിവ് എന്നാണ്. ആയുർവേദിക് തത്വങ്ങൾ ഒരുവൻ തന്റെ സ്വന്ത ജീവിതത്തെയും സൗഖ്യമാക്കലിനെയും തൻതന്നെ ഉത്തരവാദിയാകുംവണ്ണം അയാളെ ബലപ്പെടുത്തുന്നതാണ്. ആയുർവേദത്തിന്റെ പശ്ചാത്തലം ഹൈന്ദവ വേദങ്ങളാണ്. സൗഖ്യമാക്കുന്നതിന് ആയൂർവേദ ചികിത്സാരീതിയിൽ മൂന്ന് അടിസ്ഥാന ശക്തികൾ സമനിലയിൽ ആയിരിക്കേണ്ടതുണ്ട്. അവ വാതം (കാറ്റ്) പിത്തം, ( തീ ) കഫം, (മണ്ണ്) എന്നിവയാണ്. പച്ചിലകൾ, പോഷകങ്ങൾ, ശുദ്ധീകരിക്കൽ, യോഗ, ഞവര, എന്നിവയിലൂടെ ഒരു ആയുർവേദിക ചികിത്സകൻ ശരീരത്തിന്റെ സന്തുലിതാവസ്ഥയെ പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുന്നു.

ഈ പക്ഷാന്തര ചികിത്സാസമ്പ്രദായത്തിന്റെ ഫലം മനസ് , ശരീരം, ആത്മാവ് എന്നിവയെ ഒന്നിപ്പിക്കുന്നതാണ്. എന്നാൽ സാങ്കേതിക ചികിത്സാരീതിയിൽ ഇത് കാണുവാൻ കഴിയുകയില്ല. എന്നാൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഈ ചികിത്സയ്ക്കും മതബന്ധത്തിനും ഇടയിൽ വളരെ കരുതലോടെ മുന്നേറേണ്ടതുണ്ട്. ഈ സിദ്ധാന്തത്തിന് പിമ്പിലുള്ള ജീവിത പ്രയോഗങ്ങൾക്ക് ശാസ്ത്രപരമോ വേദശാസ്ത്രപരമോ ആയ യാതൊരു അടിസ്ഥാനങ്ങളുമില്ല. താവോവിസ്റ്റ് തീയറിയെ എതിർക്കു ചില മെഡിക്കൽ ഡോക്ടർമാർ അക്യൂപ്ഞ്ചറിനെ വേദന സംഹാരി എന്നനിലയിൽ ചെറിയ തോതിൽ പ്രയോഗിക്കുന്നു.

മനസിക ശാരീരിക ഇടപെടലാണ്

സി.എ.എം തെറാപ്പിയിലെ രണ്ടാമത്തെ ഘടകം. ശരീരത്തിൽ ആഘാതം ഏർപ്പെടുത്തുന്ന മനോശക്തി അധികരിപ്പിച്ച് പലവിധത്തിലുള്ള യുക്തികൾ പ്രയോഗിക്കപ്പെടുന്നു. ഇവകളിൽ രോഗികൾക്ക് സഹായം ചെയ്യുന്ന സംഘങ്ങൾ തുടങ്ങിയ ചില യുക്തികൾ പ്രയോഗിക്കപ്പെടുന്നു. ഇത് സാങ്കേതിക ചികിത്സയിലും പ്രയോഗിക്കപ്പെടുന്നു.

രോഗികളെ സപ്പോർട്ടു ചെയ്യുന്ന ഗ്രൂപ്പുകൾ കൂടാതെ ധ്യാനം, പ്രാർത്ഥന,കല, സംഗീതം, നൃത്തം എന്നിവ അടിസ്ഥാനമായിട്ടുള്ള തെറാപ്പിയും ഈ യുക്തികളിൽ പെടുന്നു. മനസിനെയും ശരീരത്തെിയും സംബന്ധിച്ചുള്ള ഇടപാടുകളിൽ സാമൂഹ്യ ഇടപാടുകൾക്കും ആരോഗ്യപരമായ ബന്ധങ്ങൾക്കും സഭയിലുള്ള പങ്കാളിത്വത്തിനും മുഖ്യത്വമുണ്ട്. അവ മനസിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തെ കാത്തു സൂക്ഷിക്കുന്നു.

സി.എ.എം തെറാപ്പിയുടെ മൂന്നാമത്തെ ഘടകം ജൈവശാസ്ത്രപരമായ തെറാപ്പിയാണ്. പ്രകൃതിയിൽ കാണപ്പെടുന്ന പച്ചിലകൾ, വിറ്റാമിനുകൾ ,ധാതുക്കൾ പഴവർഗങ്ങളിൽ നിന്നും പച്ചക്കറികളിൽ നിന്നും ഉള്ള ഔഷധങ്ങൾ തുടങ്ങിയവ ഈ തെറാപ്പിയിലുപയോഗിക്കുന്ന വസ്തുക്കളാണ്. സാങ്കേതിക ചികിത്സയിലുപയോഗിക്കുന്ന മിക്കമരുന്നുകളുടെയും അടിസ്ഥാനം ഈ പച്ചിലകളാണ്. ഇത് വളരെ പുരാതനമായുള്ള ഒരു ചികിത്സാരീതിയുമാണ്. ചില പച്ചില മരുന്നുകൾ ലഹരി ഉളവാക്കുന്നതുമാണ്.

പച്ചില മരുന്നുകളിൽ വൃത്തിയും അളവും മുഖ്യമായ കാര്യമാണ്. പച്ചില മരുന്നുകളിൽ ക്രിയാത്മകമായ പല ഉൾപ്പൊരുളുകളും ഉണ്ട്. പച്ചിലകളിൽ നിന്നുണ്ടാക്കുന്ന മരുന്നുകൾ ഒരു പ്രത്യേക ഔഷധ ചെടിയെ കേന്ദ്രമാക്കികൊണ്ട് എടുക്കുന്നവകളായിരിക്കും. എന്തായാലും ഇങ്ങനെ ശുദ്ധീകരിച്ചെടുക്കപ്പെട്ട മരുന്നിന്റെ അളവ് കണക്കുകൂട്ടുവാൻ എളുപ്പമായിരിക്കും. അതുപോലെ ചില പച്ചില മരുന്നുകൾ അങ്ങനെതന്നെ ഉപയോഗച്ചാൽ അവയ്ക്ക് ലഹരിയുള്ളവയായി കാണുന്നു. ശുദ്ധീകരണത്തിലൂടെ ആ ലഹരികൾ നീക്കികളയുവാൻ കഴിയും. എന്നാൽ ശുദ്ധീകരിക്കാത്ത ചില പച്ചിലകൾ കൂടുതൽ ഫലപ്രദമായി കാണപ്പെടുന്നു.

ജീവശാസ്ത്രപരമായ തെറാപ്പികൾക്ക് സൂക്ഷിക്കേണ്ടതായ അനേക കാര്യങ്ങളുണ്ട്. പ്രകൃതിദത്തം എന്നു പറയുമ്പോൾ ലഹരി രഹിതം എന്ന് അർത്ഥമില്ല. ചില സസ്യങ്ങളിലുള്ള പൈറോലിസിഡിൻ ആൽക്കലോയിഡ് ക്യാൻസർ ഉണ്ടാക്കുന്നവയാണ്. ഉദാഹരണമായി, കോംഫ്രേ എന്ന പച്ചമരുന്നിൽ ഇലകൾക്കും വേരുകൾക്കും മുറിവുകളെ ഗുണമാക്കുവാനുള്ള ശക്തിയുണ്ടെന്ന് ആധുനിക ഡോക്ടർമാർ കരുതുന്നു. കോശങ്ങളുടെ വർധനവിന് ആക്കം കൂട്ടുന്ന അല്ലാൻടയിൻ ഇതിലടങ്ങിയിട്ടുണ്ട്. എന്നാൽ ക്യാൻസർ ഉളവാക്കുന്ന പൈറോലിസിഡിൻ ആൽക്കലോയിഡ് ഈ മരുന്നിൽ അടങ്ങിയിട്ടുണ്ട്.

രണ്ടാമത് നാം സൂക്ഷിക്കേണ്ടത് പച്ചിലകളും ഗുളികളും തമ്മിലുള്ള ചേരുവയിൽ ഉണ്ടാകുന്ന സാരമായ പാർശ്വഫലങ്ങളാണ്. ഉദാഹരണത്തിന് രക്തം കട്ടിയാകുന്നതിനെ തടുക്കുന്ന കൗമാദിൻ എന്ന മരുന്ന് കഴിക്കുമ്പോൾ വൈറ്റമിൻ കെ അധികമുള്ള പച്ചിലകളും ക്യാബേജുപോലുള്ള മുകുളങ്ങളും കഴിക്കുവാൻ പാടില്ല. അതുകൊണ്ട് ഇത്തരം മരുന്നുകൾ കഴിക്കുമ്പോൾ നിങ്ങളുടെ ഡോക്ടറുടെ ഉപദേശം തേടുക.

**ഫലപ്രദമല്ലാത്തതും ഫലപ്രദമായതുമായ ചികിത്സാരീതിയെ ശാസ്ത്രീയ ഗവേഷണത്തിലൂടെ മനസിലാക്കുവാൻ കഴിയും.**

സി.എ .എം ന്റെ നാലാമത്തെ തെറാപ്പി ശരീരസംബന്ധമായതാണ് . തിരുമ്മൽ, മർമ്മ ചികിത്സ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. ഇവ ശരീരത്തിന്റെ ആരോഗ്യത്തെ യഥാസ്ഥാനപ്പെടുത്തുന്നതിനുവേണ്ടി മസിലുകളുടെയും എല്ലിന്റെയും ഘടനകളെ നന്നാക്കുന്നതാണ്. രോഗത്തിന്മേൽ ശ്രദ്ധ ചെലുത്തുന്നതിനു പകരം ശരീരത്തിനു രോഗപ്രതിരോധ ശക്തിയുണ്ടാകും വിധം ശരീരാരോഗ്യത്തിലേക്ക് ശ്രദ്ധ ചെലുത്തുന്നതാണിത്. ഇവകളുടെ തെളിവാക്കപ്പെട്ട ചികിത്സാമുറയെ അധികരിച്ച് മുന്നേറിയാൽ അവ പ്രശ്നങ്ങൾക്ക് ഇടയാക്കും. മർമ്മ ചികിത്സാരീതി മസിലുകളുടെയും എല്ലിന്റെയും പ്രശ്നങ്ങൾക്ക് പരിഹാരമായിരിക്കുമ്പോൾ തന്നെ നട്ടെല്ലിൽ അത് പ്രയോഗിക്കുന്നത് വളരെ ശ്രദ്ധയോടെ ആയിരിക്കേണം. മാത്രമല്ല, കഴുത്തലുള്ള ഞരമ്പു വ്യൂഹത്തെ കൈകൊണ്ട് അമർത്തുമ്പോൾ രക്തനാളം പിളർന്ന് സ്ട്രോക്ക് ഉണ്ടാകുവാനിടയുണ്ട്.

ഇതുകൊണ്ട് മുതിർന്നവർ കഴുത്തിൽ കൈ അമർത്താൻ പാടില്ല. മർമ്മ ചികിത്സയുടെ സ്ഥാപകനായ ഡേവിഡ് ദാനിയേൽ പാൽമർ (1845 -1913) ശരീരത്തിന്റെ ഉൾഭാഗത്തെക്കുറിച്ചുള്ള അറിവ് എന്ന ചിന്താധാരയുണ്ടാക്കി. നമ്മുടെ ശരീരത്തിന്റെ ഉള്ളിലുള്ള കാര്യങ്ങളെക്കുറിച്ചുള്ള അറിവ് നമ്മുടെ നാഡീവ്യൂഹത്തിലൂടെ പ്രപഞ്ചത്തിന്റെ അറിവോടെ ബന്ധിക്കപ്പെടുന്നു എന്ന് അദ്ദേഹം പറയുന്നു. ഇത് വേദപുസ്തകത്തിന്റെ തത്വങ്ങളുമായി യോജിക്കുന്നതല്ല. പാൽമറിന്റെ ഈ ചിന്താധാരയെ ഉൾക്കൊള്ളാത്തവരായ അനേക ക്രൈസ്തവ മർമ്മ ചികിത്സകളുണ്ട്.

സി.എം.എ തെറാപ്പിയിലെ മറ്റൊന്നാണ് ഊർജസംബന്ധമായ ചികിത്സ. ഊർജ്ജത്തെ പ്രയോഗിച്ചുകൊണ്ടുള്ള ചികിതിസാരീതിയാണിത്. ഇവയെ രണ്ടായി തിരിക്കാം.

ഒന്നമത്തേത് ബയോഫീൽഡ് തെറാപ്പി. രണ്ടാമത്തേത് ബയോഇലക്ട്രോ മാഗനറ്റിക് തെറാപ്പി. നമ്മുടെ ശരീരത്തിനു ചുറ്റിനും ഊർജ്ജ സ്രോതസ് ഉണ്ടെന്ന് ഈ ചികിത്സാരീതി പറയുന്നുണ്ടെങ്കിലും അത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

ബയോഇലക്ട്രോ മാഗനറ്റിക് തെറാപ്പികൾ മസിലുകളുടെ ഘടനകളെ ശരിപ്പെടുത്തുന്നു. ചില ചെരുപ്പുകൾ മുട്ടുകളിൽ ഇടുന്ന വലയങ്ങൾ ബാൻജഡേജുകൾ തുടങ്ങിയവകൾ ഈ ചികിത്സയിൽ ഉപയോഗിക്കുന്നു. ഈ മാഗ

റ്റിക് തെറാപ്പി രണ്ടുതരത്തിൽ ഫലപ്രദമാകുന്നു. ഒന്നാമതായി, കാന്തശക്തി ത്വക്കിന്മേലുള്ള ഞരമ്പിന്റെ മുനകളെ ഉദ്വേഗപ്പെടുത്തി ശരീരത്തെ വേദനയകറ്റുന്ന രാസവസ്തുവായ എൻഡോർഫിൻസ് ഉല്പാദിപ്പിക്കുന്നു.

രണ്ടാമതായി , രക്തത്തിലുള്ള അയോൺസിനാൽ ആകർഷിക്കപ്പെട്ട് രക്തത്തിന്റെ ഒഴുക്കിന് വേഗതകൂട്ടുന്നു.

## ഉപചാരപരമായ ചികിത്സാരീതി ഇവരണ്ടിലും ഉത്തമമായതോ?

സാങ്കേതിക ചികിത്സാരീതി പക്ഷാന്തര ചികിത്സാരീതി ഇവ രണ്ടിലുമുള്ള പ്രധാന അംശങ്ങൾ ഉപയോഗിച്ച് ഒരുവൻ ചികിത്സക്കായി ഉപയോഗിക്കാം. ശാസ്ത്രീയ പിൻന്തുണയുള്ള പക്ഷാന്തര ചികിത്സാരീതി ശാരീരിക ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നു. എന്നാൽ സാങ്കേതിക ചികിത്സാരീതി രോഗപരിശോധന നടത്തി രോഗത്തെ മാറ്റിക്കളയുന്നു. എന്നാൽ ചില കാര്യങ്ങളെക്കുറിച്ച് നാം സൂക്ഷ്മതയുള്ളവരായിരിക്കണം. ഒന്നാമതായി, സാങ്കേതികമല്ലാത്ത ചികിത്സാരീതി ആത്മീകമോ വേദപുസ്തകപരമോ ആയതല്ല. ഫലപ്രദമല്ലാത്തതും ഫലപ്രദമായതുമായ ചികിത്സാരീതിയെ ശാസ്ത്രീയ ഗവേഷണത്തിലൂടെ മനസിലാക്കുവാൻ കഴിയും. എന്നാൽ ശാസ്ത്രത്തോട് നിഷേധാത്മകചിന്താഗതിയുള്ള ചില ക്രിസ്ത്യാനികൾ ആത്മീക ഭാഷ ഉപയോഗിക്കുന്ന ചില ചികിത്സാരീതികൾക്ക് അടിമകളായിത്തീരുന്നു.

രണ്ടാമതായി, ശരി എന്നു തോന്നുന്ന എല്ലാ അവകാശവാദങ്ങളും ശരിയായിരിക്കുകയില്ല. അത്ഭുതരോഗശാന്തിപോലും വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കണം. ഒരേ സാധനമോ ഒരേ സമീപനരീതിയോ വിവിധ രോഗങ്ങൾക്ക് പ്രയോഗിക്കുന്നുവെങ്കിൽ അവ യെ കരുതലോടുകൂടെ വേണം സമീപിക്കുവാൻ. ഒടുവിലായി വൈദ്യശാസ്ത്രത്തിനും ശരീര ശസ്ത്രത്തിനും യോജ്യമല്ലാത്ത രീതിയിൽ ശാരീരിക പ്രക്രിയയെ വിശദീകരിക്കുന്ന ഏതു രീതിയും സ്വീകരിക്കത്തക്കതല്ല. ക്രിസ്ത്യാനികളെന്ന നിലയിൽ ദൈവത്തിന്റെ വെളിവാക്കപ്പെട്ട വചനത്തിലൂടെയും ദൈവസൃഷ്ടിയുടെ സശ്രദ്ധമുള്ള നിരീക്ഷണത്തിലൂടെയും സ്ഥാപിതമായതാണ് ആ സത്യമെന്ന് ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിശ്വസിക്കുന്നു. ഗവേഷണങ്ങളാൽ തെളിയിക്കപ്പെടാത്ത കാര്യങ്ങളെ നാം വിശ്വസിക്കേണ്ടില്ല.

**ശരി എന്നു തോന്നുന്ന എല്ലാ അവകാശവാദങ്ങളും ശരിയായിരിക്കുകയില്ല.**

## പാസ്റ്ററൽ കെയറിന്റെ അർത്ഥ തലങ്ങൾ

ഒരു രോഗിയുടെ ശരീരത്തിനു മാത്രമല്ല, മനസിനും ആത്മാവിനും ചികിത്സ നൽകുവാൻ ശ്രമിക്കുന്ന മറുമരുന്നുകളെ കുറിച്ചുള്ള താല്പര്യം അധികരിച്ചു വരുന്നത് ഒരു ഭാഗത്ത് ചിന്തിച്ചാൽ നമ്മുടെ സമുദായത്തിലെ ആത്മീക വളർച്ചയെന്ന് നമുക്കു പറയുവാൻ കഴിയും. വൈദ്യശാസ്ത്രരംഗത്ത് ഒരു രോഗിയുടെ ആത്മാവിനും ചികിത്സ വേണമെന്ന് ഉയർന്നു വരുമ്പോൾ പാസ്റ്ററൽ കെയറിന്റെ പ്രാധാന്യത വർധിക്കുന്നു. വൈദ്യശാസ്ത്രരംഗതത് സുവിശേഷം അറിയിക്കുവാനുള്ള വലിയ അവസരവുമാണിത്. പുതുയുഗ ഫിലോസോപ്പികളുടെയും പുരാതന മതവിശ്വാസങ്ങളുടെയും ഇരുണ്ട വശങ്ങളെ പാസ്റ്റർ വിശ്വാസികൾക്ക് പറഞ്ഞു കൊടുക്കണം. യാക്കോബിന്റെ പുസ്തകം 5: 14,15 ലും വേദപുസ്തകപരമായ സൗഖ്യമാക്കലിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ മൂപ്പന്മാർ കൈവയ്ക്കുമ്പോൾ ഊർജ്ജം പകരപ്പെടുന്നുവെന്നോ ഊർജ്ജം സന്തുലിതമാക്കപ്പെടുന്നുവെന്നോ നാം ചിന്തിക്കരുത്. ഒരു പക്ഷാന്തര ചികിത്സയുടെ ശാസ്ത്രീയതയെക്കുറിച്ച് ഒരു പാസ്റ്റർക്ക് പറയുവാൻ കഴിയാത്ത നിലയിൽ ചികിത്സാരീതികളിൽ സൂക്ഷിക്കേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് അവർക്ക് പറഞ്ഞുകൊടുക്കുവാൻ കഴിയും. സംശയാസ്പദങ്ങളായ ആധാരങ്ങളിൽ നിന്ന് ആത്മീയ ഉത്തരങ്ങളിൽ നിന്നും വൈകാരിക ആശ്വാസങ്ങളെയും തേടുന്ന സഭാംഗത്തിന്റെ ആത്മീക ആവശ്യത്തിന് മറുപടി നൽകുവാൻ ഒരു പാസ്റ്റർ യോഗ്യനായിരിക്കണം. ഓരോ പാസ്റ്ററും ജനങ്ങളെ അതിശ്രേഷ്ഠനായ വൈദ്യന്റെ അടുക്കലേക്ക് തിരിച്ച് ശാരീരിക സൗഖ്യം എന്നതിന്റെ മറവിൽ വരുന്ന ആത്മീക തിന്മയിൽ നിന്ന് രക്ഷിക്കേണമെന്നുള്ളതാണ് എന്റെ പ്രാർത്ഥന. ■



**ക്രിസ്റ്റിനാ എം. എച്ച് പവൽ** *ഒരു ഓർഡെയിൻഡ് മിനിസ്റ്ററും മെഡിക്കൽ റിസേർച്ച് സൈന്റിസ്റ്റുമാണ്. ദേശാന്തരങ്ങളായി അവർ സഭകളിലും സമ്മേളനങ്ങളിലും വചനം പ്രഘോഷിക്കുന്നു.*

ചരിത്രം അവിടുത്തെ കഥയാണ്

# ഗിരോലാമോ സവനറോള ഫ്ലോറൻസിന്റെ പ്രവാചകൻ

*സവനറോള ആത്മീക ശക്തിയുടെ അഭിഷേകം പ്രാപിച്ച ഒരു പ്രവാചകനായിരുന്നു. ചരിത്രത്തിലെ എടുത്തു പറയതക്ക ആത്മീയ നേതാക്കളിൽ ഒരുവനായിരുന്നു അദ്ദേഹം.*

**വില്യം ഫാർലെ**

ഗിരാലാമൊ സവനറോള (1452–1498) മതനവോത്ഥാനത്തിന് ദൈവത്താൽ നൽകപ്പെട്ട യോഹന്നാൻ സ്ഥാപകനാണ്. മാർട്ടിൻ ലൂഥർ വ ിറ്റൻ ബർഗ് ചർച്ചിന്റെ കതകിൽ തന്റെ 95 ന്യായങ്ങളെ ആണിയിനാൽ അടിച്ചു തൂക്കിയതിന് 19 വർഷത്തിനു മുമ്പ് സവനറോള മരിച്ചു. സവനറോളയുടെ ശുശ്രൂഷ മാനസാന്തരത്തിന്റെ കാഹളമായിരുന്നു.

ആരും അദ്ദേഹത്തെ സ്വീകരിച്ചില്ല. അദ്ദേഹം ഭയമെന്യെ വളരെ തീവ്രമായി അന്നുള്ള പോപ്പിനെ എതിർത്തുകൊണ്ട് ഉന്നത തലങ്ങളിൽ ഒരു നവീകരണത്തിനുള്ള ആഹ്വാനം കൊടുക്കുകയും ചെയ്തുകൊണ്ട് റോമൻ കത്തോലിക്ക സഭ അദ്ദേഹത്തെ പുറത്താക്കി. മിക്ക പ്രൊട്ടസ്റ്റന്റുവാദികളെയും പോലെതന്നെ ഇദ്ദേഹം വേദപുസ്തകത്തെ സ്നേഹിക്കുകയും പ്രസംഗിക്കുകയും ചെയ്തു. എന്നാൽ വിശ്വാസത്താലുള്ള രക്ഷ എന്ന നവീകരണകാല ആഹ്വാനത്തിന് മുമ്പുള്ള ആളായിരുന്നതുകൊണ്ട് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം അത്ര തെളിവല്ല. അതുകൊണ്ട് പ്രൊട്ടസ്റ്റന്റു ചരിത്രം എഴുതിയവർ അദ്ദേഹത്തെ ഏതുവിഭാഗത്തിൽ പെടുത്തണം എന്നുള്ളതിൽ ധർമ്മ സങ്കടത്തിലാണ്. എന്നാൽ ദൈവത്തിന് അദ്ദേഹത്തെ നന്നായി അറിയാം. അദ്ദേഹം ആത്മശക്തിയാൽ നിറയപ്പെട്ട ഒരു പ്രവാചകനായിരുന്നു. അദ്ദേഹം ചരിത്രത്തിലെ അതിശ്രേഷ്ഠനായ ഒരു ആത്മീക നേതാവുമായിരുന്നു.


Photo: Courtesy of the Billy Graham Center Museum, Wheaton, Ill.

> സവറനറോള 16-ാം നൂറ്റാണ്ട് യൂറോപ്പിലെ എല്ലാവർക്കും പരിചിതനായിരുന്നു. പീഢകള്ളുടെ നടുവിൽ 51-ാം സങ്കീർത്തനത്തിന് അദ്ദേഹം എഴുതിയ ധ്യാനപുസ്തകം അത്യധികം വിറ്റഴിഞ്ഞു.

സവറനറോള 16–ാം നൂറ്റാണ്ട് യൂറോപ്പിലെ എല്ലാവർക്കും പരിചിതനായിരുന്നു. പീഢകളുടെ നടുവിൽ 51–ാം സങ്കീർത്തനത്തിന് അദ്ദേഹം എഴുതിയ ധ്യാനപുസ്തകം അത്യധികം വിറ്റഴിഞ്ഞു. 1958–ാം ആണ്ടുവരെ ഇദ്ദേഹത്തിന്റെ പുസ്തകം പതിപ്പുകൾ മാറി മാറി വന്നുകൊണ്ടിരുന്നു. പ്രശസ്ത കലാകരൻ മൈക്കിൾ ഏഞ്ചിലോ ഇദ്ദേഹത്തിന്റെ ഒരു ആരാധകനായിരുന്നു.

### പിറവിയും പരിശീലനവും

സവനറോള ഇറ്റലിയിലെ സെറാറ എന്ന സ്ഥലത്ത് 1452–ൽ ജനിച്ചു. ഭക്തനായ അദ്ദേഹത്തിന്റെ വലിയപ്പൻ അദ്ദേഹത്തെ ജീവിത ക്രമീകരണത്തിലും ദൈവത്തെക്കുറിച്ചുള്ള ഉപദേശത്തിലും വളർത്തി. വേദപുസ്തകം അവഗണിക്കപ്പെട്ട് വെറുക്ക

പ്പെട്ട നാളുകളിൽ വേദപുസ്തകം വായിച്ച് അതിനെ സ്നേഹിക്കുവാൻ ഉപദേശിച്ചു. വേദപുസ്തകത്തിന്മേൽ അദ്ദേഹം വെച്ചിരുന്ന വാഞ്ഛ തന്നെ യാണ് അദ്ദേഹത്തിന്റെ ആത്മ ശക്തിക്കു കാരണം.

ദൈവത്തിന്റെ വചനത്താൽ പ്രചോദിതനായ സവനറോള പ്രസം ഗിക്കുവാൻ വാഞ്ഛിച്ചു. ഡൊമിനി ക്കൽ എന്നു പറയുന്ന സംഘടന പ്രസംഗത്തിനു അവസരം കൊടുക്കു മെന്നതിനാല അദ്ദേഹം അവരോ ടൊപ്പം ചേർന്നു. എന്നാൽ പ്രസംഗ ത്തിന് അദ്ദേഹം പ്രാപ്തിയില്ലാത്തവ നായി കണ്ടു. എന്നാൽ അദ്ദേഹത്തി ന്റെ പഠിപ്പിക്കലുകൾ ജനങ്ങളാൽ വളരെയധികം അവഗണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഈ ദുഃഖം കണ്ട അദ്ദേഹത്തിന്റെ സീനിയർ അദ്ദേ ഹത്തെ ഫ്ലോറൻസ് പട്ടണത്തിൽ നിന്ന് ഒരു മഠത്തിലേക്കു മാറ്റി. അവിടെ പ്രസംഗം മാത്രമല്ല മറ്റുപല കാര്യങ്ങ ളിലും അദ്ദേഹം സമയം ചെലവഴിച്ചു.

നവോത്ഥാനം അതായത് ജ്ഞാന പൂർവമായ ഒരു പ്രസ്ഥാനം, മാനുഷീക ചിന്തകളാൽ ഉരുവാകകെപ്പട്ട് ഫ്ളോറ ൻസിൽ പടർന്നു പന്തലിച്ചിരുന്ന കാല മായിരുന്നു അത്. സകല ലൈംഗിക വൈകില്യങ്ങളും ആ പട്ടണത്തിൽ ഉണ്ടായിരുന്നു, രാഷ്ട്രീയ അഴിമതിയും ദൈവഭയമില്ലായ്മയും എവിടെയും കാണപ്പെട്ടു. ഭരണം നടത്തിക്കൊണ്ടി രുന്ന മെഡിസി കുടുംബക്കാർ ധനവും അധികാരവും ഉള്ളവരായിരുന്നതു കൊണ്ട് മൈക്കിൾ ഏഞ്ച ലോ , വീനാഡൊ ഡാവിൻസി,ബോട്ടീസെല്ലി തുടങ്ങിയവർ അവരിലേക്ക് ആകർഷി ക്കപ്പെട്ടു. ഇത്തരം അസന്മാർഗിക മായ ചുറ്റുപാടുകളിലാണ് സവനറോള തന്റെ ശുശ്രൂഷ ആരംഭിച്ചത്.

## രൂപാന്തരം പ്രാപിച്ച പ്രസംഗം

തോൽവികൊണ്ട് നിരാശനായിത്തീ ർന്ന സവനറോള തന്റെ പ്രസംഗ വാഞ്ഛയെ അടക്കി. അദ്ദേഹം താഴ്മയോടെ തന്നെത്തന്നെ സമർ പ്പിച്ചു കൊടുത്തു. ഈ താഴ്മ ദൈവ ത്താൽ നൽകപ്പെട്ട താഴ്മയായിരു ന്നു. ഇത് അദ്ദേഹത്തിന് മനസിലാ യില്ലായിരുന്നു. എന്നാൽ ദൈവ ത്താൽ പ്രയോജനപ്പെടുത്തുവാൻ അദ്ദേഹം ഒരുക്കപ്പെട്ടു കഴിഞ്ഞിരു ന്നു.

ഇക്കാലത്ത് അദ്ദേഹം താൻ ആയി രിക്കുന്ന മഠത്തിന്റെ ഉദ്യാനത്തിൽ വെളിപാടു പുസ്തകത്തെക്കുറിച്ചുള്ള പഠന പരമ്പര നടത്തി. ഇത് അദ്ദേ ഹത്തെ സംബന്ധിച്ച് അപ്രതീക്ഷിത മായ ഒരു കാര്യമായിരുന്നു. എന്നാൽ ദൈവത്തിന്റെ പരമാധികാര ലക്ഷ്യ ത്തിന് അനുസാരമായി അദ്ദേഹ ത്തിന്റെ ഉള്ളിലേക്ക് ഒരു പുതിയ ശ്കതി പാഞ്ഞു ചെന്നു.അദ്ദേഹ ത്തിന്റെ പ്രസംഗം കേൾക്കുവാൻ അനേകർ കൂടിവന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ജനസമ്മതികണ്ട അദ്ദേഹത്തിന്റെ സീനിയർമാർ ഡു വൊ മ എന്ന സ്ഥലത്തുള്ള കത്തീ ഡ്രിലിൽ പ്രസംഗിക്കുവാൻ അദ്ദേ ഹത്തെ ക്ഷണിച്ചു. ദൈവസാന്നിദ്ധ്യം ജനങ്ങളെ അത്യധികം ആകർഷിച്ചു.

> **ദൈവം തന്റെ ശക്തിബാഹുല്യത്തെ സവനറോളയിലൂടെ വെളിപ്പെടുത്തി.**

ആയിരക്കണക്കിനാളുകൾ കൂടിവന്നു. വേദപുസ്തകത്തിൽ ഏറ്റവും പ്രീയപ്പെട്ട കഥാപാത്രമായിരുന്നു യോഹന്നാൻ സ്നാപകൻ. സവനറോളയുടെ പ്രസം ഗം യോഹന്നാൻ സ്നാപകന്റേതു പോലെ തന്നെയായിരുന്നു. ആളുകൾ അധികം ഇഷ്ടപ്പെടാത്ത മാനസാന്തര ത്തെക്കുറിച്ചും സ്വാർത്ഥത വെടിയുന്ന തിനെക്കുറിച്ചും അദ്ദേഹം പ്രസംഗിച്ചു. വേദപുസ്തകത്തിന്റെ അടിസ്ഥാന ത്തിൽ പ്രസംഗിച്ച അദ്ദേഹം വരുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് മുന്ന റിയിപ്പു നൽകി. നീതിയുടെ പ്രവർത്ത നങ്ങളാൽ തങ്ങളുടെ മാനസാന്ത രത്തെ വെളിപ്പെടുത്തുവാൻ അദ്ദേഹം ഫോറൻസിലെ ജനങ്ങൾക്ക് ആഹ്വാ നം നൽകി. ജീവനുള്ള ദൈവത്തിന്റെ സാന്നിദ്ധ്യം ഈ ശക്തമായ പ്രസംഗ ത്തിന്റെ പിമ്പിലുണ്ടായിരുന്നു.

ചിലനേരങ്ങളിൽ ആളുകൾ തങ്ങ ളുടെ പാപബോധത്താൽ വിവശരാ യിത്തീർന്നു. സവനറോള അവരുടെ കരച്ചിൽ തിരുന്നതുവരെ തന്റെ പ്രസംഗം നിർത്തിവെയ്ക്കേണ്ടതായി വന്നിട്ടുണ്ട്. ദൈവം ഫ്ളോറൻസ് നഗ രത്തെ രൂപാന്തരപ്പെടുത്തി. അരാജക ത്വങ്ങളാലും അഹങ്കാരത്താലും നി റഞ്ഞ ആ പട്ടണം വിശ്വാസത്തി ലേക്കും മാനസാന്തരത്തിലേക്കും താഴ്മയിലേക്കും മടങ്ങിവന്നു. അവർ പാവങ്ങൾക്ക് ആഹാരം നൽകുകയും താല്പര്യപൂർവം സഭാരാധനയിൽ പങ്കെടുക്കുകയും ഗവൺമെന്റിന്റെ അഴിമതിയിൽ നിന്നും അതിനെ ശുദ്ധീ കരിക്കുകയും ചെയ്തതുകൂടാതെ സ്തോത്രഗാനങ്ങൾ പാടി തെരുവുകളെ മുഖരിതമാക്കി. നവോത്ഥാനവും അതിന്റേതായ പ്രവൃത്തികളും പരി ശുദ്ധാത്മശക്തിക്ക് മുമ്പിൽ ഒന്നുമില്ല യെന്ന് സവനറോളയിലൂടെ ദൈവം തെളിയിച്ചു.

## അദ്ദേഹം അനുഭവിച്ച പീഢനം

ക്രിസ്തുവിന്റെ സേവനത്തിൽ താനൊരു രക്തസാക്ഷി ആകേണ്ടിവരു മെന്ന് തന്റെ യൗവ്വനത്തിൽ തന്നെ അദ്ദേഹത്തിനു വെളിപ്പെടുത്തി. അക്കാലത്ത് അലക്സാണ്ടർ ആറാമനാ യിരുന്നു പോപ്പ്. പ്രസ്തുത പോപ്പിന് അനേകം ഭാര്യമാരും നിയമാനുസൃതമ ല്ലാത്ത അനേകം കുട്ടികളും ഉണ്ടായി രുന്നു. അത്യാഗ്രഹിയും ആഭാസനുമാ യിരുന്ന അദ്ദേഹം ക്രിസ്തുവിന്റെ പ്രതി പുരുഷനല്ലായിരുന്നു. സവനറോള യുടെ സന്മാർഗികവും ആത്മീകവു മായ സ്വാധീനം വർദ്ധിച്ചപ്പോൾ അല ക്സാണ്ടർ ആറാമന്റെ കുടുംബമായ ബോർഗിയാ കുടുംബത്തോടുള്ള ഏറ്റു മുട്ടൽ ഒഴിവാക്കാനാവാത്തതായി വന്നു. തന്റെ അസന്മാർഗികതയിൽ നിന്നും മാനസാന്തരപ്പെടുവാൻ സവ നറോള പോപ്പിനോട് പരസ്യമായി ആഹ്വാനം ചെയ്തു. അയാൾ ക്രിസ്തു വിന്റെ പ്രതിനിധിയല്ലെന്നും പിശാ ചിന്റെ പ്രതിനിധിയാണെന്നു പറയു വാൻ സവനറോള മടിച്ചില്ല.

പോപ്പ് എന്ന നിലയിലുള്ള തന്റെ അധികാരത്തെ അലക്സാണ്ടർ ആറാ മൻ സവനറോളയ്ക്കു വിരോധമായി

പ്രയോഗിച്ചു. ഒരു കള്ളക്കേസിൽ അദ്ദേഹത്തെ കുടുക്കി. തുടർന്നുള്ള 30 ദിവസം അദ്ദേഹത്തെ തേജോവധം ചെയ്തു. സവനറോള ഇവയൊക്കെയും വളരെ ആത്മധൈര്യത്തോടും അഭിമാനത്തോടും സഹിച്ചു. ഈ മതസ്ഥാപനം സ്വയം പ്രകാശിച്ച ഈ പ്രകാശഗോപുരത്തെ ഫ്ളോറൻസിൽ നിന്നും ഇറ്റലിയിൽ നിന്നും ഇല്ലാതെയാക്കി.

## അദ്ദേഹത്തിന്റെ പ്രാധാന്യത

സവനറോള എന്തുകൊണ്ടാണ് പ്രാധാന്യമർഹിക്കുന്നത്. ഒന്നാമതായി, അദ്ദേഹം മതനവീകരണത്തിന് മുന്നോടിയായി. ഇങ്ങനെ പറയുമ്പോൾ വിക്ലിഫ് (1330 -1384) ഹസ്സ് (1373-1415) എന്നിങ്ങനെയുള്ളവരെ ഓർക്കുക പതിവാണ്. എന്നാൽ യോഹന്നാൻ സ്നാപകനെപോലെ സവനറോള ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുകൂടെ വന്നു(ലൂക്കൊ. 1 17). അദ്ദേഹത്തിന്റെ ശുശ്രൂഷ യൂറോപ്പിലെ ജനങ്ങളെ മാനസാന്തരത്തിലേക്കു നയിച്ചു. നവോത്ഥാനത്തിന്റെ മുന്നോടിയായിരുന്നു അത്.

രണ്ടാമതായി, ആധുനിക ചരിത്രത്തിലെ ആദ്യ ഉണർവായി ഫോളറൻസിന്റെ മാനസാന്തരം അറിയപ്പെടുന്നു. പത്തുവർഷങ്ഹളോളം പരിശുദ്ധാത്മാവിന്റെ ചലനം ആ പട്ടണത്തിൽ ഉണ്ടായിരുന്നു. അവിടുത്തെ അഴിമതിയും അരാജകത്വങ്ങളോടും പരിശുദ്ധാത്മാവ് ഇടപ്പെട്ടു. അപ്പൊസ്തോല പ്രവർത്തികൾക്കു ശേഷം രേഖപ്പെടുത്തപ്പെട്ട ഒരു വലിയ ഉണർവായിരുന്നു ഫ്ളോറൻസിലേത്.

മൂന്നാമതായി, ദൈവം തന്റെ ശക്തിബാഹുല്യത്തെ സവനറോളയിലൂടെ വെളിപ്പെടുത്തി. യൂറോപ്പിലെ അസന്മാർഗികതയുടെയും അഴിമതിയുടെയും തലസ്ഥാനമായിരുന്നു ഫ്ളോറൻസ്. എന്നാൽ ഇദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കുശേഷം പട്ടണം വലിയ മാറ്റത്തിന് പാത്രീഭൂതമായി. ഏതു പട്ടണത്തിനും അഥവാ ഏതു രാജ്യത്തിനും പരിശുദ്ധാത്മാവിന്റെ ശക്തിക്കു മുമ്പിൽ പിടിച്ചു നിൽക്കുവാനിവില്ല എന്നുള്ളത് നാം മനസിലാക്കുമ്പോൾ നമ്മുടെ നിരാശകൾ നീങ്ങി നാം പ്രത്യാശയുള്ളവരായിത്തീരും. മാനസാന്തരത്തോടും വിശ്വാസത്തോടുംകൂടി ദൈവത്തിനുവേണ്ടി കാത്തിരിക്കുക. നമ്മുടെ പരിതസ്ഥിതികൾ ഒരിക്കലും പ്രത്യാശ അറ്റതല്ല. പതിനഞ്ചാം നൂറ്റാണ്ടിൽ പ്രവർത്തിച്ച ദൈവത്തിന് ഇന്നും പ്രവർത്തിക്കുവാൻ കഴിയും അത് ഫോളറൻസിൽ മാത്രമല്ല, ഭാരതത്തിലും ദൈവത്തിനു ചെയ്തെടുക്കുവാൻ കഴിയും.

ദൈവത്തിന്റെ ശക്തിയാൽ നിറയപ്പെട്ട ഒരുമൺപാത്രം മാത്രമായിരുന്നു സവനറോള. പരിശുദ്ധാത്മാവിന്റെ ശക്തിയും തന്റെ ബലഹീനതയും ജീവിതത്തിലൂടെ വെളിപ്പെടുത്തിയ ആളായിരുന്നു അദ്ദേഹം. പൗലോസിന്റെ ശുശ്രൂഷയിലും നമുക്ക് ഇങ്ങനെ കാണുവാൻ കഴിയുന്നു. (1 കൊരി. 2 1-5)

നാലാമതായി, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മൈക്കിൾ ഏയ്ഞ്ചലോ , ബോട്ടാസല്ലി എന്നിങ്ങനെയുള്ള കലാകാരന്മാരെ ശക്തമായി സ്വാധീനിച്ചു. ഈ സന്യാസിയുടെ പ്രസംഗങ്ങൾക്ക് ഓർമയായി ന്യായവിധിയെക്കുറിച്ചുള്ള ചിത്രങ്ങൾ മൈക്കിൾ ഏയ്ഞ്ചലോ സിസ്റ്റിൻ ചാപ്പലിൽ വരച്ചു. ബൊട്ടാസല്ലി അനേക വർഷങ്ങൾ പെയിന്റിംഗ് പോലും ചെയ്യാതിരിക്കത്തക്കവണ്ണം വലിയ മാറ്റത്തിന് ഉടമയായിത്തീർന്നു.

അദ്ദേഹം പിന്നീട് വരയ്ക്കു വാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ചിത്രങ്ങൾക്ക് ഒരു ആത്മീയ ചൈതന്യമുള്ളതായി കണ്ടു. സവനറോളയുടെ ശത്രുക്കൾപോലും തന്റെ സ്വാധീന ശക്തിയെ അംഗീകരിച്ചിരുന്നു.

ദൈവം ഒരു പട്ടണത്തെയോ ദേശത്തെയോ വ്യത്യാസപ്പെടുത്തുവാനാഗ്രഹിക്കുമ്പോൾ അവിടുന്ന് ഒരു നേതാവിനെ എഴുന്നേല്പിക്കും. ഒരു കാര്യപരിപാടിയെയോ ഒരു സംഘടനെയോ ഒരു കമ്മറ്റിയെയോ അല്ല ദൈവം ഇത്തരം കാര്യങ്ങൾക്ക് തെരെഞ്ഞെടുക്കുന്നത് . കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം എന്നും കൊയ്ത്തിന്റെ യജമാനനോട് വേലക്കാർക്കായി പ്രാർത്ഥിക്കുവാനായി യേശു നമ്മെ ഉപദേശിച്ചു.

*യഹോവേ ഇറങ്ങി വരേണമേ... അയ്യോ അങ്ങ് ആകാശം പിളർന്ന് ഇറങ്ങി വന്നിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. എങ്കിൽ തീ ചുള്ളിക്കമ്പുകളെ കത്തിക്കുന്നതുപോലെയും തീകൊണ്ടു വെള്ളം തിളക്കുന്നതുപോലെയും പർവതങ്ങൾ അങ്ങയുടെ മുമ്പിൽ ഉരുകിപ്പോകുമായിരുന്നു. ജനതകൾ അങ്ങയുടെ മുമ്പിൽ വിറച്ചുപോകുമാറ് അങ്ങയുടെ ശത്രുക്കൾ അവിടുത്തെ നാമം അറിയുമായിരുന്നു. ഞങ്ങൾ പ്രതീക്ഷിക്കാത്ത ഭയങ്കരകാര്യങ്ങൾ അങ്ങ് ചെയ്തപ്പോൾ അങ്ങ് ഇറങ്ങി വരികയും പർവതങ്ങൾ തിരുസന്നിധിയിൽ ഉരുകിപോവുകയും ചെതു.* സവനറോളയുടെ ഏതെങ്കിലും ഒരു നല്ല പുസ്തകം വാങ്ങി വായിക്കുക. പിയറി ബാൻ പാസ്സൻ എഴുതിയ *ക്രൗണോ ഓഫ് ഫയർ* എന്ന പുസ്തകം ഞാൻ ശുപാർശ ചെയ്യുന്നു. ചിരിത്രം ദൈവത്തിന്റെ കഥതന്നെയാണ്. ■



**വില്യം പി. ഫാർലെ** വാഷിംഗ് ടണിലുള്ള ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ പാസ്റ്ററാണ്. *ഫോർ ഹിസ്സ് ഗ്ലോറി ,ഔട്ട്റേജസ് മേഴ്സി* എന്നിവ അദ്ദേഹം എഴുതിയ ഗ്രന്ഥങ്ങളാണ്.

**തിയോളജിക്കൽ എൻറിച്ചുമെന്റ്**



# തലമുറ ശാപത്തിന്റെ പാപങ്ങൾ

> *തലമുറശാപത്തെക്കുറിച്ച് പഠിപ്പിക്കുന്നവർ ജനങ്ങൾ തങ്ങളുടെ മുൻതലമുറക്കാരുടെ പാപസ്വഭാവത്തെ പ്രാപിക്കുക മാത്രമല്ല, അവർ ചരതിച്ചുവെച്ച തെറ്റുകളുടെ ഫലങ്ങളും അവർ അനുഭവിക്കുന്നുവെന്ന് വിശ്വസിക്കുന്നു.*

**മുഖവുര**

ആധുനീക കാലത്ത് തലമുറശാപത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ പെന്തക്കൊസ്തു സഭകളിലും മറ്റ് കരിമാസ്റ്റിക് സഭകളിലും പ്രചുര പ്രചാരം നേടിയിരിക്കുന്നു. ഒരു വിഷയം പഠിപ്പിക്കുന്നത് ആളുകൾ ആരെന്നോ അതിന്റെ പ്രചാരം എത്രമാത്രമോ എന്നതിന്റെ അടിസ്ഥാനത്തിലല്ല, അത് അംഗീകരിക്കപ്പെടേണ്ടത്. വിശ്വാസ സംബന്ധയായ കാര്യങ്ങളും ആചാരങ്ങളും തിരുവചനത്തിലുള്ള ശരിയായ ഗ്രാഹ്യത്തിന്റെ അടിസ്ഥാനത്തിൽവേണം പരിഗണിക്കപ്പെടുവാൻ.

**തലമുറശാപം എന്ന പഠിപ്പിക്കലിന്റെ പൊതുവായ അടിസ്ഥാനം**

പുറപ്പാട് . 20 5,6,, പുറ. 34 6,7 സംഖ്യ 14 18, ,ആവ. 5 9,10,, എന്നീ വേദശകലങ്ങളുടെ അടിസ്ഥാനത്തിലാണ് പലപ്പോഴും ഈ ഉപദേശക്കാർ തങ്ങളുടെ ഉപദേശം സ്ഥാപിക്കുന്നത്. പിതാക്കന്മാരുടെ അകൃത്യം മൂന്നും നാലും തലമുറവരേക്കും മക്കളോടു സന്ദർശിക്കുമെന്ന് ഈ പാക്യങ്ങളിൽ പൊതുവായി എഴുതിയിരിക്കുന്നു.

തലമുറശാപത്തെക്കുറിച്ചു പഠിപ്പിക്കുന്ന ആളുകൾ ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നത് ഒരു വ്യക്തിയുടെ തെറ്റ് അയാളുടെ തല മുറയിലേക്കു ബാധിക്കും എന്നാണ്. ആളുകൾ തങ്ങ

ലുടെ പിതാക്കന്മാരുടെ പാപസ്വഭാവത്തെ മാത്രമല്ല കുറ്റത്തെയും പ്രാപിക്കുമെന്നാണ് അവർ പഠിപ്പിക്കുന്നത്. അവർ പഠിപ്പിക്കുന്നതനുസരിച്ച് ആളുകൾ തന്റെ സ്വന്ത പാപങ്ങൾക്കു മാത്രമല പിതാക്കന്മാരുടെ പാപത്തിനും ഉത്തരവാദിയെന്നു വരുന്നു. ഉപരിയായി തങ്ങളുടെ തലമുറ പാപങ്ങളെ വേണ്ടവിധത്തിൽ പരിഹരിക്കാത്തവർക്ക് പരാജയം, ശേഷിയില്ലായ്മ, പട്ടിണി, ലജ്ജ, രോഗം, ഭയം, മരണം എന്നിത്യാദികൾ ഉണ്ടാകുമെന്നും അവർ പഠിപ്പിക്കുന്നു.

തലമുറശാപത്തെക്കുറിച്ചു പഠിപ്പിക്കുന്നവർ തങ്ങളുടെ പഠിപ്പിക്കലുകളെ യുക്തിയുടെ തലങ്ങളിലേക്കു കൊണ്ടുപോകുന്നു. യേശുക്രിസ്തുവിന്റെ രക്തം വ്യക്തിയുടെ പാപത്തിനുവേണ്ടിയാണ് ചൊരിഞ്ഞതെന്നും പിതാക്കന്മാരിൽ നിന്നും പകർന്നുവരുന്ന കുറ്റം തീർക്കുവാൻ കൂടുതലായ ഒരു പടികൂടെ എടുക്കേണ്ടതുണ്ടെന്നും ഇവർ പഠിപ്പിക്കുന്നു. പിതാക്കന്മാരുടെ പാപത്തിന്റെ ബന്ധനത്തിൽ നിന്നും അവരെ വിടുവിക്കുക എന്നുള്ളതാണ് ഈ കൂടുതലായ പടി. ഇത് ഒരു വലിയ ചടങ്ങായാണ് കാണപ്പെടുക . പിതാക്കന്മാരുടെ പാപങ്ങളുടെ പട്ടിക ഏറ്റു പറയുക. അവർക്കുവേണ്ടി പ്രാർത്ഥനകൾ ഉരുവിടുക. എന്നിട്ട് പറയപ്പെടുന്ന ഈ ശാപങ്ങളെ തന്നത്താൻ മുറിയ്ക്കുക എന്നിവയാണ് ഈ ചടങ്ങിൽ കാണപ്പെടുന്നത്.

**അവർ പറയുന്നത്**

തലമുറ ശാപത്തെക്കുറിച്ചു പഠിപ്പിക്കുന്ന ഒരു വെബ്സൈറ്റിൽ ഇപ്രകാരം പറയുന്നു ,, ദൈവത്തിന്റെ രാജ്യവും ഇരുളിന്റെ രാജ്യവും നിയമപരമായ രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നത്. യേശുക്രിസ്തു പഴയ നിയമത്തെ ഉറപ്പിക്കുവാനാണ് വന്നത് ന്യായപ്രമാണത്തെ നീക്കുവാനല്ല. പിതാക്കന്മാർ ചെയ്ത പാപത്തിനുവേണ്ടി കുടുംബം മുഴുവനും ക്രയം ചെലുത്തേണം. സാത്താൻ സിംഹാസനത്തിനരികെ വന്ന് നിയമപരമായ അവകാശങ്ങൾ പറയുകയും നിങ്ങളുടെ ശരീരത്തെയും സമ്പത്തിനെയും ആക്രമിക്കുകയും ചെയ്യുന്നു. അവൻ പറയുന്ന അവകാശവാദം പ്രസക്തമെങ്കിൽ നിങ്ങൾക്കോ നിങ്ങളുടെ കുടുംബത്തിനോ എതിരായി പ്രവർത്തിക്കുവാൻ അവനെ അനുവദിക്കുന്നു. വളരെയധികം പ്രാർത്ഥിച്ചിട്ടും ഈ തലമുറശാപത്തിൽ നിന്നും ആളുകൾ സൗഖ്യമാകാതിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവർക്ക് നല്ല വിശ്വാസമുണ്ടായിരുന്നിട്ടുപോലും വിടുതൽ പ്രാപിക്കുവാൻ കഴിയുന്നില്ല. എന്നാൽ മേൽ പറയപ്പെട്ട കാരണത്തെ അറിയാത്തതുകൊണ്ട് പലപ്പോഴും പാസ്റ്റർമാർ രോഗികളുടെ വിശ്വാസക്കുറവിനെ പഴിക്കുന്നു. തലമുറ ശാപത്തെ മുറിക്കുന്നതിനെക്കുറിച്ച് മനസിലാക്കിയശേഷം അനേകർ വിടുതൽ പ്രാപിച്ചിട്ടുള്ളതായി കാണുന്നു. പുറ. 20 4,5 അടിസ്ഥാനപ്പെടുത്തി പിശാചിന് നാലും അഞ്ചും തലമുറകളോളം സ്വാധീനമുണ്ടെന്നും അതിന് കാരണം തലമുറ പാപമാണെന്നും ക്രിസ്ത്യാനികളുടെ ജീവിതത്തിൽ അത് ഉണ്ട് എന്നും നീൽ ഹാണ്ടെഴ്സൺ പഠിപ്പിക്കുന്നു. പിശാചിന്റെ ഈ ദുർഗം എന്താണെന്ന് ക്രിസ്ത്യാനികൾ കണ്ടു പിടിക്കുകയും അതിനാവശ്യമായ കാര്യങ്ങൾ ചെയ്യുകയുംവേണമെന്ന് ഇദ്ദേഹം പറയുന്നു. പ്രശ്നം തീവ്രമെങ്കിൽ പിശാചിന്റെ കോട്ടകളെ തകർക്കുവാൻ പ്രത്യേക അറിവുള്ള കൗൺസെലർമാരെയും ഇതിനായി വേണം.

ഡരക് പ്രിൻസ് ഇപ്രകാരം പ്രസ്താവിക്കുന്നു- കഴിഞ്ഞ തലമുറകളിൽ ഉണ്ടായിരുന്ന പൈശാചിക ശക്തി ഇന്നും നമ്മെ ഭരിക്കുന്നുണ്ടാവാം. അതുനിമിത്തം വിശദീകരിക്കാനാവാത്ത ചില സ്വഭാവങ്ങളിലോ അവസ്ഥകളിലോ നാം ചെന്നെത്തുന്നു. എന്നാൽ ഇതിനു കാരണമായുള്ള കാര്യം ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പു നടന്നതാവാം. അനുഗ്രഹമനുഭവിക്കേണ്ട അനേക ക്രിസ്ത്യാനികളും ശാപത്തിൻ പിടിയിലാണ്. അവർ വിടുവിക്കപ്പെടേണ്ടവിധം അവർ അറിയുന്നില്ല.

തലമുറ ശാപത്തെക്കുറിച്ചു പറയുന്നവർ നല്കുന്ന വിടുതലിന്റെ പടികൾ തലമുറശാപത്തെക്കുറിച്ച് പ്രചരിപ്പിക്കുന്നവർ അതിനെ കണ്ടുപിടിക്കുവാനും പരിഹരിക്കുവാനുമായി വിവിധ തരത്തിലുള്ള പരിഹാരമുറകൾ പറയുന്നുണ്ട്. ഒരു വെബ് സൈറ്റിൽ ഇപ്രകാരം പറയുന്നു. നിങ്ങളുടെ കുടുംബാംഗങ്ങളുടെ, അതായത് നാലുതലമുറകൾക്കു മുമ്പുള്ള കുടുംബാംഗങ്ങളുടെ പാപങ്ങളുടെ പട്ടിക എടുക്കുക. കുടുംബാംഗംങ്ങൾ ആരെങ്കിലും പാപത്തിൽ തുടരുന്നുവെങ്കിൽ അവരുടെ പാപങ്ങളും ഏറ്റുപറയുക. നിങ്ങളുടെ കുടുംബത്തിനു അനുതപിക്കുക എന്നുള്ള വളരെ പ്രാധാന്യമുള്ള കാര്യമാണ്. നിങ്ങൾ പട്ടികയിൽ കാണുന്ന ഓരോ പാപത്തിനുവേണ്ടിയും ഏറ്റുപറച്ചിൽ നടത്തിയ ശേഷം സാത്താന് നിങ്ങളുടെമേൽ അവകാശമില്ലയെന്ന് യേശുവിന്റെ നാമത്തിൽ അവകാശവാദമുന്നയിക്കുക. അതിനുശേഷം പ്രാർത്ഥനയ്ക്കും ആരാധനയ്കകുമായി സമയം ചെലവഴിക്കുക. വരും കാലങ്ങളിൽ ദൈവം നിങ്ങൾക്ക് പ്രത്യേക വിടുതലുകൾ നല്കും. അവർ പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനയുടെ രൂപം വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. “സ്വർഗസ്ഥനായ പിതാവേ നസ്രനായ യേശുവിന്റെ നാമത്തിൽ എന്റെ ----പാപങ്ങളെ ഏറ്റപറയുവാൻ അവിടുത്തെ സന്നിധിയിൽ വരുന്നുയ എന്റെ കുടുംബത്തിലെ നാലു തലമുറകൾക്കുമുമ്പുള്ള അംഗങ്ങളുടെയും അഗംങ്ങളുടെ പാപങ്ങളെയും ഞാൻ ഏറ്റു പറയുന്നു. യേശുവിന്റെ രക്തത്താൽ ഈ പാപങ്ങളിൽ നിന്നും പഴുകപ്പെടുന്നു. സാത്താന്റെ കെട്ടുകളിൽ നിന്നും എന്നെ വിടുവിക്കേണമേ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ ! ”

***യേശുക്രിസ്തുവിന്റെ രക്തം വ്യക്തിയുടെ പാപത്തിനുവേണ്ടിയാണ് ചൊരിഞ്ഞതെന്നും പിതാക്കന്മാരിൽ നിന്നും പകർന്നുവരുന്ന കുറ്റം തീർക്കുവാൻ കൂടുതലായ ഒരു പടികൂടെ എടുക്കേണ്ടതുണ്ടെന്നും ഇവർ പഠിപ്പിക്കുന്നു.***

**ഈ വിഷയത്തിൽ നമ്മുടെ നിലപാട് എന്താണ്**

**ഈ ഉപദേശം അടിസ്ഥാനപ്പെട്ടിട്ടുള്ള വേദപുസ്തക ശകലങ്ങൾ പരിശോധിക്കുക**

ഒന്നാമതായി തലമുറശാപത്തെക്കുറിച്ചു പറയുന്ന വേദപുസ്തക ഭാഗങ്ങളെ മദ്ധ്യപൂർവ ദേശങ്ങളുടെ പശ്ചാത്തലത്തിൽ നാം കാണേണം. പുറപ്പാട് 20, 30 അദ്ധ്യായങ്ങളിൽ മോശെ സംസാരിക്കുന്നത് ചുറ്റും ജാതീയതയാൽ മൂടപ്പെട്ട ദൈവജനങ്ങളോട് തങ്ങളുടെ ദൈവത്തിന്റെ ജനനദിവസം മറക്കുകയോ ,തെറ്റായ യാഗം കഴിക്കുകയോ ,മഴ,ഫലഭൂയിഷ്ഠി, യുദ്ധം എന്നിവയുടെ ദേവന്മാർക്ക് അന്യോന്യം മാറി യാഗം കഴിക്കുകയോ ചെയ്താൽ അവർ മരിക്കുമെന്ന് ജാതികൾ വിശ്വസിച്ചിരുന്നു. അവർ ആരാധിക്കുന്ന പ്രാന ദൈവം ഇങ്ങനെ ഇടർച്ച വരുത്തുന്നതിനും അവന്റെ കുടുംബത്തിനും മരണ ശിക്ഷ നൽകുമെന്നും അവർ വിശ്വസിച്ചിരുന്നു.

*നാം ഒരിക്കലും നമ്മുടെ പിതാക്കന്മാരുടെ പാപങ്ങൾക്ക് ഉത്തരവാദികളല്ല. അവകൾ പിന്നെയും തുടർന്നു ചെയ്യുന്നതിന് നാം വിധിക്കപ്പെട്ടവരുമല്ല.*

പഞ്ചഗ്രന്ഥങ്ങളിലെ മറ്റുഭാഗങ്ങളെപ്പോലെ തന്നെ ശരിയാക്കുക എന്ന ഉദ്ദേശത്തോടുകൂടെതന്നെയാണ് മോശെ ഇത് എഴുതിയത്. അന്ത വിശ്വാസമുള്ള യിസ്രയേല്യരോട് തങ്ങളുടെ ദൈവം വ്യത്യസ്തനാണെന്നു കാണിക്കുകയാണ് മോശെ ഇവിടെ ചെയ്തത്. ശരിയായ മതാചാരങ്ങൾ ചെയ്യുകയല്ല മുഴുമനസോടെ ദൈവത്തെ അനുസരിക്കുക എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. തുടരെ ദൈവത്തിനുവിരോധമായി ജീവിക്കുന്നവർ അതിനുയോജ്യമാം വിധം ശിക്ഷിക്കപ്പെടുന്നു. ദൈവത്തോടും അവിടുത്ത് വചനത്തോടും എതിർത്തു നിന്നാൽ അവരുടെ സന്തതിയിന്മേൽ ബാധകളുണ്ടാകുന്നു.

എന്നാൽ മോശെ പറഞ്ഞ ഈ കുറിപ്പ് നാം വളരെ ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. ശിക്ഷിക്ക്പപെടുന്ന ജനങ്ങൾ അവർ പ്രാപിച്ച കുറ്റങ്ങളെക്കുറിച്ചുള്ള പഴിയോ അഥവാ അതിൽ നിന്നുണ്ടാകുന്ന ശാപമോ അല്ല തങ്ങൾ പഠിച്ച നടപ്പുകളെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്.

പാപത്തിന്റെ ഫലങ്ങൾ തലമുറയിലൂടെയോ മറ്റ് ഏതെങ്കിലും നിയമങ്ങളിലൂടെയോ സന്തതികളിന്മാൽ പകരപ്പെടുന്നില്ല. പരിശീലിച്ച ചില ജീവിതരിതികൾകൊണ്ട് നിഷേധാത്മകമായ ചില ഫലങ്ങൾ ഉണ്ടാകുന്നു. നാലാംതലമുറവരെ എന്നു പറഞ്ഞിരിക്കുന്നതു തന്നെ ഒരുവൻ തന്റെ മകൻ, മകന്റെ മകൻ,അവന്റെ മകൻ എന്നിങ്ങനെ നാല് തലമുറകളുടെ കാലത്തോളം മിക്കപ്പോഴും ജീവിച്ചിരിക്കും. ഈ നാലുതലമുറകളിലേക്കും ഈ ആളിന്റെ സ്വഭാവം സ്വാധീനിക്കാനിടയുണ്ട്. എന്നുള്ളതാണ് ഇവിടെ അർത്ഥമാക്കുന്നത്. തന്റെ സന്തതികളിന്മേൽ അയാളുടെ അഭക്തി ജീവിതത്തിന്മേൽ നിഷേധാത്മകമായ സ്വാധീനം അവരുടെ മരണത്തോടെ അവസാനിക്കുന്നു. എന്നാലും അയാൾ ജീവനോടിരിക്കുമ്പോൾ അയാളുടെ മോശമോയ വഴികളെ അയാളുടെ സന്തതികൾ തുടരുകയോ കർത്താവിങ്കലേക്കു തിരിഞ്ഞു മാനസാന്തരപ്പെടുകയോ ചെയ്യാം. നാം ഒരിക്കലും നമ്മുടെ പിതാക്കന്മാരുടെ പാപങ്ങൾക്ക് ഉത്തരവാദികളല്ല. അവകൾ പിന്നെയും തുടർന്നു ചെയ്യുന്നതിന് നാം വിധിക്കപ്പെട്ടവരുമല്ല.

തലമുറശാപത്തിന് അടിസ്ഥാനമായി പറയുന്ന വേദഭാഗങ്ങൾ നാം മുവുവനുമായി വായിച്ചു മനസിലാക്കേണ്ടതുണ്ട്. ദൈവത്തെ പകക്കുന്ന മൂന്നും നാലും തലമുറകളുടെമേലാണ് ദൈവത്തിന്റെ ശാപം അയക്കുന്നത്. (പുറ. 20 : 5; ആവർ. 5 : 9; 7: 10; 32 :41) തലമുറശാപത്തിന് അനുകൂലമായി സംസാരിക്കുന്നവർ എടുത്തു പറയപ്പെടുന്ന ശിക്ഷാവിധി ആരുടെമേലുള്ളതാണെന്ന് ഈ വാക്യങ്ങളിൽ കുറിച്ചിട്ടുണ്ട്. തങ്ങളുടെ പഴയ അഭക്തരായ മുൻതലമുറക്കാരുടെ മാതൃകയെ തങ്ങൾ പിൻപറ്റി അവരുടെ പാപങ്ങളിൽ തുടർന്ന് ദൈവത്തിനുവിരോധമായി ജീവിക്കുമ്പോഴാണ് ദൈവത്തിന്റെ ന്യാവിധി ഉണ്ടാകുന്നത് എന്ന് ഈ വാക്യങ്ങളിൽ വളരെ സ്പഷ്ടമാണ്.

**തലമുറശാപത്തിന് വേദപുസ്തക അടിസ്ഥാനമില്ല എന്ന് ചൂണ്ടിക്കാണിക്കുക**

തലമുറ ശാപം എന്ന ഒരു ഭാഷാശൈലിപോലും വേദപുസ്തകത്തിൽ ഇല്ല.എന്നാൽ അതുകൊണ്ടുതന്നെ അത് വേദപുസ്തകപരമല്ലെന്നു നമുക്കു സ്ഥാപിക്കാനാവില്ല. ത്രീയേകത്വം എന്ന വാക്ക് തിരുവചനത്തിൽ കാണാനില്ലെങ്കിലും വേദപുസ്തക ഉപദേശത്തിൽ അത് സ്പഷ്ടമായി പ്രതിഫലിച്ചു നിൽക്കുന്നു.

തലമുറശാപം എന്ന ധാരണ തന്നെ തിരുവചനത്തിന് അന്യമാണ്. പുറ.20 5, 34 6,6 തുടങ്ങിയ വേദഭാഗങ്ങൾ പുരാതന മദ്ധ്യപൂർവ ദേശത്തിന്റെ സാഹചര്യ സന്ദർഭങ്ങളോട് യോജ്യമാം വിധം വ്യാഖ്യാനിക്കുമ്പോൾ തലമുറ ശാപം എന്നുള്ള പഠിപ്പിക്കലിന് യാതൊരു സാദ്ധ്യതയും കാണുന്നില്ല എന്നുള്ളത് നമുക്ക് മനസിലാക്കുവാൻ കഴിയും. തലമുറശാപത്തെക്കുറിച്ച് പറയുന്നവർ ശുപാശചെയ്യുന്ന ആചാരങ്ങളോ പാദാർത്ഥനകളോ ഒന്നുംതന്നെ നാം വേദപുസ്തകത്തിൽ കാണുന്നില്ല. വേപുസ്തകം ഇവയ്ക്ക് ഒന്നിനും ആധാരം നൽകുന്നില്ല. തലമുറശാപം എന്നത് ഒരു വാസ്തവം എങ്കിൽ അതിന് ആവശ്യമായ പരിഹാരമാർഗങ്ങളും വേദപുസ്തകം നമുക്കു നൽകുമായിരുന്നു.

*ആദിമ സഭയെപ്പോലെ 21–ാം നൂറാണ്ടു സഭയിൽ യേശുവിന്റെ യാഗം പര്യാപ്തമായതെന്ന് സംശയമെന്യെ ഉറപ്പാക്കണം.*

**വേദപുസ്തകത്തിന്റെ മറ്റുഭാഗങ്ങൾ എന്താണ് പറയുന്നത് എന്ന് ശ്രദ്ധിക്കുക**

വേദപുസ്തകത്തിലെ ഒരു വിഷയത്തെക്കുറിച്ച് നാം തീർപ്പു കാണുന്നതിനു മുമ്പ് ആ വിഷയ സംബന്ധിയായ വേദവാക്യങ്ങൾ മുഴുവനും പരിഗണിക്കുന്നത് നല്ലതാണ്. മറ്റു ചില തർക്കവിഷയങ്ങൾപോലെതന്നെ എല്ലാ തിരുവചനഭാഗങ്ങളും പരിഗണിക്കുമ്പോൾ ഒരു

ശരിയായ തീർപ്പിന് കഴിയാത്ത അവസ്ഥ പലപ്പോഴും കാണുന്നു. മോശെയുടെ വാക്കുകൾ പിന്നെയും ശ്രദ്ധിക്കാം.*മക്കൾക്കുവേണ്ടി പിതാക്കന്മാരും പിതാക്കന്മാർക്കുവേണ്ടി മക്കളും മരണശിക്ഷ അനുഭവിക്കരുത്, ഓരോരുത്തരുടെയും പാപത്തിന് അവരവർതന്നെ മരണശിക്ഷ അനുഭവിക്കണം.* വേദവാക്യത്തിന്റെ പ്രചോദനം അതിന്റെ യോജ്യത അതിന്റെ വചനങ്ങൾക്കും വചനങ്ഹൾക്കുമുള്ള വ്യാഖ്യാനയോജ്യത തെളിയിക്കപ്പെട്ട ചിന്താഗതികൾ പുറപ്പാടുപുസ്തകം 5 9,10 വാക്യങ്ങൾആവർത്തന പുസ്തകം 24-ാം അദ്ധ്യായത്തിൽ മോശെ വളരെ സ്പഷ്ടമായി നൽകുന്ന സത്യങ്ങൾക്കനുസരണമായി വ്യാഖ്യാനിക്കണം.

2 രാജാ. 14 6 ഉം 2 ദിനവൃത്ത. 25 4 ഉം സമാന്തര വേദഭാഗങ്ങളാണ്. എന്നിരുന്നാലും മക്കളുടെ തെറ്റിന് പിതാക്കന്മാരോ പിതാക്കന്മാരുടെ തെറ്റിന് മക്കളോ ശിക്ഷിക്കപ്പെടരുത്. ഓരോരുത്തനും അവനവന്റെ പാപത്തിന് ശിക്ഷയായെ വിധിക്കപ്പെടാവു എന്ന് യഹോവ കല്പിച്ചിരിക്കുന്നതായി മോശെയുടെ ന്യായപ്രമാണ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതനുസരിച്ച് അമസ്യാവ് ആ ചതിയന്മാരായ ഘാതകരുടെ മക്കളെ കൊന്നില്ല. ആവ. 24-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഉപദേശം പുരാതന യിസ്രായേൽ മനസിലാക്കുകയും അത് അനുവർത്തിക്കുകയും ചെയ്തിരുന്നുവെന്ന് ഇവിടെ വ്യക്തമാണ്.

പ്രവാചകന്മാരുടെ കാലം വന്നപ്പോഴേക്കും യിസ്രയേല്യർ വിജാതിയരുടെ ചിന്താഗതികളെ തിരുത്തിക്കൊണ്ടു നല്കിയ ഉപദേശങ്ങളെ പാടെ മറന്നുപോയി. പ്രവാചകന്മാർക്കും ഇതേ പ്രശ്നംതന്നെ നേരിടേണ്ടതായി വന്നു. ബാബിലോണ്യപ്രവാസ കാലത്ത് യെസക്കിയേൽ ഇപ്രകാരം എഴുതി.അപ്പൻമാർ പച്ചമുന്തിരിങ്ങാതിന്നു മക്കളുടെ പല്ലുപുളിച്ചു എന്നിങ്ങനെ യിസ്രായേൽ ദേശത്ത് ഒരു പഴഞ്ചൊല്ലു നിങ്ങൾ പറയുന്നതിന് എന്താണർത്ഥം? എന്നാണ യിസ്രായേൽ ദേശത്ത് ഇനിമേലാൽ നിങ്ങൾ ഈ പഴഞ്ചൊല്ല് പറയുവാനിടവരികയില്ല എന്ന് യഹോവയായ ദൈവത്തിന്റെ അരുളപ്പാട്. എല്ലാദേഹികളും എനിക്കുള്ളവർ പിതാക്കന്മാരുടെ ദേഹികളും മക്കളുടെ ദേഹികളും എനിക്കുള്ളവതന്നെ. പാപം ചെയ്യുന്ന ദേഹിയൊ അത് മരിക്കും. യെഹസ്കി. 18 2-4.

യെഹസ്കിയേൽ ഇങ്ങനെ തുടരുന്നു. എന്നാൽ അവന് ഒരു മകൻ ജനിച്ചിട്ട് അയാൾ തന്റെ പിതാവു ചെയ്ത ഈ കാര്യങ്ങളെല്ലാം കണ്ടിട്ട് അതുപോലെ ചെയ്യാതിരിക്കുന്നു എന്നു ചിന്തിക്കുക.

അയാൾ പൂജാഗരികളിൽവെച്ചു ഭക്ഷണം കഴിക്കുകയോ ,യിസ്രായേൽഗൃഹത്തിന്റെ വിഗ്രഹങ്ങളെ വണങ്ങുകയോ അയൽക്കാരന്റെ ഭാര്യയെ വഷളാക്കുകയോ ആരെയെങ്കിലും പീഠിപ്പിക്കുകയോ പണയം മടക്കികൊടുക്കാതിരിക്കുകയോ പിടിച്ചുപറിക്കുകയോ ചെയ്യാതെ വിശപ്പുള്ളവന് ആഹാരം നൽകുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്നു. നീതികേടുചെയ്യാതെ തന്റെ കൈ സൂക്ഷിക്കുന്നു. പലിശ വാങ്ങുകയോ കൊള്ളലാഭം ഉണ്ടാക്കുകയോ ചെയ്യുന്നില്ല.എന്റെ ചട്ടങ്ങളും വിധികളും പാലിക്കുന്നു. അങ്ങനെയെങ്കിൽ തന്റെ പിതാവിന്റെ അകൃത്യംമൂലം അവൻ മരിക്കയില്ല. അവൻ ജീവിക്കും നിശ്ചയം. എന്നാൽ അവന്റെ പിതാവ് അക്രമം കാട്ടുകയും തന്റെ സഹോദരന്റെ മുതൽ കവർച്ച ചെയ്യുകയും തന്റെ ജനത്തിന്റെ ഇടയിൽ അനീതി പ്രവർത്തിക്കുകയും ചെയ്യുക നിമിത്തം അവന്റെ അതിക്രമം നമിത്തം അവൻ മരിക്കും.എന്നാൽ പിതാവിന്റെ അകൃത്യം പുത്രൻ വഹിക്കേണ്ടതല്ലയോ എന്നു നിങ്ങൾ ചോദിക്കുന്നു. ആ പുത്രൻ ന്യായവും നീതിയും പ്രവർത്തിക്കുകയും എന്റെ എല്ലാ കല്പനകളും അനുസരിച്ചു നടക്കുകയും ചെയ്യുകയാൽ അവൻ തീർച്ചയായും ജീവിക്കും. പാപം ചെയ്ത ദേഹി മരിക്കും. പുത്രൻ പിതാവു ചെയ്ത അകൃത്യത്തിൻരെ ശിക്ഷ അനുഭവിക്കുകയില്ല. പിതാവ് പുത്രന്റെ പാപഫലവും അനുഭവിക്കുകയില്ല. നീതിമാന്റെ നീതിയും ദുഷ്ടന്റെ ദുഷ്ടതയും അവനവന്റെമേൽതന്നെ ഇരിക്കും.( യെഹ. 18 14-20 ) യെഹസ്കിയേലിന്റെ സമകാലികനായ യിരെമ്യാവ് ഇപ്രകാരം പറയുന്നു. അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ല് പുളിച്ചുവെന്ന് ആകാലങ്ങളിൽ പറയുകയില്ല. ഓരോരുത്തരും താന്താന്റെ അകൃത്യം നിമിത്തമാണ് മരിക്കുന്നത്. പച്ചമുന്തിരിങ്ങ തിന്നുന്നത് എതു മനുഷ്യനായാലും അവന്റെ പല്ല് പുളിക്കും. ഈ വാദഭാഗങ്ങൾ വളരെ സ്പഷ്ടമാണ്. വേദവാക്യം വേദവാക്യത്തെ വ്യാഖ്യാനിക്കുന്നു എന്നുള്ളതിന് ഇത് ഉദാഹരണമാണ്. മനസിലാക്കുവാൻ കഴിയാത്ത വേദഭാഗത്തിന് അനായസകരമായ വേദഭാഗങ്ങൾകൊണ്ട് അർത്ഥം കണ്ടെത്തുക. ആ കാലത്തിലുള്ള എല്ലാ യഹൂദന്മാരും മറ്റുള്ളവരുടെ മേൽ കുറ്റം ചുമത്തുന്നവരായിരുന്നില്ല എന്നു നാം മനസിലാക്കണം. ബാബിലോണ്യ പ്രവാസകാലത്തെ ശോധനകളെ നാം പഠിക്കുമ്പോൾ ദാനിയേൽ

## തലമുറശാപം എന്ന ഉപദേശത്തിന്റെ പാപങ്ങൾ

വേദവാക്യങ്ങൾക്ക് വ്യത്യസ്തമായ അർത്ഥംകണ്ട് അധികമായി പ്രാർത്ഥിക്കുന്നതിനാൽ എന്തു തിന്മയാണുള്ളത് ? തലമുറശാപം എന്ന ഉപദേശത്തിലെ ചില ഭവിഷ്യത്തുകൾ താഴെ ചേർക്കുന്നു

1- ദൈവവചനം പര്യാപ്തമായത് എന്നതിനെ ഇത് നിരാകരിക്കുന്നു. മനുഷ്യനാൽ ഉണ്ടാക്കപ്പെട്ട ശോധനകൾ , ചടങ്ങുകൾ, സൂത്രങ്ങൾ തുടങ്ങിയ ദൈവവചനത്തോടു ചേർക്കുന്നു 2 തിമൊ. 3 15-17, 2പത്രൊ. 1 3-8.

2- ക്രൂശിൽ യേശു തികച്ച പ്രക്രിയയെ ഇത് നിരാകരിക്കുന്നു.

3- യേശുവിനോടുകൂടെ അധികമായി ചേർക്കുന്ന ഒരു സുവിശേഷത്തെ ഇവർ ഉണ്ടാക്കുന്നു (ഗലാ. 1 6,9)

4- വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള വേദപുസ്തക ഉപദേശത്തെ ഇത് നിരാകരിക്കുന്നു. നാം വേർപെട്ടു വന്ന ജാതീയതയോടെ ഇത് നമ്മെ ഇത് ഒരു പതടികൂടെ അടുപ്പിക്കുന്നു.

6- മനുഷ്യന്റെ ക്രീയകളെ അത്യധികമായി ഇത് എടുത്തു കാണിക്കുന്നു. ഇങ്ങനെ ദൈവത്തിന്റെ ക്രീയയിലൂടെയുള്ള ദൈവത്തോടുള്ള ബന്ധത്തെ നാം നമ്മുടെ പ്രവർത്തികളുടെ അടിസ്ഥാനത്തിൽ പെരുമ കാട്ടുന്നു.

W.E. NUNNALLY, Springfield, Missouri

പ്രവാചകൻ അക്കാലത്തെ യഹൂദന്മാരുടെ സംസ്ക്കാരത്തിന് വിപരീതമായാണ് പ്രവർത്തിച്ചത്. തന്റെ ആ അവസ്ഥക്ക് അദ്ദേഹം പിതാക്കന്മാരെ പഴിചാരിയില്ല. യെരമ്യാവിന്റെയും യെഹസ്കേലിന്റെയും കാലത്തെപോലെയല്ലാതെ തന്റെ ശിക്ഷയുടെ കാരണം താൻതന്നെയാണെന്ന് ഉത്തരവാദിത്വപ്പെടുകയും തന്റെ സമകാലിനതയെക്കുറിച്ചുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നു. അദ്ദേഹം ഇപ്രകാരം എഴുതി. ഞാൻ എന്റെ ദൈവമായ യഹോവയോട് ഇപ്രകാരം പ്രാർത്ഥിച്ച് ഏറ്റു പറഞ്ഞു.

വലിയവനും ഭയങ്കരനും തന്നെ സ്നേഹിക്കുന്നവർക്കും തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കും നിയമവും ആർദ്രസ്നേഹവും പാലിക്കുന്നവരുമായ ദൈവമായ കർത്താവേ ഞങ്ങൾ പാപം ചെയ്തു, അതിക്രമം പ്രവർത്തിച്ചു, ദുഷ്ടതയോടെ ജീവിച്ചു, അങ്ങയുടെ കല്പനകളിൽ നിന്നും വിധിക ിൽ നിന്നും വിട്ടുമാറി അങ്ങയോടു മത്സരിച്ചു. ...... കർത്താവേ നീതി അങ്ങേയ്ക്കുള്ളത്. ,എന്നാൽ യഹൂദ പുരുഷന്മാരും യരുശലേം നിവാസികളും സകല യിസ്രായേൽ ജനങ്ങളും, അങ്ങയോട് കാണിച്ച അവിശ്വസ്തത നിമിത്തം സകല ദേശങ്ങളിലും ചിതറിക്കപ്പെട്ട ദൂരസ്ഥരും സമീപസ്ഥരുമായ ഞങ്ങൾക്കൊ ഇന്നുള്ളതു ലജ്ജമാത്രം. കർത്താവേ ഞങ്ങൾ അങ്ങേയ്ക്ക് എതിരെ പാപം ചെയ്തിരിക്കയാൽ ഞങ്ങൾക്കും ഞങ്ങളുടെ രാജാക്കന്മാർക്കും, പ്രഭുക്കന്മാർക്കും ഞങ്ങളുടെ രാജാക്കന്മാർക്കും ലജ്ജമാത്രം ശേഷിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവമദായ കർത്താവിന്റെ പക്കൽ കരുണയും മോചനവും ഉണ്ട്. ഞങ്ങളോ അവിടുത്തോട് മത്സരിച്ചിരിക്കുന്നു.

പ്രവാസത്തിന്റെ കാരണം ഞങ്ങളുടെ പിതാക്കന്മാരുടെ കാരണമാണെന്ന് ദാനിയേൽ അവിടെ പറയുന്നില്ല.

പിന്നെയും യേശുവിന്റെ കാലമായപ്പോഴേക്കും മോശെയും പ്രവാചകന്മാരും തിരുത്തിയ വിചാതീയ ചിന്താഗതികളെ യഹൂദന്മാർ മറന്നു. യേശു ഈ പ്രശ്നങ്ങളെ നേരിടേണ്ടി വന്നു. യോഹന്നാന്റെ സുവിശേഷം 9 1-3 വരെയുള്ള വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. യേശു കടന്നുപോകുമ്പോൾ പിറവിയിലെ അന്ധനായ ഒരു മനുഷ്യനെ കണ്ടു. ശിഷ്യന്മാർ ചോദിച്ചു. റബീ, ആര് പാപം ചെയ്തിട്ടാണ് ഇവൻ അന്ധനായിരിക്കുന്നത്. ഇവനോ ? ഇവന്റെ മാതാപിതാക്കളോ ? യേശു പറഞ്ഞു ഇവനോ ഇവന്റെ മാതാപിതാക്കളോ പാപം ചെയ്തിട്ടല്ല. പിന്നയോ ദൈവത്തിന്റെ പ്രവർത്തി വെളിപ്പെടുവാനാണ് . പാപത്തിന്റെ കുറ്റം തലമുറയിലേക്കു വ്യാപിക്കുമെന്നുള്ള വിജാതീയരുടെ ചിന്താഗതി ശിഷ്യന്മാർക്കും ഉണ്ടായിരുന്നു. എന്നാൽ ഇതു കേട്ട യേശു ദൈവത്തിന്റെ കൃപയെയും മഹിമയെയും അവർക്ക് ഉറപ്പിച്ചുകൊടുത്തു.

ദൈവം ഓരോരുത്തനും അവനവൻ ചെയ്തിട്ടുള്ളതിന് തക്കവണ്ണം പകരം നല്കും (റോമ. 2 : 5,6) . എങ്കിൽ പിന്നെ, നീ എന്തിനെ സഹോദരനെ വിധിക്കുന്നു ? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടി വരുമല്ലോ . തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും. എല്ലാ നാവും ദൈവത്തോട് ഏറ്റു പറയും ,, അതിനാൽ നാം ഓരോരുത്തരും അവനവനെക്കുറിച്ച് ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടി വരും. ഓരോ വ്യക്തിക്കും അവനവനോടുള്ള ഉത്തരവാദിത്വം ഇവിടെ വ്യക്തമാണ്. മോശെ പറഞ്ഞ തിരിവചന ഭാഹത്തോടെ ഇവ ഒക്കുന്നു. പ്രവാചകന്മാർ അതിനെ തുടർന്നു പഠിപ്പിക്കുന്നു. ( യിരമ്യാ. 31: 29,30) യെഹ.18: 1-4; 14-16,ദാനി. 9 :4;5:7-9 ). ഇത് യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ പാരമ്യമടയുന്നു. (യോഹ. 8: 11, 9 1-3 )മോശെ അക്കാലത്തുള്ള ജനങ്ങളെ വിജാതീയരുടെ ചിന്താഗതിയിൽ നിന്നും തിരുത്തുവാൻ ശ്രമിച്ചു. എന്നാൽ പ്രവാചകന്മാ

## ഈ ഉപദേശ പിശകിൽ നിന്നും നമുക്ക് എന്തു മനസിലാക്കുവാൻ കഴിയും?

1-വേദവചനങ്ങൾ മാത്രമാണ് നമ്മുടെ കാലുകൾക്ക് വിശ്വാസദീപവും പാദയ്ക്ക് പ്രകാശവുമായിട്ടുള്ളത്.

2- മനുഷ്യന്റെ വാക്കുകൾ നമ്മെ പിന്നെയും ബന്ധനത്തിലാക്കുകയേ ഉള്ളൂ. ഉദാ. ഭയം ആദുനിക വേദശാസ്ത്ര അസംബന്ധങ്ങളെക്കാൾ ദൈവത്തിന്റെ തികഞ്ഞ ആലോചനയെ നാം പിൻപറ്റേണം.

3- വീണുപോയ മനുഷ്യൻ പെട്ടെന്നുള്ള വിടുതലാണ് ആഗ്രഹിക്കുന്നത്.

തലമുറശാപക്കാർ പറയുന്ന ചടങ്ങുകളാൽ അവർ പറയുന്ന പ്രശ്നങ്ങളാൽ മാറ്റുവാൻ കഴിയുന്നില്ല. ശിഷ്യന്മാരായുള്ള നടപ്പിൽ നാം വളരെ സൂഷ്മതയുള്ളവരായിരിക്കണം. നാം നാൾതോറും നമ്മുടെ ക്രൂശ് എടുത്തുകൊണ്ട് നമ്മെ പാപത്തിനു മരിച്ചവരായി ക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരായും നമ്മെതന്നെ എണ്ണിക്കൊണ്ട് നമ്മുടെ ശരീരത്തെ അടക്കി ഏതു ചിന്തയെയും ക്രിസ്തുവിന്റെ അനുസരണത്തിൻ കീഴിൽ കൊണ്ടുവന്ന് ദൈവവചനത്താൽ നമ്മുടെ മനസിനെ പുതുതാക്കണം. നമ്മുടെ സ്വഭാവത്തിലെ കുറവുകളെ പ്രമാണങ്ങൾ കൊണ്ടു മാറ്റുവാൻ നോക്കുമ്പോൾ പിറ്റെ ദിവസം രാവിലെ അതേ കുറവുകളോടുകൂടെ നാം കാണപ്പെടുമ്പോൾ നാം വഞ്ചിക്കപ്പെട്ടവരായി നമുക്കു കാണുവാൻ കഴിയും. കുറുക്കുവഴി ക്രിസ്ത്യാനിത്വത്തിനായല്ല യേശു നമ്മെ വിളിച്ചത്. ശിഷ്യരാകുവാനാണ് യേശു നമ്മെ വിളിച്ചത്. നാൾതോറും നാം നമ്മുടെ യജമാനനെ പിൻപറ്റി അവിടുത്തെ ഭരണത്തിന് നമ്മെതന്നെ സമർപ്പിച്ച് അവിടുത്തിൽ നിന്നും പഠിച്ച് പിന്നെയും അധികമായി അവിടുത്തപ്പോലെ ആകേണം.

4- ഇത് യേശുവിന്റെ രക്തത്തിന്റെ ശക്തിയെയും അതിന്റെ പര്യാപ്തതെയും നമ്മെ ഓർമ്മപ്പെടുത്തുന്നു.

5- ഈ തലമുറശാപം എന്ന വിഷയത്തെ നാം ആരാഞ്ഞു നോക്കുന്നതിന് വേദപുസ്തകത്തിലേക്ക് നാം തിരിഞ്ഞിരിക്കുന്നതുകൊണ്ട് നമ്മുടെ പ്രവർത്തികൊണ്ട് ഫലം ഉണ്ട്. നമ്മുടെ ജീവതം നമ്മുടെ തലമുറകളുടെമേൽ സ്വാധീനം ചെലുത്തുമെനന്നും ഇതിനാൽ നാം അറിയുന്നു. ചില വിശ്വാസികൾ കാറ്റു വിതച്ച് കൊടുങ്കാറ്റു കൊയ്യുകയാണ്. (ഹൊശ. 8 7). ദൈവം നമ്മെ എപ്രകാരം ജീവിക്കുവാൻ വിളിച്ചിരിക്കുന്നുവോ അപ്രകാരം ജീവിക്കുന്നതിനും നമ്മുടെ സഭാഅംഗങ്ഹൾ വേദപുസ്തകാനുസാരമായി യഥാർത് മാനസാന്തരത്തിനും മറുരൂപത്തിനും ശക്തിപ്പെടുത്തലിനും ആവശ്യമുള്ളവരായി കാണുന്നു.

**W.E. NUNNALLY**, Springfield, Missouri



രുടെ കാലമായപ്പോഴേക്കും ജനങ്ങൾ വിജാതിയരുടെ ചിന്താഗതിയിലേക്കു വഴുതിവീണു. പ്രവാചകന്മാർ അവരുടെ കാലത്തെ വിജാതീയരുടെ ചിന്താഗതികളെ തിരുത്തുവാൻ ശ്രമിച്ചു. എന്നാൽ യേശുവിന്റെ കാലമായപ്പോഴേക്കും ആളുകൾ പിന്നെയും വിജാതീയ ചിന്താഗതിയിലേക്ക് വഴുതിവീണു.ഇന്നത്തെ സഭയ്ക്ക് മോശെയുടെയും പ്രവാചകന്മാരുടെ യേശുവിന്റെയും അപ്പൊസ്തൊലന്മാരുടെയും സാക്ഷ്യം ഉമ്ട്. പുതിയ നിയമവും അതോടൊപ്പംതന്നെ ആത്മാവിൻെറ വരങ്ങളും നല്കപ്പെട്ടിരിക്കുന്നു. ഇതിൽ വിവേചനത്തിന്റെ വരം എടുത്തു പറയതക്കതാണ്. എന്നാൽ നല്ലൊരു ശതമാനം കരിസ്മാറ്റിക് സഭകളും പെന്തക്കൊസ്തു സഭകളും വിജാതിയ ചിന്തകളിലേക്ക് വഴുതി വീണിരിക്കുന്നു.

### ക്രൂശിന്റെ പര്യാപ്തയെ ഉറപ്പാക്കുക

ആദിമ സഭയെപ്പോലെ 21-ാം നൂറാണ്ടു സഭയിൽ യേശുവിന്റെ യാഗം പര്യാപ്തമായതെന്ന് സംശയമെന്യെ ഉറപ്പാക്കണം. വൈരുദ്ധ്യങ്ങൾക്കു ഭയക്കാതെ പൗലോസ് ഇപ്രകാരം പറയുന്നു. അത്രിമങ്ങളിലും പരിച്ഛേദനം ഏൽക്കാത്ത പാപപ്രകൃതിയിലും മരിച്ചവരായ നിങ്ഹളെ ദൈവം ക്രിസ്തുവിനോടുകൂടെ ഉയിർപ്പിച്ചു. അതിക്രമങ്ങളെല്ലാം നമ്മോടു ക്ഷമിച്ചു. ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കൈയ്യെഴുത്ത് അവിടുന്ന് മായിച്ചു കളയുകയും ക്രൂശിൽ തറച്ച് നമ്മുടെ മദ്ധ്യത്തിൽ നിന്ന് നീക്കികളയുകയും ചെയ്തു. അവിടുന്ന് വാഴ്ചകളെയും അധികാരങ്ങളെയും നിരായുധരാക്കി. ക്രൂശിൽ അവയുടെമേൽ ജയോത്സവം കൊണ്ടാ, അവയെ പരസ്യമായ കാഴ്ചയാക്കി (കൊലൊ. 2 13 -15,) യേശുവിന്റെ മറുവിലയായ മരണത്താൽ നമ്മുടെ പാപകടങ്ങളെല്ലാം രദ്ദുചെയ്യപ്പെട്ടുവെന്ന് പൗലൊസ് ഇവിടെ തെളിവാക്കുന്നു. മാത്രംല്ല നമ്മെ പാപത്തിന് അടിമപ്പെടുത്തിയിരിക്കുന്ന വല്ലഭത്വങ്ങളൊടും അധികാരങ്ങളോടും നമ്മെ ജയമുള്ളവരാക്കി അവരെ നിരായുധരാക്കി അവരെ തോല്പിച്ചു. യേശുവിന്റെ യാഗം തങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് മനസിൽ ഏറ്റുകൊണ്ടവർക്ക് പാപക്ഷമ മാത്രമല്ല, പിശാചിന്റെ എതിർപ്പുകളിൽ നിന്നും വിടുതൽ ലഭിക്കുന്നു. പാട്ടുകാരനായ കൊറേഷ്യൊ സ്പാഫോഡ് ഇറ്റ് ഈസ് വെൽ വിത്ത് മൈ സോൾ എന്ന ഗാനശകല ത്തിൽ പൗലൊസ് പറയുന്നതിന് സമ്മതിക്കുന്നു.

ഈ മഹത്വമുള്ള ചിന്ത എത്രഇമ്പമായിരിക്കുന്നു
എന്റെ പാപത്തിന്റെ അംശങ്ങളല്ല
അതു മുഴുവനും
ക്രീശിൽ ആണിയാൽ തറക്കപ്പെട്ടിരിക്കുന്നു
ഇനിമേൽ ഞാനതുചുമക്കേണ്ടതില്ല
കർത്താവിനു സ്തോത്രം
എൻ മനമോ കർത്താവിനു സ്തോത്രം ചെയ്ക.

ഇതുപോലെതന്നെ ചാൾസ് വസ്ലിയും *ഒ ഫോർ എ തൗസന്റ് ടങ്ക് റ്റു സിംഗ്* എന്നതിന്റെ ഗാനശകലത്തിൽ 2000 വർഷങ്ങ്ഹൾക്കു മുമ്പേ അപ്പൊസ്തൊലൻ നല്കിയ അതേ വാർത്തതന്നെ കുറിച്ചിരിക്കുന്നു.

യേശുവിൻ നാമം നമ്മുടെ ഭയങ്ങളെ പോക്കുന്നു
നമ്മുടെ ദുഃഖങ്ങൾ തീർന്നു പോകുന്നു.
പാപികളുടെ കാതുകളിൽ ഇത് മധുര സംഹീതമാകുന്നു
അതു തന്നെ ജീവൻ ആരോഗ്യം സമാധാനം അവിടുന്ന് റദ്ദു ചെയ്യപ്പെട്ട പാപത്തിന്റെ ശക്തിയെ ഇല്ലാതെയാക്കുന്നു
അവിടുന്ന് തുറങ്കലിൽ അടയ്ക്കപ്പെട്ടവനെ വിടുവിക്കുന്നു
അവിടുത്തെ രക്തം ഏത് അശുദ്ധനെയും വിശുദ്ധീകരിക്കുന്നു
അവിടുത്തെ രക്തം എനിക്കായി ചിന്തപ്പെട്ടു.

### ഉപസംഹാരം

ഇപ്രകാരമെങ്കിൽ കാര്യത്തിന്റെ സമാപ്തി എന്താണ്? പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും എന്ന യേശുപറഞ്ഞത് അതിന്റെ തികഞ്ഞ അർത്ഥത്തൊടുകൂടെയാണ്. ■



**ഡബ്ല്യൂ. ഇ. നന്നാലി** സ്പ്രിംങ് ഫീൽഡിലെ ഇവാഞ്ചൽ യൂണിവേഴ്സിറ്റിയിലെ ഏർളി യൂദായിസം ആന്റ് ക്രിസ്ത്യൻ ഒർജിൻ എന്ന വിഷയത്തിൽ പ്രൊഫസറാണ്.